# യോഹന്നാൻ

*വചനം ശരീരമായിത്തീർന്നു*

**1** ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം
ദൈവത്തോടുകൂടെ ആയിരുന്നു; വചനം
ദൈവമായിരുന്നു. 2അവിടുന്ന് ആദിയിൽ
ദൈവത്തോടുകൂടെ ആയിരുന്നു.
3സകലവും വചനം മുഖാന്തരം ഉളവായി;
ഉളവായതൊന്നും അവിടുത്തെക്കൂടാതെ
ഉളവായതല്ല. 4വചനത്തിൽ ജീവൻ ഉണ്ടാ
യിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചം ആയി
രുന്നു. 5വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു;
ഇരുളോ അതിനെ കീഴടക്കിയില്ല. [a]
6ദൈവം അയച്ച ഒരു മനുഷ്യൻ വന്നു;
അദ്ദേഹത്തിൻെറ പേർ യോഹന്നാൻ എന്നാ
യിരുന്നു. 7അദ്ദേഹം സാക്ഷ്യം വഹിക്കുവാൻ,
താൻ മുഖേന സകല മനുഷ്യരും വിശ്വസിക്കേ
ണ്ടതിന്, ആ വെളിച്ചത്തെക്കുറിച്ച് സാക്ഷ്യം
വഹിക്കുവാൻ തന്നേ, വന്നു. 8അദ്ദേഹം വെളിച്ചം
ആയിരുന്നില്ല; വെളിച്ചത്തിനു സാക്ഷിയായി
മാത്രമാണ് അദ്ദേഹം വന്നത്.
9ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന
സത്യവെളിച്ചം ലോകത്തിലേക്കു വന്നു
കൊണ്ടിരുന്നു. [b]
10അവിടുന്നു ലോകത്തിൽ ഉണ്ടായിരുന്നു;
ലോകം ഉളവായതിനു ഹേതു അവിടുന്നുതന്നേ;
എങ്കിലും ലോകം അവിടുത്തെ തിരിച്ചറിഞ്ഞില്ല.
11അവിടുന്നു സ്വന്തമായതിലേക്കു വന്നു;
എന്നാൽ സ്വന്തക്കാർ അവിടുത്തെ സ്വീകരിച്ചില്ല.
12തന്നെ കൈക്കൊണ്ടു തൻെറ നാമത്തിൽ
വിശ്വസിക്കുന്ന എല്ലാവർക്കും ദൈവമക്കൾ
ആകുവാൻ അവിടുന്ന് അധികാരം കൊടുത്തു.
13അവർ വംശപരമ്പരയാലോ[c] ജഡേച്ഛ
യാലോ മനുഷ്യഹിതത്താലോ ജനിച്ചവരല്ല;
പിന്നെയോ, ദൈവത്തിൽ നിന്നു ജനിച്ചവരത്രേ.
14വചനം ശരീരമായിത്തീർന്നു നമ്മുടെ
ഇടയിൽ പാർത്തു. ഞങ്ങൾ അവിടുത്തെ
തേജസ്സ്, പിതാവിൻെറ അടുക്കൽനിന്നു കൃപയും
സത്യവും നിറഞ്ഞവനായി വന്ന ഏകജാതൻെറ
തേജസ്സു തന്നേ, കണ്ടിരിക്കുന്നു.
15യോഹന്നാൻ അദ്ദേഹത്തെക്കുറിച്ചു
സാക്ഷ്യം വഹിച്ചുകൊണ്ട് ഇങ്ങനെ ഉദ്ഘോ
ഷിച്ചു: "എൻെറ പിന്നാലെ വരുന്നവൻ
എനിക്കുമുമ്പേ ഉള്ളവനാകയാൽ എന്നെക്കാൾ
ശ്രേഷ്ഠൻ എന്നു ഞാൻ പറഞ്ഞയാൾ ഇദ്ദേഹം
തന്നെ." 16അവിടുത്തെ നിറവിൽ നിന്നു
നമുക്കേവർക്കും കൃപമേൽകൃപ ലഭിച്ചിരിക്കുന്നു.
17എന്തെന്നാൽ ന്യായപ്രമാണം മോശെ
മുഖേന നല്കപ്പെട്ടു; കൃപയും സത്യവും യേശു
ക്രിസ്തു മുഖേന വന്നു. 18ദൈവത്തെ ആരും
ഒരിക്കലും കണ്ടിട്ടില്ല; പിതാവിനോടു ചേർ
ന്നിരിക്കുന്ന ദൈവമായ ഏകജാതൻ[d]
അവിടുത്തെ വെളിപ്പെടുത്തിയിരിക്കുന്നു.

*താൻ ക്രിസ്തു അല്ല എന്നു*
*യോഹന്നാൻസ്നാപകൻ*

19താങ്കൾ ആരാകുന്നു എന്നു യോഹന്നാ
നോടു ചോദിക്കാൻ യെരൂശലേമിലെ യഹൂദർ
പുരോഹിതന്മാരെയും ലേവ്യരെയും അയച്ച
പ്പോൾ, അദ്ദേഹത്തിൻെറ സാക്ഷ്യം ഇതായി
രുന്നു: 20 "ഞാൻ ക്രിസ്തു അല്ല" ഒട്ടും മടി
ക്കാതെ അദ്ദേഹം ഏറ്റുപറഞ്ഞു.
21"താങ്കൾ ആരാകുന്നു? ഏലിയാവോ?" അവർ
ചോദിച്ചു. "അല്ല" അദ്ദേഹം പറഞ്ഞു.
"താങ്കൾ ആ പ്രവാചകനോ?"
"അല്ല" അദ്ദേഹം വീണ്ടും പറഞ്ഞു.
22ഒടുവിലായി അവർ ഇങ്ങനെ ചോദിച്ചു.
"എങ്കിൽ താങ്കൾ ആരാണ്? ഞങ്ങളെ
അയച്ചവരോടു പറയേണ്ടതിനു ഞങ്ങൾക്ക് ഒരു
മറുപടി തന്നാലും. താങ്കളെക്കുറിച്ചു താങ്കൾ ത
ന്നെ എന്തു പറയുന്നു?"
23അതിനു യോഹന്നാൻ യെശയ്യാപ്രവാ
ചകൻെറ വാക്കുകളിലൂടെ ഉത്തരം പറഞ്ഞു:
"കർത്താവിനുവേണ്ടി വഴി നേരെയാക്കുവിൻ
എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ
ശബ്ദമാണു ഞാൻ." [e]

[a] 5 അഥവാ *ഗ്രഹിച്ചില്ല.* [b] 9 അഥവാ, *ലോകത്തിലേക്കു വരുന്ന ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ഇതായിരുന്നു.* [c] 13 ഗ്രീക്കിൽ, *രക്തത്താലോ* [d] 18ചില കയ്യെഴുത്തു പ്രതികളിൽ, *ചേർന്നിരിക്കുന്ന ഏകജാതനായ പുത്രൻ* [e] 23യെശയ്യാവ് 40:3

24അയയ്ക്കപ്പെട്ടിരുന്ന ചില പരീശന്മാർ:
25"താങ്കൾ ക്രിസ്തുവോ, ഏലിയാവോ ആ
പ്രവാചകനോ അല്ലെങ്കിൽ പിന്നെ എന്തുകൊണ്ട്
സ്നാനം കഴിപ്പിക്കുന്നു?" എന്നു ചോദിച്ചു.
26അതിനു യോഹന്നാൻ: "ഞാൻ വെള്ളം
കൊണ്ടു[a]സ്നാനം കഴിപ്പിക്കുന്നു; എന്നാൽ
നിങ്ങൾ അറിയാത്ത ഒരാൾ നിങ്ങളുടെ ഇടയിൽ
നില്ക്കുന്നുണ്ട്. 27അദ്ദേഹമാണ് എന്റെ
പിന്നാലെ വരുന്നവൻ; അദ്ദേഹത്തിന്റെ
ചെരിപ്പിന്റെ വാറ് അഴിക്കുവാൻ ഞാൻ
യോഗ്യനല്ല" എന്ന് ഉത്തരം പറഞ്ഞു.
28ഇതെല്ലാം, യോഹന്നാൻ സ്നാനം
കഴിപ്പിച്ചുകൊണ്ടിരുന്ന യോർദ്ദാന്റെ മറുകര
യിലുള്ള ബേഥാന്യയിൽ സംഭവിച്ചു.

*യേശു ദൈവത്തിന്റെ കുഞ്ഞാട്*

29പിറ്റേന്നാൾ യേശു തന്റെ അടുക്കലേക്കു
വരുന്നതു കണ്ടിട്ട് യോഹന്നാൻ പറഞ്ഞു: "ഇതാ,
ലോകത്തിന്റെ പാപം ചുമന്നു നീക്കുന്ന
ദൈവത്തിന്റെ കുഞ്ഞാട്! 30എന്റെ പിന്നാലെ
വരുന്നവൻ എനിക്കു മുമ്പേ ഉള്ളവനാകയാൽ
എന്നെക്കാൾ ശ്രേഷ്ഠൻ എന്നു ഞാൻ പറഞ്ഞത്
ഇദ്ദേഹത്തെപ്പറ്റിയാണ്. 31ഞാൻ തന്നേയും
അദ്ദേഹത്തെ മനസ്സിലാക്കിയില്ല. എന്നാൽ
അദ്ദേഹം യിസ്രായേലിനു വെളിപ്പെ
ടേണ്ടതിനാണു ഞാൻ വെള്ളംകൊണ്ടു സ്നാനം
കഴിപ്പിക്കാൻ വന്നത്."
32യോഹന്നാൻ ഇങ്ങനെ സാക്ഷ്യം തുടർന്നു:
"ആത്മാവു പ്രാവുപോലെ സ്വർഗ്ഗത്തിൽനിന്ന്
ഇറങ്ങിവരുന്നതും അദ്ദേഹത്തിന്റെമേൽ
ആവസിക്കുന്നതും ഞാൻ കണ്ടു. 33ഞാൻ
അദ്ദേഹത്തെ തിരിച്ചറിയാതെ പോകുമായിരുന്നു;
എന്നാൽ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുവാൻ
എന്നെ അയച്ചവൻ എന്നോട്: "ആരുടെമേൽ
ആത്മാവ് ഇറങ്ങിവന്ന് ആവസിക്കുന്നതു നീ
കാണുമോ അവൻ പരിശുദ്ധാത്മാവിനാൽ
സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു" എന്നു
പറഞ്ഞിരുന്നു. 34ഞാൻ അതു കാണുകയും
അദ്ദേഹം ദൈവപുത്രനാണെന്നു സാക്ഷ്യ
പ്പെടുത്തുകയും ചെയ്തിരിക്കുന്നു.

*യേശുവിന്റെ ആദ്യശിഷ്യന്മാർ*

35പിറ്റേ ദിവസം യോഹന്നാൻ തന്റെ
ശിഷ്യന്മാരിൽ രണ്ടുപേരുമായി വീണ്ടും അവിടെ
നില്ക്കുകയായിരുന്നു. 36അപ്പോൾ, യേശു
പോകുന്നതു കണ്ട് അദ്ദേഹം "ഇതാ,
ദൈവത്തിന്റെ കുഞ്ഞാട്!" എന്നു പറഞ്ഞു.
37ഇതു കേട്ട് ആ ശിഷ്യന്മാർ രണ്ടുപേരും
യേശുവിനെ അനുഗമിച്ചു. 38യേശു തിരിഞ്ഞ്
അവർ തന്റെ പിന്നാലെ വരുന്നതു കണ്ട്
അവരോട്: "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?"
എന്നു ചോദിച്ചു.
അവർ "റബ്ബീ (എന്നുവച്ചാൽ ഗുരോ) അങ്ങ്
എവിടെ പാർക്കുന്നു?" എന്നു ചോദിച്ചു.
39 "വന്നു കാണുവിൻ" അദ്ദേഹം മറുപടി
പറഞ്ഞു.
അങ്ങനെ അവർ ചെന്ന് അദ്ദേഹം പാർത്തി
രുന്ന സ്ഥലം കാണുകയും അന്ന് അദ്ദേഹ
ത്തോടുകൂടെ പാർക്കുകയും ചെയ്തു. അപ്പോൾ
സമയം ഏകദേശം പത്താംമണിക്കൂർ ആയിരുന്നു.
40യോഹന്നാൻ പറഞ്ഞതുകേട്ട് യേശുവിനെ
അനുഗമിച്ച രണ്ടു പേരിൽ ഒരാൾ ശിമോൻ
പത്രൊസിന്റെ സഹോദരനായ അന്ത്രെയാസ്
ആയിരുന്നു. 41അന്ത്രെയാസ് ആദ്യംതന്നേ
തന്റെ സഹോദരനായ ശിമോനെ ചെന്നുകണ്ട്,
"ഞങ്ങൾ മശീഹയെ അതായത് ക്രിസ്തുവിനെ
കണ്ടെത്തിയിരിക്കുന്നു" എന്നു പറഞ്ഞു.
42അയാൾ ശിമോനെ യേശുവിന്റെ അടുക്കൽ
കൊണ്ടുചെന്നു.
യേശു അയാളെ നോക്കി പറഞ്ഞു:
"നീ യോഹന്നാന്റെ മകനായ ശിമോൻ
ആകുന്നു. നിനക്കു കേഫാ എന്നു പേരാകും."
കേഫാ എന്ന വാക്കിനു പത്രൊസ് എന്നാ
ണർത്ഥം.[b]

*യേശു ഫിലിപ്പൊസിനെയും*
*നഥനയേലിനെയും വിളിക്കുന്നു*

43പിറ്റേ ദിവസം യേശു ഗലീലയ്ക്കു പോകു
വാൻ നിശ്ചയിച്ചു. അദ്ദേഹം ഫിലിപ്പൊസിനെ
കണ്ട്, "എന്നെ അനുഗമിക്കുക" എന്ന് അയാ
ളോടു പറഞ്ഞു.
44ഫിലിപ്പൊസ് അന്ത്രെയാസിനെയും
പത്രൊസിനെയുംപോലെ ബേത്ത്സയിദ
പട്ടണത്തിൽനിന്നുള്ളവൻ ആയിരുന്നു.
45ഫിലിപ്പൊസ് നഥനയേലിനെ കണ്ട്
അയാളോടു പറഞ്ഞു: "മോശെ ന്യായ
പ്രമാണത്തിലും പ്രവാചകന്മാർ അവരുടെ
ലിഖിതങ്ങളിലും എഴുതിയിരിക്കുന്നവനെ
ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു - അതു
യോസേഫിന്റെ പുത്രനായ നസറെത്തിലെ
യേശു തന്നേ."
46"നസറെത്തോ! അവിടെനിന്നു വല്ല നന്മയും
വരുമോ?" നഥനയേൽ ചോദിച്ചു. " വന്നു
കാണുക" ഫിലിപ്പൊസ് മറുപടി പറഞ്ഞു.
47നഥനയേൽ തന്റെ അടുക്കലേക്കു
വരുന്നതു കണ്ട് യേശു പറഞ്ഞു: "ഇതാ, ഒരു
യഥാർത്ഥ യിസ്രായേല്യൻ; ഇയാളിൽ യാതൊരു
കാപട്യവും ഇല്ല."

[a] 26 അഥവാ *വെള്ളത്തിൽ* 31, 33 വാക്യങ്ങളും കാണുക. [b] 42 *കേഫാ,* (അരാമ്യപദം), *പത്രൊസ്* (ഗ്രീക്ക്) എന്നിവയുടെ അർത്ഥം *പാറ* എന്നാണ്.

48"അവിടുന്ന് എന്നെ എങ്ങനെ അറിയും?
"നഥനയേൽ ചോദിച്ചു. "ഫിലിപ്പൊസ് നിന്നെ
വിളിക്കുന്നതിനുമുമ്പ് നീ അത്തിമരത്തിനു
കീഴിലിരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു" എന്ന്
യേശു ഉത്തരം പറഞ്ഞു.
49"റബ്ബീ, അങ്ങു ദൈവപുത്രൻ; അങ്ങാണ്
യിസ്രായേലിൻെറ രാജാവ്" നഥനയേൽ
പ്രസ്താവിച്ചു.
50അതിന് യേശു, "ഞാൻ നിന്നെ
അത്തിമരത്തിൻെറ കീഴിലിരിക്കുന്നതായി കണ്ടു
എന്നു പറഞ്ഞതുകൊണ്ടു നീ വിശ്വസിക്കുന്നു.[a]
അതിലും വലിയ കാര്യങ്ങൾ നീ കാണും" എന്ന്
ഉത്തരം പറഞ്ഞു. 51അവിടുന്നു തുടർന്നു
പറഞ്ഞു: "സത്യമായി സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു: സ്വർഗ്ഗം തുറന്നി
രിക്കുന്നതും ദൈവദൂതന്മാർ കയറുന്നതും
മനുഷ്യപുത്രൻെറമേൽ ഇറങ്ങുന്നതും നിങ്ങൾ
കാണും."

*യേശു വെള്ളം വീഞ്ഞാക്കുന്നു*

2 മൂന്നാം ദിവസം ഗലീലയിലെ കാനായിൽ
ഒരു വിവാഹം നടന്നു. യേശുവിൻെറ അമ്മ
അവിടെ ഉണ്ടായിരുന്നു. 2യേശുവിനെയും
ശിഷ്യന്മാരെയും വിവാഹത്തിനു ക്ഷണിച്ചിരുന്നു.
3വീഞ്ഞു തികയാതെ വന്നപ്പോൾ യേശുവിൻെറ
അമ്മ, "അവർക്കു വീഞ്ഞു തീർന്നുപോയി"
എന്നു യേശുവിനോടു പറഞ്ഞു.
4അതിന് യേശു: "സ്ത്രീയേ, എന്നെ ഇതിൽ
എന്തിനു ബന്ധപ്പെടുത്തുന്നു? എൻെറ സമയം
ഇതുവരെയും വന്നിട്ടില്ല" എന്ന് ഉത്തരം പറഞ്ഞു.
5യേശുവിൻെറ അമ്മ വേലക്കാരോട്:
"അദ്ദേഹം നിങ്ങളോട് എന്തു കല്പിച്ചാലും അതു
ചെയ്യുവിൻ" എന്നു പറഞ്ഞു.
6അവിടെ യഹൂദർ ആചാരപരമായ
ശുദ്ധീകരണത്തിനു വെള്ളം നിറയ്ക്കാൻ
ഉപയോഗിച്ചിരുന്നതും എഴുപത്തഞ്ചു മുതൽ
നൂറ്റിപ്പതിനഞ്ചുവരെ ലിറ്റർ കൊള്ളുന്നതുമായ
ആറു കല്ഭരണികൾ ഉണ്ടായിരുന്നു.
7യേശു വേലക്കാരോട്: " ഈ ഭരണികളിൽ
വെള്ളം നിറയ്ക്കുവിൻ"എന്നു പറഞ്ഞു; അവർ
വക്കുവരെ കോരി നിറച്ചു.
8"ഇപ്പോൾ കുറച്ചു പകർന്നെടുത്തു
കലവറക്കാരനു കൊടുക്കുക"എന്ന് അദ്ദേഹം
കല്പിച്ചു.
അവർ അങ്ങനെ ചെയ്തു. 9കലവറക്കാരൻ
വീഞ്ഞായിത്തീർന്ന വെള്ളം രുചിച്ചുനോക്കി.
അത് എവിടെനിന്നെന്നു വേലക്കാർക്ക്
അറിയാമായിരുന്നെങ്കിലും അയാൾക്ക്
അറിഞ്ഞുകൂടായിരുന്നു. അയാൾ മണവാളനെ
അരികിൽ വിളിച്ചു പറഞ്ഞു: 10എല്ലാവരും അതി
ഥികൾക്ക് ആദ്യം നല്ല വീഞ്ഞും, ഏറെ കുടിച്ചു
കഴിയുമ്പോൾ താണതരം വീഞ്ഞും വിളമ്പുന്നു;
എന്നാൽ താങ്കൾ ഏറ്റവും നല്ലതു സൂക്ഷിച്ചു
വച്ചിരുന്നല്ലോ.
11യേശു ഗലീലയിലെ കാനായിൽവച്ച്
അടയാളങ്ങളുടെ ആരംഭമായി ഇതു ചെയ്തു.
അങ്ങനെ അവിടുന്ന് തൻെറ മഹത്ത്വം
വെളിപ്പെടുത്തി. ശിഷ്യന്മാർ അദ്ദേഹത്തിൽ
വിശ്വസിച്ചു.

*യേശു ദൈവാലയം ശുദ്ധീകരിക്കുന്നു*

12അനന്തരം അവിടുന്നു തൻെറ അമ്മയോടും
സഹോദരന്മാരോടും ശിഷ്യന്മാരോടും കൂടെ
കഫർന്നഹൂമിലേക്ക് പോയി. അവിടെ അവർ
ഏതാനും ദിവസം താമസിച്ചു.
13യഹൂദരുടെ പെസഹാ സമീപിച്ചിരുന്നതു
കൊണ്ട് യേശു യെരൂശലേമിലേക്കു പോയി.
14ദൈവാലയാങ്കണത്തിൽ ആടുമാടുകൾ,
പ്രാവുകൾ എന്നിവ വില്ക്കുന്നവരെയും
മേശകൾക്കരികിലിരുന്നു നാണയം മാറിക്കൊ
ടുക്കുന്നവരെയും അദ്ദേഹം കണ്ടു. 15അപ്പോൾ
യേശു കയറുകൊണ്ട് ഒരു ചാട്ട ഉണ്ടാക്കി,
അവരെയും ആടുമാടുകളെയും എല്ലാം
ദൈവാലയപരിസരത്തുനിന്നു പുറത്താക്കി;
നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറി
ക്കുകയും അവരുടെ മേശകൾ മറിച്ചിടുകയും
ചെയ്തു. 16പ്രാവുകളെ വില്ക്കുന്നവ
രോട്,"ഇവിടെനിന്ന് ഇവയെ കൊണ്ടുപോകു
വിൻ, എൻെറ പിതാവിൻെറ ഭവനം ഒരു
ചന്തസ്ഥലമാക്കരുത്" എന്നു പറഞ്ഞു.
17അപ്പോൾ അദ്ദേഹത്തിൻെറ ശിഷ്യന്മാർ,
"നിൻെറ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത
എന്നെ ദഹിപ്പിച്ചുകളയുന്നു" [b] എന്നുള്ള തിരു
വെഴുത്ത് ഓർത്തു.
18യഹൂദർ അദ്ദേഹത്തോട്: " താങ്കൾക്ക്
ഇതെല്ലാം ചെയ്യുവാൻ എന്തധികാരം? അതു
തെളിയിക്കുവാൻ എന്ത് അടയാളമാണു താങ്കൾ
കാണിച്ചു തരുന്നത്?" എന്നു ചോദിച്ചു.
19അതിന് യേശു അവരോട്, "ഈ മന്ദിരം
നശിപ്പിക്കുവിൻ; ഞാൻ അതു മൂന്നു
ദിവസത്തിനകം പണിതുയർത്തും" എന്ന് ഉത്തരം
പറഞ്ഞു.
20യഹൂദർ അദ്ദേഹത്തോടു പറഞ്ഞു: "ഈ
മന്ദിരം പണിയുന്നതിനു നാല്പത്താറു
സംവത്സരം വേണ്ടിവന്നു; താങ്കൾ അതു കേവലം
മൂന്നു ദിവസംകൊണ്ടു പണിയുമെന്നോ ? "
21എന്നാൽ അവിടുന്നു സ്വന്തം ശരീരം എന്ന
മന്ദിരത്തെക്കുറിച്ചായിരുന്നു പറഞ്ഞത്. 22യേശു

*a* 50അഥവാ, *പറഞ്ഞതുകൊണ്ടാണോ നീ വിശ്വസിക്കുന്നത്?* *b* 17 സങ്കീർത്തനം 69: 9

മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റശേഷം,
അവിടുന്നു പറഞ്ഞിരുന്ന ഈ കാര്യം ശിഷ്യന്മാർ
ഓർത്തു. അപ്പോൾ അവർ തിരുവെഴുത്തും
യേശുവിൻെറ വചനവും വിശ്വസിച്ചു.

23പെസഹാപെരുന്നാളിൽ യെരൂശലേമിൽ
ആയിരുന്നപ്പോൾ യേശു ചെയ്ത അടയാളങ്ങൾ
കണ്ടു പലരും അവിടുത്തെ നാമത്തിൽ
വിശ്വസിച്ചു. [a] 24യേശുവോ എല്ലാവരെയും അറി
ഞ്ഞിരുന്നതുകൊണ്ട് സ്വയം അവരുടെ പക്കൽ
വിശ്വസിച്ചേല്പിച്ചില്ല. 25മനുഷ്യനിലുള്ളത്
എന്തെന്ന് ഗ്രഹിച്ചിരുന്നതിനാൽ മനുഷ്യനെ
ക്കുറിച്ച് അദ്ദേഹത്തിന് ആരുടെയും സാക്ഷ്യം
ആവശ്യമായിരുന്നില്ല.

### *യേശു നിക്കോദേമൊസിനെ ഉപദേശിക്കുന്നു*

3 യഹൂദരുടെ ഭരണസമിതിയിലെ അംഗ
മായ നിക്കോദേമൊസ് എന്ന് പേരുള്ള ഒരു
പരീശൻ ഉണ്ടായിരുന്നു. 2അയാൾ രാത്രിയിൽ
യേശുവിൻെറ അടുക്കൽ വന്ന്: "റബ്ബീ, അങ്ങു
ദൈവത്തിൻെറ അടുക്കൽ നിന്നു വന്ന ഒരു
ഗുരുവാണ് എന്നു ഞങ്ങൾ മനസ്സിലാക്കുന്നു.
ദൈവം കൂടെയില്ലെങ്കിൽ അങ്ങു ചെയ്യുന്ന ഈ
അടയാളങ്ങൾ ചെയ്യുവാൻ ആർക്കും സാധ്യമല്ല"
എന്നു പറഞ്ഞു.

3യേശു മറുപടി പറഞ്ഞു: "സത്യമായി,
സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും
ജനിച്ചില്ല [b]എങ്കിൽ ദൈവരാജ്യം കാണുവാൻ
ആർക്കും കഴികയില്ല."

4"പ്രായമായശേഷം ഒരു മനുഷ്യൻ
ജനിക്കുന്നത് എങ്ങനെ?" നിക്കോദേമൊസ്
ചോദിച്ചു, "രണ്ടാമതും മാതാവിൻെറ ഉദരത്തിൽ
പ്രവേശിച്ചു ജനിക്കുക സാധ്യമല്ലല്ലോ!"

5യേശു മറുപടി പറഞ്ഞു: "സത്യമായി,
സത്യമായി ഞാൻ നിന്നോടു പറയുന്നു,
വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും
ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടക്കുവാൻ
ആർക്കും കഴിയുകയില്ല. 6ശരീരം ശരീരത്തിനു
ജന്മം നല്കുന്നു; ആത്മാവിനു ജന്മം
നൽകുന്നതോ ആത്മാവാണ്. 7'നിങ്ങൾ വീണ്ടും
ജനിക്കണം' എന്നു ഞാൻ പറഞ്ഞതിൽ നീ
ആശ്ചര്യപ്പെടേണ്ടതില്ല. 8കാറ്റ് ഇഷ്ടമുള്ളേ
ടത്തേക്കു വീശുന്നു. നീ അതിൻെറ ശബ്ദം
കേൾക്കുന്നുവെങ്കിലും അത് എവിടെനിന്നു
വരുന്നുവെന്നോ എവിടേയ്ക്കു പോകുന്നു
വെന്നോ പറയുക സാധ്യമല്ല. ആത്മാവിൽനിന്നു
ജനിച്ച ഏതൊരു വ്യക്തിയും അങ്ങനെതന്നേ."

9"ഇത് എങ്ങനെ സാധിക്കും?" നിക്കോദേ
മൊസ് ചോദിച്ചു.

10"നീ യിസ്രായേലിൻെറ ഉപദേഷ്ടാവാ
യിരുന്നിട്ടും ഈ കാര്യങ്ങൾ ഗ്രഹിക്കുന്നില്ലയോ?
11സത്യമായി, സത്യമായി ഞാൻ നിന്നോടു
പറയുന്നു, ഞങ്ങൾ അറിയുന്നതിനെപ്പറ്റി
സംസാരിക്കുന്നു, ഞങ്ങൾ കണ്ടിരിക്കു
ന്നതിനെപ്പറ്റി സാക്ഷ്യം പറയുന്നു, എന്നിട്ടും
നിങ്ങൾ ഞങ്ങളുടെ സാക്ഷ്യം കൈക്കൊ
ള്ളുന്നില്ല. 12ഭൗമിക കാര്യങ്ങൾ ഞാൻ
നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കുന്നില്ല
എങ്കിൽ സ്വർഗ്ഗീയ കാര്യങ്ങൾ പറഞ്ഞാൽ
എങ്ങനെ വിശ്വസിക്കും? 13സ്വർഗ്ഗത്തിൽനിന്ന്
ഇറങ്ങിവന്ന[c] മനുഷ്യപുത്രൻ ഒഴികെ മറ്റാരും
സ്വർഗ്ഗത്തിൽ കയറിപ്പോയിട്ടില്ല. 14മോശെ
മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ
മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടതാണ്.
15അവനിൽ വിശ്വസിക്കുന്ന ഏതു വ്യക്തിയും
നിത്യജീവൻ പ്രാപിക്കേണ്ടതിനു [d]തന്നേ."

16"തൻെറ ഏകജാതനായ പുത്രനിൽ
വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ
നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ
നല്കുവാൻ തക്കവണ്ണം അത്രമാത്രം ലോകത്തെ
സ്നേഹിച്ചു. 17ദൈവം തൻെറ പുത്രനെ
ലോകത്തിലേക്ക് അയച്ചത് ലോകത്തെ കുറ്റം
വിധിക്കുവാനല്ല, അവനിലൂടെ ലോകത്തെ
രക്ഷിക്കുവാനാണ്. 18അവനിൽ വിശ്വസിക്കുന്ന
ആർക്കും ശിക്ഷാവിധി ഇല്ല; എന്നാൽ
വിശ്വസിക്കാത്തവർക്കോ, ദൈവത്തിൻെറ
ഏകജാതനായ പുത്രൻെറ നാമത്തിൽ
വിശ്വസിക്കായ്കയാൽ, ശിക്ഷാവിധി വന്നു
കഴിഞ്ഞു. 19ശിക്ഷാവിധി എന്നതോ, വെളിച്ചം
ലോകത്തിലേക്കു വന്നിട്ടും മനുഷ്യരുടെ
പ്രവൃത്തി ദോഷമുള്ളതാകയാൽ അവർ
വെളിച്ചത്തിനു പകരം ഇരുളിനെ സ്നേഹി
ച്ചതുതന്നേ. 20തിന്മ ചെയ്യുന്ന ഏതൊരാളും
വെളിച്ചത്തെ വെറുക്കുന്നു; തൻെറ പ്രവൃത്തികൾ
പരസ്യമാകും എന്ന ഭയം നിമിത്തം
വെളിച്ചത്തിലേക്കു വരുന്നതുമില്ല. 21എന്നാൽ
സത്യം അനുസരിച്ചു ജീവിക്കുന്നവർ തങ്ങളുടെ
പ്രവൃത്തി ദൈവംമുഖേന ചെയ്തതെന്നു
വെളിപ്പെടുവാൻ വെളിച്ചത്തിലേക്കു വരുന്നു."[e]

### *യേശുവിനെപ്പറ്റി യോഹന്നാൻ സ്നാപകൻെറ സാക്ഷ്യം*

22അനന്തരം യേശു ശിഷ്യന്മാരുമായി യഹൂ
ദ്യദേശത്തെത്തി അവരോടുകൂടെ പാർത്തു
സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു. 23യോഹ
ന്നാൻ ശലീമിനടുത്തുള്ള ഐനോനിൽ സ്നാനം
കഴിപ്പിച്ചുപോന്നു. അവിടെ വെള്ളം

[a] 23 അഥവാ *പലരും അദ്ദേഹത്തെ വിശ്വസിച്ചു.* [b] 3 അഥവാ *ഉയരത്തിൽനിന്നു ജനിച്ചില്ല.* 7-ാം വാക്യവും കാണുക. [c] 13 അഥവാ *ഇറങ്ങിവന്ന, സ്വർഗ്ഗത്തിലുള്ള* [d] 15 അഥവാ, *അവനിൽ നിത്യജീവൻ പ്രാപിക്കേണ്ടതിന്* [e] 21 ചില വേദവ്യാഖ്യാനങ്ങളിൽ ഉദ്ധരണി 15-ാം വാക്യത്തിൽ അവസാനിക്കുന്നു.

സുലഭമായിരുന്നു, ജനങ്ങൾ സ്നാനം
ഏല്ക്കുവാൻ വന്നുകൊണ്ടിരുന്നു. 24ഇത്
യോഹന്നാനെ തടവിലാക്കുന്നതിനുമുമ്പായി
രുന്നു. 25യോഹന്നാൻെറ ശിഷ്യന്മാരിൽ ചിലർക്ക്
ആചാരപരമായ ശുദ്ധീകരണത്തെപ്പറ്റി ഒരു
യഹൂദനുമായി[a] തർക്കം ഉണ്ടായി. 26അവർ
യോഹന്നാൻെറ അടുക്കൽ വന്ന് അദ്ദേഹത്തോടു
പറഞ്ഞു: " റബ്ബീ, യോർദ്ദാൻെറ മറുകരയിൽ
അങ്ങയോടുകൂടെ ഉണ്ടായിരുന്ന ആ മനുഷ്യൻ
-അങ്ങു സാക്ഷ്യപ്പെടുത്തിയിട്ടുള്ളവൻ - സ്നാനം
കഴിപ്പിച്ചു കൊണ്ടിരിക്കുന്നു; എല്ലാവരും അദ്ദേഹ
ത്തിൻെറ അടുക്കലേക്കു പോകുന്നു."

27യോഹന്നാൻ മറുപടി പറഞ്ഞു:
"സ്വർഗ്ഗത്തിൽനിന്നു നല്കുന്നതു മാത്രമേ
മനുഷ്യനു സ്വീകരിക്കാൻ കഴിയൂ. 28ഞാൻ
ക്രിസ്തു അല്ലെന്നും അദ്ദേഹത്തിനു മുമ്പേ
അയക്കപ്പെട്ടവൻ മാത്രമാണെന്നും പറഞ്ഞിട്ടു
ള്ളതിനു നിങ്ങൾ സാക്ഷികളാണല്ലോ. 29മണ
വാട്ടിയുള്ളവനാണ് മണവാളൻ. മണവാളൻെറ
തോഴൻ മണവാളൻെറ സ്വരം കേട്ട് അത്യധികം
ആനന്ദിക്കുന്നു; ആ ആനന്ദമാണ് എനിക്കുള്ളത്;
അത് ഇപ്പോൾ പൂർണ്ണമായിരിക്കുന്നു.
30അവിടുന്നു വളരണം, ഞാനോ കുറയണം."

31"ഉയരത്തിൽനിന്നു വരുന്നവൻ എല്ലാവ
രിലും ഉയർന്നവൻ; ഭൂമിയിൽ നിന്നുള്ളവനോ
ഭൗമികനാകുന്നു; അവൻ ഭൗമികമായതു
സംസാരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നു വരുന്നവൻ
എല്ലാവരിലും ഉന്നതനാകുന്നു. 32താൻ കണ്ടതും
കേട്ടതുമായ കാര്യങ്ങൾക്ക് അദ്ദേഹം സാക്ഷ്യം
വഹിക്കുന്നു. എന്നാൽ അദ്ദേഹത്തിൻെറ
സാക്ഷ്യം ആരും സ്വീകരിക്കുന്നില്ല. 33അതു
സ്വീകരിക്കുന്നവനോ ദൈവം സത്യവാൻ എന്നത്
സ്ഥിരീകരിക്കുന്നു. 34എന്തെന്നാൽ ദൈവം
അയച്ചിരിക്കുന്നവൻ ദൈവത്തിൻെറ വചനം
പ്രസ്താവിക്കുന്നു. അവിടുന്ന് ആത്മാവിനെ
അളവില്ലാതെ നല്കുന്നുവല്ലോ. 35പിതാവു
പുത്രനെ സ്നേഹിക്കുന്നു; സകലവും അവൻെറ
കൈയിൽ ഏല്പിച്ചുമിരിക്കുന്നു. 36പുത്രനിൽ
വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. പുത്രനെ
അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല;
എന്തെന്നാൽ ദൈവകോപം അവൻെറമേൽ
വസിക്കുന്നു. "[b]

### *യേശു ശമര്യസ്ത്രീയോടു സംസാരിക്കുന്നു*

4 യേശു യോഹന്നാനേക്കാൾ അധികം
ശിഷ്യരെ ചേർത്തു സ്നാനം കഴിപ്പിക്കു
ന്നുവെന്ന് പരീശന്മാർ കേട്ടു; 2വാസ്തവത്തിൽ
യേശു അല്ല, അവിടുത്തെ ശിഷ്യന്മാരാണു
സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നത്. 3ഇതറി
ഞ്ഞപ്പോൾ അദ്ദേഹം യഹൂദ്യവിട്ടു വീണ്ടും
ഗലീലയിലേക്കു പോയി.

4അദ്ദേഹത്തിനു ശമര്യയിലൂടെ കടന്നു
പോകേണ്ടിയിരുന്നു. 5അങ്ങനെ അവിടുന്നു
ശമര്യയിൽ, യാക്കോബ് തൻെറ പുത്രനായ
യോസേഫിനു നൽകിയ സ്ഥലത്തിനു
സമീപമുള്ള സുഖാർ പട്ടണത്തിൽ എത്തി.
6അവിടെ യാക്കോബിൻെറ കിണർ ഉണ്ടാ
യിരുന്നു. യേശു യാത്രാക്ഷീണത്താൽ കിണ
റ്റിനരികെ ഇരുന്നു. അപ്പോൾ ഏകദേശം
മധ്യാഹ്നമായിരുന്നു.

7ഒരു ശമര്യസ്ത്രീ വെള്ളം കോരുവാൻ അവിടെ
എത്തി; യേശു അവളോട്: "എനിക്കു കുടിക്കാൻ
തരുമോ?" എന്നു ചോദിച്ചു. 8ശിഷ്യന്മാർ
ഭക്ഷണസാധനങ്ങൾ വാങ്ങുവാൻ പട്ടണത്തിൽ
പോയിരുന്നു.

9ശമര്യസ്ത്രീ യേശുവിനോട് : "അങ്ങ് ഒരു
യഹൂദനും ഞാൻ ഒരു ശമര്യസ്ത്രീയുമായിരിക്കെ
എന്നോടു കുടിക്കാൻ ചോദിക്കുന്നത് എങ്ങനെ?"
എന്നു പറഞ്ഞു. എന്തെന്നാൽ യഹൂദർക്കു
ശമര്യരുമായി സമ്പർക്കമില്ല.[c]

10യേശു അവളോട്: "ദൈവത്തിൻെറ ദാനം
എന്തെന്നും നിന്നോടു കുടിക്കാൻ ചോദിക്കുന്നത്
ആരെന്നും അറിഞ്ഞിരുന്നുവെങ്കിൽ നീ
അയാളോടു ചോദിക്കുകയും അയാൾ ജീവനുള്ള
വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു"
എന്നു മറുപടി പറഞ്ഞു.

11സ്ത്രീ പറഞ്ഞു, "പ്രഭോ, കോരിയെടു
ക്കുവാൻ അങ്ങയുടെ കൈവശം ഒന്നുമില്ലല്ലോ,
കിണറ് ആഴമുള്ളതുമാണ്. പിന്നെ ജീവനുള്ള
വെള്ളം അങ്ങേയ്ക്ക് എവിടെനിന്നു കിട്ടും ?
12അങ്ങ് ഞങ്ങളുടെ പിതാവായ യാക്കോ
ബിനെക്കാൾ വലിയവനോ? അദ്ദേഹമാണ് ഈ
കിണറു ഞങ്ങൾക്കു തന്നത്. അദ്ദേഹവും
പുത്രന്മാരും ആടുമാടുകളും എല്ലാം ഇതിൽ
നിന്നാണ് കുടിച്ചിരുന്നത്."

13യേശു ഉത്തരം പറഞ്ഞു: " ഈ വെള്ളം
കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും;
14എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം കുടി
ക്കുന്നവനു പിന്നീടൊരിക്കലും ദാഹിക്കുകയില്ല;
ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ
നിത്യജീവനിലേക്കു നിറഞ്ഞുവരുന്ന നീരുറ
വയായിത്തീരും."

15സ്ത്രീ പറഞ്ഞു: "പ്രഭോ, ആ വെള്ളം
എനിക്കു തന്നാലും; എങ്കിൽ എനിക്കു
ദാഹിക്കാതിരിക്കും; വെള്ളം കോരുവാൻ ഞാൻ
ഇവിടെ വരേണ്ട ആവശ്യവും ഇല്ലാതാകും."

[a] 25ചില കയ്യെഴുത്തുപ്രതികളിൽ, *ചില യഹൂദരുമായി* [b] 36ചില വേദവ്യാഖ്യാനങ്ങളിൽ ഉദ്ധരണി 30-ാം വാക്യത്തിൽ അവസാനിക്കുന്നു. [c] 4:9 എന്തെന്നാൽ ശമര്യർ ഉപയോഗിച്ച പാത്രങ്ങൾ യഹൂദർ ഉപയോഗിക്കുകയില്ല.

16യേശു അവളോട്: "പോയി നിൻെറ
ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക" എന്നു
പറഞ്ഞു.

17"എനിക്കു ഭർത്താവില്ല" അവൾ മറുപടി
പറഞ്ഞു. യേശു അവളോട്: നിനക്കു ഭർത്താ
വില്ല എന്നു നീ പറയുന്നതു ശരി. 18വാസ്തവ
ത്തിൽ, നിനക്ക് അഞ്ചു ഭർത്താക്കന്മാർ
ഉണ്ടായിരുന്നു. ഇപ്പോൾ നിനക്കുള്ള പുരുഷൻ
നിൻെറ ഭർത്താവല്ല; അതിനാൽ നീ പറഞ്ഞതു
ശരിതന്നേ." എന്നു പറഞ്ഞു.

19"പ്രഭോ, അങ്ങ് ഒരു പ്രവാചകനാണെന്നു
ഞാൻ മനസ്സിലാക്കുന്നു" സ്ത്രീ പറഞ്ഞു.
20ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിലാണ്
ആരാധിച്ചിരുന്നത്. എന്നാൽ ആരാധനയ്ക്കുള്ള
സ്ഥലം യെരൂശലേം ആണെന്നു യഹൂദരായ
നിങ്ങൾ പറയുന്നുവല്ലോ?"

21യേശു പ്രസ്താവിച്ചു. "സ്ത്രീയേ, എന്നെ
വിശ്വസിക്കുക; നിങ്ങൾ പിതാവിനെ ആരാധി
ക്കുന്നത് ഈ മലയിലോ യെരൂശലേമിലോ അല്ല
എന്നുള്ള സമയം വരുന്നു. 22ശമര്യരായ നിങ്ങൾ
അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങളോ
അറിയുന്നതിനെ ആരാധിക്കുന്നു. രക്ഷ
യഹൂദരിൽ നിന്നല്ലോ വരുന്നത്. 23എന്നാൽ
സത്യാരാധകർ പിതാവിനെ ആത്മാവിലും
സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു.
ഇപ്പോൾ വന്നുമിരിക്കുന്നു. ഇങ്ങനെയുള്ള
ആരാധകരെയത്രേ പിതാവ് അന്വേഷിക്കുന്നത്.
24ദൈവം ആത്മാവാകുന്നു. ദൈവത്തെ
ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും
ആരാധിക്കണം."

25സ്ത്രീ പറഞ്ഞു: "മശീഹ അഥവാ ക്രിസ്തു
വരുന്നു എന്ന് എനിക്ക് അറിയാം. അവിടുന്നു
വരുമ്പോൾ ഞങ്ങൾക്കു സകലവും
വിശദീകരിച്ചുതരും."

26"നിന്നോടു സംസാരിക്കുന്ന ഞാൻ തന്നേ
മശീഹ" യേശു പറഞ്ഞു.

*ശിഷ്യന്മാർ മടങ്ങി എത്തുന്നു*

27അപ്പോൾ ശിഷ്യന്മാർ മടങ്ങിയെത്തി.
അദ്ദേഹം ഒരു സ്ത്രീയോടു സംസാരിച്ചു
കൊണ്ടിരിക്കുന്നതു കണ്ട് അവർ ആശ്ചര്യ
പ്പെട്ടു. എങ്കിലും അങ്ങ് എന്തു ചോദിക്കുന്നു
എന്നോ, അവളോട് എന്തിനു സംസാരിക്കുന്നു?"
എന്നോ ആരും ചോദിച്ചില്ല.

28ആ സ്ത്രീ കുടം വച്ചിട്ടു പട്ടണത്തിൽ
മടങ്ങിച്ചെന്നു ജനങ്ങളോടു പറഞ്ഞു. 29"ഞാൻ
ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും എന്നോടു
പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണുക. അദ്ദേഹം
ക്രിസ്തു ആയിരിക്കുമോ?" 30ജനങ്ങൾ പട്ട
ണത്തിൽനിന്ന് യേശുവിൻെറ അടുക്കൽ വന്നു.

31ഇതിനിടയിൽ ശിഷ്യന്മാർ, "റബ്ബീ, ആഹാരം
കഴിച്ചാലും" എന്നു അദ്ദേഹത്തെ നിർബ്ബന്ധിച്ചു.

32എന്നാൽ അദ്ദേഹം, "നിങ്ങൾ അറിയാത്ത
ആഹാരം എനിക്കു ഭക്ഷിക്കുവാനുണ്ട്" എന്നു
പറഞ്ഞു.

33"ആരെങ്കിലും അദ്ദേഹത്തിന് ആഹാരം
കൊണ്ടുവന്നു കൊടുത്തിരിക്കുമോ" എന്നു
ശിഷ്യന്മാർ പരസ്പരം പറഞ്ഞു.

34യേശു പറഞ്ഞു, " എന്നെ അയച്ചവൻെറ
ഇഷ്ടം ചെയ്ത് അവിടുത്തെ പ്രവൃത്തി
തികയ്ക്കുന്നതാണ് എൻെറ ആഹാരം. 35ഇനി
നാലു മാസം കഴിഞ്ഞാൽ കൊയ്ത്താകും എന്നു
നിങ്ങൾ പറയുന്നില്ലേ? ഞാൻ നിങ്ങളോടു
പറയുന്നു. കണ്ണുതുറന്നു വയലുകളിലേക്കു
നോക്കുക. അവ കൊയ്ത്തിനു പാകമാ
യിരിക്കുന്നു.36ഇപ്പോൾത്തന്നേ കൊയ്ത്തു
കാരൻ കൂലി വാങ്ങുകയും നിത്യജീവനിലേക്കു
വിളവു ശേഖരിക്കുകയും ചെയ്യുന്നു. അങ്ങനെ
വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒന്നിച്ചു
സന്തോഷിക്കുവാൻ ഇടയാകും. 37ഒരുവൻ
വിതയ്ക്കുന്നു, മറ്റൊരുവൻ കൊയ്യുന്നു എന്നുള്ള
പഴഞ്ചൊല്ല് ഇക്കാര്യത്തിൽ യാഥാർത്ഥ്യമാ
കുന്നു. 38നിങ്ങൾ അദ്ധ്വാനിച്ചിട്ടില്ലാത്തതു
കൊയ്യുവാൻ ഞാൻ നിങ്ങളെ അയച്ചു. മറ്റുള്ളവർ
അദ്ധ്വാനിച്ചു; അവരുടെ അദ്ധ്വാന ഫലത്തിലേക്കു
നിങ്ങൾ പ്രവേശിച്ചിരിക്കുന്നു."

*ശമര്യർ വിശ്വസിക്കുന്നു*

39"ഞാൻ ചെയ്തതൊക്കെയും അദ്ദേഹം
എന്നോടു പറഞ്ഞു" എന്നു സ്ത്രീ പറഞ്ഞ
സാക്ഷ്യംനിമിത്തം ആ പട്ടണത്തിലുള്ള
ശമര്യരിൽ പലരും അദ്ദേഹത്തിൽ വിശ്വസിച്ചു.
40അതുകൊണ്ടു തങ്ങളോടുകൂടെ വന്നു
പാർക്കണമെന്നു ശമര്യർ അദ്ദേഹത്തോട്
അപേക്ഷിച്ചു. രണ്ടു ദിവസം യേശു അവരോടു
കൂടെ പാർത്തു. 41അദ്ദേഹത്തിൻെറ വചനം
നിമിത്തം പിന്നെയും ധാരാളം പേർ വിശ്വാസിക
ളായിത്തീർന്നു. 42അവർ സ്ത്രീയോടു പറഞ്ഞു:
"നീ പറഞ്ഞതു കൊണ്ടു മാത്രമല്ല ഇനി ഞങ്ങൾ
വിശ്വസിക്കുന്നത്; ഞങ്ങൾ തന്നേ നേരിട്ടു
കേട്ടിരിക്കുന്നു; ഇദ്ദേഹം സാക്ഷാൽ
ലോകരക്ഷിതാവ് എന്നു ഞങ്ങൾക്കു ബോധ്യം
വന്നുമിരിക്കുന്നു."

*യേശു ഉദ്യോഗസ്ഥൻെറ മകനെ സൗഖ്യമാക്കുന്നു*

43രണ്ടു ദിവസം കഴിഞ്ഞു യേശു ഗലീലയ്ക്കു
പോയി. 44ഒരു പ്രവാചകനും സ്വദേശത്തു
മാനിക്കപ്പെടുന്നില്ല എന്നു യേശു തന്നേ
പറഞ്ഞിരുന്നു. 45ഗലീലയിലെത്തിയപ്പോൾ ആ
ദേശവാസികൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു.
പെസഹാപെരുന്നാളിന് അവരും പോയിരുന്നതു

കൊണ്ടു യേശു യെരൂശലേമിൽ ചെയ്തതെല്ലാം
അവർ കണ്ടിരുന്നു.
46താൻ വെള്ളം വീഞ്ഞാക്കിയ ഗലീലയിലെ
കാനാവിൽ അദ്ദേഹം വീണ്ടും വന്നു. കഫർന്ന
ഹൂമിലെ ഒരു രാജസേവകൻെറ മകൻ രോഗം
ബാധിച്ചു കിടപ്പിലായിരുന്നു. 47യേശു
യഹൂദ്യയിൽനിന്നു ഗലീലയിൽ വന്നിട്ടുണ്ടെന്നു
കേട്ട് ആ മനുഷ്യൻ അദ്ദേഹത്തിൻെറ
അടുക്കൽച്ചെന്നു മരിക്കാറായിക്കിടക്കുന്ന
മകനെ സൗഖ്യമാക്കണമെന്ന് അപേക്ഷിച്ചു.
48യേശു അയാളോടു പറഞ്ഞു: "അടയാള
ങ്ങളും അത്ഭുതങ്ങളും കണ്ടാലല്ലാതെ നിങ്ങൾ
ഒരിക്കലും വിശ്വസിക്കയില്ല."
49രാജസേവകൻ അദ്ദേഹത്തോട്: "പ്രഭോ,
എൻെറ കുഞ്ഞു മരിക്കുന്നതിനുമുമ്പു വരണമേ"
എന്നു പറഞ്ഞു.
50യേശു അയാളോട് : "പൊയ്ക്കൊള്ളുക,
നിൻെറ മകൻ ജീവിക്കും" എന്ന് ഉത്തരം പറഞ്ഞു.
ആ മനുഷ്യൻ യേശുവിൻെറ വാക്കു വിശ്വസിച്ച്
അവിടെ നിന്നും പോയി. 51വഴിമധ്യേ, മകൻ
ജീവിച്ചിരിക്കുന്നു എന്ന വാർത്തയുമായി
ദാസന്മാർ അയാളെ എതിരേറ്റു. 52മകനു സൗഖ്യം
ലഭിച്ചത് എപ്പോഴെന്നു ചോദിച്ചതിന്, "ഇന്നലെ
ഏഴുമണിക്ക് അവൻെറ പനി വിട്ടുമാറി" എന്ന്
അവർ പറഞ്ഞു.
53"നിൻെറ മകൻ ജീവിക്കും" എന്നു യേശു
പറഞ്ഞ സമയം അതുതന്നേ ആയിരുന്നുവെന്ന്
ആ പിതാവ് ഓർമ്മിച്ചു. അങ്ങനെ അയാളും
ഭവനത്തിലുള്ളവർ എല്ലാവരും വിശ്വസിച്ചു.
54യഹൂദ്യയിൽനിന്നു ഗലീലയിൽ വന്നതിനു
ശേഷം യേശു ചെയ്ത രണ്ടാമത്തെ അടയാളം
ആയിരുന്നു ഇത്.

*കുളക്കരയിലെ രോഗസൗഖ്യം*

5 അതിനുശേഷം യഹൂദരുടെ ഒരു പെരു
ന്നാളിനു യേശു യെരൂശലേമിലേക്കു പോയി.
2ബേഥെസ്ദാ[a] എന്ന് അരാമ്യഭാഷയിൽ പേരുള്ള
ഒരു കുളം യെരൂശലേമിൽ ആട്ടുവാതിലിനു
സമീപമുണ്ട്. അതിന് അഞ്ചു മണ്ഡപങ്ങളുണ്ട്.
3അവയിൽ അന്ധർ, മുടന്തർ, തളർവാതം
പിടിപെട്ടവർ എന്നിങ്ങനെ അവശരായ പലരും
കിടന്നിരുന്നു. 4[ഇടയ്ക്കിടയ്ക്ക് ഒരു ദൂതൻ
ഇറങ്ങിവന്നു വെള്ളം കലക്കും. വെള്ളം
കലങ്ങിയശേഷം ആദ്യം കുളത്തിലിറങ്ങുന്നവൻ
ഏതു രോഗം ബാധിച്ചവനായാലും സൗഖ്യം
പ്രാപിക്കും.] 5മുപ്പത്തിയെട്ടു വർഷമായി
രോഗിയായിരുന്ന ഒരാൾ അവിടെ ഉണ്ടായിരുന്നു.
6യേശു അയാളെ കണ്ട്, അയാൾ ഈ
അവസ്ഥയിൽ ആയിട്ടു വളരെക്കാലമായി എന്നു
മനസ്സിലാക്കി, അയാളോട്: "സൗഖ്യമാകുവാൻ
നീ ആഗ്രഹിക്കുന്നുവോ?" എന്നു ചോദിച്ചു.
7രോഗി മറുപടി പറഞ്ഞു: "പ്രഭോ, വെള്ളം
ഇളകുമ്പോൾ എന്നെ കുളത്തിൽ ഇറക്കുവാൻ
എനിക്ക് ആരുമില്ല. ഞാൻ ഇറങ്ങാൻ
ചെല്ലുമ്പോഴേയ്ക്ക് എനിക്കുമുമ്പേ മറ്റാരെങ്കിലും
ഇറങ്ങുന്നു."
8അപ്പോൾ യേശു അയാളോട് "എഴുന്നേറ്റ്
കിടക്കയെടുത്തു നടക്കുക" എന്നു പറഞ്ഞു.
9ഉടൻതന്നേ ആ മനുഷ്യൻ സൗഖ്യം പ്രാപിച്ചു;
കിടക്കയെടുത്തു നടന്നു. ഇതു സംഭവിച്ചത് ഒരു
ശബ്ബത്തു ദിവസമായിരുന്നു. 10അതുകൊണ്ട്
സൗഖ്യം പ്രാപിച്ച മനുഷ്യനോടു യഹൂദർ: "ഇന്നു
ശബ്ബത്തുദിവസമാകുന്നു; കിടക്കയെടുക്കുന്നതു
നിയമവിരുദ്ധമാണ്" എന്നു പറഞ്ഞു.
11എന്നാൽ അയാൾ, "എന്നെ സൗഖ്യമാ
ക്കിയവൻ എന്നോടു കിടക്കയെടുത്തു
നടക്കുവാൻ പറഞ്ഞു" എന്നു മറുപടി
നല്കി. 12അപ്പോൾ അവർ അയാളോട്:
"കിടക്കയെടുത്തു നടക്കുവാൻ നിന്നോടു
പറഞ്ഞ ആ മനുഷ്യൻ ആര്?" എന്നു ചോദിച്ചു.
13യേശു അവിടെ ഉണ്ടായിരുന്ന ജന
ക്കൂട്ടത്തിനിടയിലേക്കു മാറിപ്പോയിരുന്നതു
കൊണ്ട് അത് ആരായിരുന്നുവെന്നു സൗഖ്യം
പ്രാപിച്ച മനുഷ്യൻ അറിഞ്ഞിരുന്നില്ല.
14പിന്നീട് യേശു അയാളെ ദൈവാ
ലയത്തിൽവെച്ചു കണ്ട് : "നോക്കൂ, നിനക്കു
സൗഖ്യം ലഭിച്ചല്ലോ. കൂടുതൽ തിന്മയായതു
സംഭവിക്കാതിരിക്കാൻ ഇനി പാപം ചെയ്യരുത്"
എന്നു പറഞ്ഞു. 15ആ മനുഷ്യൻ പോയി തന്നെ
സൗഖ്യമാക്കിയത് യേശുവാണെന്നു യഹൂദ
രോടു പറഞ്ഞു.

*ജീവൻ പുത്രനിലൂടെ*

16യേശു ശബ്ബത്തിൽ ഈ കാര്യങ്ങൾ
ചെയ്തതുകൊണ്ടു യഹൂദർ അദ്ദേഹത്തെ
പീഡിപ്പിച്ചു. 17യേശു അവരോടു പറഞ്ഞു:
"എൻെറ പിതാവ് ഇന്നുവരെയും പ്രവർ
ത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു."
18അങ്ങനെ, ശബ്ബത്തു ലംഘിച്ചതുകൊണ്ടു
മാത്രമല്ല, ദൈവം സ്വന്തപിതാവ് എന്നു പറഞ്ഞു
സ്വയം ദൈവത്തോടു സമനാക്കുകയും
ചെയ്തതിനാൽ യഹൂദർ യേശുവിനെ
കൊല്ലുവാൻ അധികം യത്നിച്ചു.
19യേശു അവരോടു പറഞ്ഞു: "സത്യമായി,
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പുത്രനു
തൻെറ പിതാവ് ചെയ്തു കാണുന്നതല്ലാതെ
സ്വയം ഒന്നും ചെയ്യാൻ കഴിവില്ല. കാരണം
പിതാവു ചെയ്യുന്നതെല്ലാം പുത്രനും ചെയ്യുന്നു.
20പിതാവു പുത്രനെ സ്നേഹിക്കുകയും തൻെറ
സകല പ്രവൃത്തികളും അവനു കാണിച്ചു

[a] 2 ചില കൈയ്യെഴുത്തു പ്രതികളിൽ *ബേഥ്സദാ*, മറ്റു ചിലതിൽ *ബേഥ്സെയിദാ*.

കൊടുക്കുകയും ചെയ്യുന്നു. നിങ്ങൾ
വിസ്മയിക്കത്തക്കവിധം ഇതിലും വലിയ
കാര്യങ്ങളും അവിടുന്ന് അവനെ കാണിക്കും.
21പിതാവു മരിച്ചവരെ എഴുന്നേല്പിച്ച് അവർക്കു
ജീവൻ നല്കുന്നതുപോലെതന്നെ പുത്രനും
തനിക്ക് ഇഷ്ടമുള്ളവർക്കു ജീവൻ നല്കുന്നു.
22തന്നെയുമല്ല, എല്ലാവരും പിതാവിനെ
ബഹുമാനിക്കുന്നതുപോലെ പുത്രനെയും
ബഹുമാനിക്കേണ്ടതിനു പിതാവ് ആരെയും
വിധിക്കാതെ ന്യായവിധി എല്ലാം പുത്രനെ
ഏല്പിച്ചിരിക്കുന്നു. 23പുത്രനെ ബഹുമാ
നിക്കാത്തവൻ, അവനെ അയച്ച പിതാവിനെയും
ബഹുമാനിക്കുന്നില്ല.

24"സത്യമായി, സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, എൻെറ വചനം കേട്ട് എന്നെ
അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ
ഉണ്ട്; അവനു ശിക്ഷാവിധി ഉണ്ടാവുകയില്ല;
അവൻ മരണത്തിൽനിന്നു ജീവനിലേക്കു
കടന്നിരിക്കുന്നു.

25"സത്യമായി, സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, മരിച്ചവർ ദൈവപുത്രൻെറ ശബ്ദം
കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും
ചെയ്യുന്ന സമയം വരുന്നു, ഇപ്പോൾ
വന്നുമിരിക്കുന്നു. 26പിതാവിനു തന്നിൽത്തന്നേ
ജീവൻ ഉള്ളതുപോലെ പുത്രനും തന്നിൽത്തന്നേ
ജീവൻ ഉള്ളവനായിരിക്കുവാൻ അവിടുന്ന്
അവനും വരം നൽകിയിരിക്കുന്നു. 27അവൻ
മനുഷ്യപുത്രൻ ആകയാൽ ന്യായവിധിക്കുള്ള
അധികാരവും അവിടുന്ന് അവനു
കൊടുത്തിരിക്കുന്നു.

28"നിങ്ങൾ ഇതിൽ ആശ്ചര്യപ്പെടരുത്;
ശവക്കുഴികളിലുള്ളവർ എല്ലാവരും അവൻെറ
ശബ്ദം കേട്ടു പുറത്തുവരുന്ന സമയം അടുത്തി
രിക്കുന്നു; 29നന്മ ചെയ്തവർ ജീവന്നായും തിന്മ
ചെയ്തവർ ശിക്ഷാവിധിക്കായും ഉയിർത്തെഴു
ന്നേൽക്കും. 30എനിക്കു സ്വയമായി ഒന്നും
ചെയ്യാൻ കഴിവില്ല; ഞാൻ കേൾക്കുന്നപ്രകാരം
ന്യായം വിധിക്കുന്നു, എൻെറ വിധി
നീതിയുള്ളതാണ്, എന്തെന്നാൽ ഞാൻ എൻെറ
ഇഷ്ടമല്ല, എന്നെ അയച്ചവൻെറ ഇഷ്ടമത്രേ
പ്രവർത്തിക്കുന്നത്.

*യേശുവിനെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ*

31"ഞാൻ എന്നെക്കുറിച്ചുതന്നേ സാക്ഷ്യം
പറഞ്ഞാൽ അതു സത്യമാകുകയില്ല. 32എനി
ക്കുവേണ്ടി സാക്ഷ്യം വഹിക്കുന്ന മറ്റൊരാൾ ഉണ്ട്;
എന്നെക്കുറിച്ചുള്ള അവിടുത്തെ സാക്ഷ്യം
വാസ്തവമെന്നു ഞാൻ അറിയുന്നു."

33"നിങ്ങൾ യോഹന്നാൻെറ അടുക്കൽ
ആളയച്ചു; യോഹന്നാൻ സത്യത്തിനു സാക്ഷ്യം
പറഞ്ഞിരിക്കുന്നു. 34മനുഷ്യൻെറ സാക്ഷ്യം
ഞാൻ സ്വീകരിക്കുന്നു എന്നല്ല; എന്നാൽ നിങ്ങൾ
രക്ഷിക്കപ്പെടേണ്ടതിനു ഞാൻ ഇതു പറയുന്നു.
35യോഹന്നാൻ ജ്വലിച്ചു പ്രകാശിച്ച വിളക്ക്
ആയിരുന്നു; അല്പസമയത്തേക്കു അദ്ദേഹ
ത്തിൻെറ പ്രകാശത്തിൽ ഉല്ലസിക്കാൻ നിങ്ങൾ
ഇഷ്ടപ്പെട്ടു.

36"എന്നാൽ യോഹന്നാൻെറ സാക്ഷ്യത്തെ
ക്കാൾ വലിയ സാക്ഷ്യം എനിക്കുണ്ട്. പിതാവ്
എന്നെ ഏല്പിച്ചതും ഞാൻ ചെയ്തുകൊണ്ടി
രിക്കുന്നതുമായ പ്രവൃത്തികൾതന്നേ പിതാവ്
എന്നെ അയച്ചതിനു സാക്ഷ്യം വഹിക്കുന്നു.
37എന്നെ അയച്ച പിതാവു തന്നേ എന്നെക്കു
റിച്ചു സാക്ഷ്യം വഹിച്ചിട്ടുണ്ട്. നിങ്ങൾ ഒരിക്കലും
അവിടുത്തെ ശബ്ദം കേൾക്കുകയോ രൂപം
കാണുകയോ ചെയ്തിട്ടില്ല; 38അവിടുത്തെ വചനം
നിങ്ങളിൽ വസിക്കുന്നതുമില്ല; അവിടുന്ന്
അയച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ലല്ലോ.
39നിങ്ങൾ തിരുവെഴുത്തുകൾ ശ്രദ്ധയോടെ
പഠിക്കുന്നു;[a] അവയിൽ നിങ്ങൾക്കു നിത്യജീവൻ
ഉണ്ടെന്നു നിങ്ങൾ വിചാരിക്കുന്നു; അവ
എന്നെക്കുറിച്ചു സാക്ഷ്യം വഹിക്കുന്നു.
40എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എൻെറ
അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല.

41"ഞാൻ മനുഷ്യരുടെ ബഹുമാനം
സ്വീകരിക്കുന്നില്ല, 42എന്നാൽ എനിക്കു നിങ്ങളെ
അറിയാം. നിങ്ങളുടെ ഹൃദയത്തിൽ
ദൈവസ്നേഹം ഇല്ല എന്നു ഞാൻ അറിഞ്ഞി
രിക്കുന്നു. 43ഞാൻ എൻെറ പിതാവിൻെറ
നാമത്തിൽ വന്നിരിക്കുന്നുവെങ്കിലും നിങ്ങൾ
എന്നെ അംഗീകരിക്കുന്നില്ല; എന്നാൽ മറ്റാരെ
ങ്കിലും സ്വന്തനാമത്തിൽ വന്നാൽ നിങ്ങൾ
അവനെ കൈക്കൊള്ളും. 44ഏകദൈവത്തിൽ
നിന്നുള്ള പുകഴ്ച അന്വേഷിക്കാതെ, അന്യോ
ന്യം പുകഴ്ച ഏറ്റുവാങ്ങുന്ന നിങ്ങൾക്ക് എങ്ങനെ
വിശ്വസിക്കുവാൻ കഴിയും?

45"എന്നാൽ ഞാൻ പിതാവിൻെറ മുമ്പിൽ
നിങ്ങളെ കുറ്റം ചുമത്തും എന്നു വിചാരി
ക്കേണ്ടതില്ല. നിങ്ങൾ പ്രത്യാശ അർപ്പിച്ചിരി
ക്കുന്ന മോശെയാണു നിങ്ങളെ കുറ്റം ചുമ
ത്തുന്നത്. 46നിങ്ങൾ മോശെയെ വിശ്വസിച്ചിരു
ന്നുവെങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു;
അദ്ദേഹം എന്നെക്കുറിച്ച് എഴുതിയിട്ടുണ്ടല്ലോ.
47എന്നാൽ, അദ്ദേഹം എഴുതിയതു നിങ്ങൾ
വിശ്വസിക്കുന്നില്ലെങ്കിൽ എൻെറ വാക്കുകൾ
നിങ്ങൾ എങ്ങനെ വിശ്വസിക്കും?"

[a] 39 അഥവാ, *പഠിപ്പിക്കുക*

*യേശു അയ്യായിരം പേർക്ക് ആഹാരം നല്കുന്നു*

6 അനന്തരം യേശു തിബെര്യാസ് എന്നു
പേരുള്ള ഗലീലക്കടലിൻെറ മറുകരയ്ക്കു
പോയി. 2രോഗികളിൽ അദ്ദേഹം പ്രവർത്തിച്ച
അടയാളങ്ങൾ കണ്ടിരുന്നതിനാൽ ഒരു വലിയ
ജനക്കൂട്ടം അദ്ദേഹത്തെ അനുഗമിച്ചു. 3യേശു ഒരു
മലയിൽ കയറി ശിഷ്യന്മാരുമൊത്ത് അവിടെ
ഇരുന്നു. 4യഹൂദരുടെ പെസഹാ പെരുന്നാൾ
അടുത്തിരുന്നു.

5യേശു തല ഉയർത്തി നോക്കി; ഒരു വലിയ
ജനക്കൂട്ടം തൻെറ അടുത്തേക്കു വരുന്നതു
കണ്ടിട്ട് ഫിലിപ്പൊസിനോട്: "ഈ ജനങ്ങൾക്കു
ഭക്ഷിക്കുവാൻ നാം എവിടെനിന്ന് അപ്പം
വാങ്ങും?" എന്നു ചോദിച്ചു. 6അയാളെ
പരീക്ഷിക്കുന്നതിനായിരുന്നു ഇതു ചോദിച്ചത്;
കാരണം, താൻ ചെയ്യുവാൻ പോകുന്നത്
എന്തെന്ന് അദ്ദേഹത്തിനു നേരത്തേ അറിയാ
മായിരുന്നു.

7"ഓരോരുത്തനും ഒരു ചെറിയ കഷണ
മെങ്കിലും കിട്ടണമെങ്കിൽ ഇരുനൂറു ദിനാറിന്
അപ്പം മതിയാവുകയില്ല" ഫിലിപ്പൊസ് പറഞ്ഞു.

8മറ്റൊരു ശിഷ്യനായ ശിമോൻ പത്രൊസിൻെറ
സഹോദരൻ അന്ത്രെയാസ് പറഞ്ഞു: 9" ഇവിടെ
ഒരു ബാലനുണ്ട്, അവൻെറ കൈവശം അഞ്ചു
ബാർലിയപ്പവും രണ്ടു ചെറിയ മീനും ഉണ്ട്;
എന്നാൽ ഇത്രയധികം ആളുകൾക്ക് അത്
എന്തുള്ളു?"

10"ജനങ്ങളെ ഇരുത്തുവിൻ" യേശു പറഞ്ഞു.
അവിടെ ധാരാളം പുല്ലുണ്ടായിരുന്നു;
അയ്യായിരത്തോളം പുരുഷന്മാർ ഇരുന്നു.
11അനന്തരം യേശു അപ്പം എടുത്തു സ്തോത്രം
ചെയ്ത് ഇരുന്നവർക്കു വിളമ്പിക്കൊടുത്തു; മീനും
അങ്ങനെതന്നേ കൊടുത്തു.

12എല്ലാവരും മതിയാകുവോളം ഭക്ഷിച്ചു
കഴിഞ്ഞപ്പോൾ യേശു ശിഷ്യന്മാരോട്; "ശേഷിച്ച
കഷണങ്ങൾ ശേഖരിക്കുവിൻ, ഒട്ടും
നഷ്ടപ്പെടുത്തരുത്" എന്നു പറഞ്ഞു. 13അങ്ങ
നെ അവർ ശേഖരിച്ചു; അഞ്ചു ബാർലിയ
പ്പത്തിൽനിന്നു ശേഷിച്ച കഷണങ്ങൾ പന്ത്രണ്ടു
കുട്ട നിറച്ചെടുത്തു.

14യേശു ചെയ്ത അടയാളം കണ്ടിട്ടു ജന ങ്ങൾ,
"തീർച്ചയായും ലോകത്തിലേക്കു വരുവാനുള്ള
പ്രവാചകൻ ഇദ്ദേഹം ആകുന്നു" എന്നു പറഞ്ഞു.
15അവർ വന്നു തന്നെ പിടിച്ചു രാജാവാക്കുവാൻ
ഉദ്ദേശിക്കുന്നു എന്നറിഞ്ഞ് യേശു വീണ്ടും
തനിയേ മലയിലേക്കു പിൻവാങ്ങി.

*യേശു വെള്ളത്തിന്മീതെ നടക്കുന്നു*

16സന്ധ്യയായപ്പോൾ യേശുവിൻെറ ശിഷ്യ
ന്മാർ തടാകത്തിൻെറ തീരത്തേക്ക് ഇറങ്ങി
പ്പോയി. 17അവർ ഒരു വഞ്ചിയിൽ കയറി മറുകര
യുള്ള കഫർന്നഹൂമിലേക്കു യാത്ര തിരിച്ചു; നേരം
ഇരുട്ടിക്കഴിഞ്ഞിരുന്നു. യേശു അവരുടെയടുക്കൽ
എത്തിയിരുന്നില്ല. 18കൊടുങ്കാറ്റടിച്ചു കടൽ
വളരെ ക്ഷോഭിച്ചു. 19നാലഞ്ചുമൈൽ തണ്ടു
വലിച്ചു കഴിഞ്ഞപ്പോൾ യേശു
വെള്ളത്തിനുമീതെ നടന്നു വഞ്ചിയെ
സമീപിക്കുന്നത് അവർ കണ്ടു; അവർ വളരെ
ഭയപ്പെട്ടു. 20"ഞാനാകുന്നു, ഭയപ്പെടേണ്ടാ"
എന്നു യേശു അവരോടു പറഞ്ഞു. 21അപ്പോൾ
അദ്ദേഹത്തെ വഞ്ചിയിൽ കയറ്റാൻ അവർ
സന്നദ്ധരായി; വഞ്ചി പെട്ടെന്ന് അവർക്ക്
എത്തേണ്ട തീരത്ത് എത്തിച്ചേർന്നു.

22ഒരു വഞ്ചി മാത്രമേ അവിടെ ഉണ്ടായിരു
ന്നുള്ളൂ എന്നും അതിൽ ശിഷ്യന്മാരോടുകൂടെ
യേശു കയറാതെ അവർ തനിച്ചാണു പോയ
തെന്നും തടാകത്തിൻെറ മറുകരയിൽ ഉണ്ടാ
യിരുന്ന ജനക്കൂട്ടം പിറ്റേന്നാൾ മനസ്സിലാക്കി.
23കർത്താവു സ്തോത്രം ചെയ്തു നല്കിയ അപ്പം,
ജനങ്ങൾ ഭക്ഷിച്ച സ്ഥലത്തേക്കു
തിബെര്യാസിൽ നിന്നു ചില വഞ്ചികൾ വന്നു
ചേർന്നു. 24യേശുവോ ശിഷ്യന്മാരോ അവിടെ
ഇല്ലെന്നു മനസ്സിലാക്കിയ ജനസമൂഹം
യേശുവിനെ അന്വേഷിച്ചു വഞ്ചികളിൽ കയറി
കഫർന്നഹൂമിലേക്കു യാത്രയായി.

*യേശു ജീവൻെറ അപ്പം*

25തടാകത്തിൻെറ മറുകരയിൽ യേശുവിനെ
കണ്ടപ്പോൾ അവർ അദ്ദേഹത്തോട്, "റബ്ബീ, അങ്ങ്
എപ്പോൾ ഇവിടെ എത്തി?" എന്നു ചോദിച്ചു.

26യേശു അതിന് ഉത്തരം പറഞ്ഞു: "സത്യ
മായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
നിങ്ങൾ എന്നെ അന്വേഷിക്കുന്നത്
അടയാളങ്ങൾ കണ്ടിട്ടല്ല, അപ്പം തിന്നു തൃപ്ത
രായതുകൊണ്ടാണ്. 27നശിച്ചു പോകുന്ന
ആഹാരത്തിനുവേണ്ടിയല്ല, നിത്യ ജീവനിലേക്കു
നിലനില്ക്കുന്ന ആഹാരത്തിനുവേണ്ടി
ത്തന്നേ പ്രവർത്തിപ്പിൻ; അതു മനുഷ്യപുത്രൻ
നിങ്ങൾക്കു നല്കും. അവൻെറമേൽ പിതാവായ
ദൈവം തൻെറ അംഗീകാരമുദ്ര പതിപ്പിച്ചിരി
ക്കുന്നു." 28അപ്പോൾ അവർ അദ്ദേഹത്തോടു
ചോദിച്ചു. "ദൈവത്തിനു ഹിതകരമായി ഞങ്ങൾ
ചെയ്യേണ്ടുന്ന പ്രവൃത്തികൾ എന്താണ്?"

29 "ദൈവം അയച്ചവനിൽ വിശ്വസിക്കുക;
ഇതത്രേ ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി"
യേശു ഉത്തരം പറഞ്ഞു.

30അപ്പോൾ അവർ ചോദിച്ചു: " ഞങ്ങൾ കണ്ട്
അങ്ങയിൽ വിശ്വസിക്കേണ്ടതിന് എന്ത്
അടയാളമാണ് അങ്ങു നല്കുന്നത്? 31ഞങ്ങ
ളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ ഭക്ഷിച്ചു;
'അവർക്കു ഭക്ഷിപ്പാൻ സ്വർഗ്ഗത്തിൽനിന്നു അപ്പം

കൊടുത്തു' [a] എന്ന് എഴുതിയിരിക്കുന്നുവല്ലോ"
32യേശു അവരോടു: "സത്യമായി, സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു, മോശെയല്ല
നിങ്ങൾക്കു സ്വർഗ്ഗത്തിൽനിന്ന് അപ്പം തന്നത്;
സ്വർഗ്ഗത്തിൽനിന്നുള്ള യഥാർത്ഥ അപ്പം
നിങ്ങൾക്കു തരുന്നത് എന്റെ പിതാവാണ്.
33ദൈവത്തിന്റെ അപ്പമോ സ്വർഗ്ഗത്തിൽനിന്ന്
ഇറങ്ങിവന്നു ലോകത്തിനു ജീവൻ നല്കുന്നവൻ
ആകുന്നു" എന്നു പറഞ്ഞു.
34"പ്രഭോ, ഇപ്പോൾ മുതൽ ഈ അപ്പം
എല്ലായ്പ്പോഴും ഞങ്ങൾക്കു തരണമേ" അവർ
അദ്ദേഹത്തോടു പറഞ്ഞു.
35അപ്പോൾ യേശു പറഞ്ഞു: "ഞാൻ ജീവന്റെ
അപ്പം ആകുന്നു. എന്റെ അടുക്കൽ വരുന്നവന്
ഒരുനാളും വിശക്കുകയില്ല; എന്നിൽ
വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല.
36എന്നാൽ നിങ്ങൾ എന്നെ കണ്ടിട്ടും
വിശ്വസിക്കുന്നില്ല എന്നു ഞാൻ നിങ്ങളോടു
പറഞ്ഞല്ലോ. 37പിതാവ് എനിക്കു തരുന്നത്
എല്ലാം എന്റെ അടുക്കൽ വരും; എന്റെ
അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും
തള്ളിക്കളയുകയില്ല. 38ഞാൻ സ്വർഗ്ഗത്തിൽനിന്ന്
ഇറങ്ങിവന്നിരിക്കുന്നത് എന്റെ ഇഷ്ടം
ചെയ്‌വാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം
ചെയ്‌വാനാണ്. 39എന്നെ അയച്ചവന്റെ
ഇഷ്ടമോ, അവിടുന്ന് എനിക്കു തന്നിട്ടുള്ളവരിൽ
ആരും നഷ്ടമാകാതെ എല്ലാവരെയും ഞാൻ
അന്ത്യനാളിൽ ഉയിർപ്പിക്കണം എന്നാകുന്നു.
40പുത്രനെ നോക്കി അവനിൽ വിശ്വസിക്കുന്ന
ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാണ്
എന്റെ പിതാവിന്റെ ഇഷ്ടം; അന്ത്യനാളിൽ
ഞാൻ അവനെ ഉയിർപ്പിക്കും."
41"ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന
അപ്പം ആകുന്നു" എന്ന് യേശു പറഞ്ഞതു
കൊണ്ടു യഹൂദർ അദ്ദേഹത്തെക്കുറിച്ചു
പിറുപിറുത്തു: 42"ഇയാൾ യോസേഫിന്റെ
മകനായ യേശു അല്ലേ? ഇയാളുടെ പിതാവി
നെയും മാതാവിനെയും നമുക്ക് അറിയാമല്ലോ.
പിന്നെ, ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി
വന്നിരിക്കുന്നു എന്ന് ഇയാൾ പറയുന്നത് എന്ത്?"
അവർ പറഞ്ഞു.
43യേശു പറഞ്ഞു: "നിങ്ങൾ തമ്മിൽ
പിറുപിറുക്കേണ്ടാ. 44എന്നെ അയച്ച പിതാവ്
ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടു
ക്കൽ വരുവാൻ കഴിയുകയില്ല; 'അന്ത്യനാളിൽ
ഞാൻ അവനെ ഉയിർപ്പിക്കും. 45എല്ലാവരും
ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരായിത്തീരും.' [b]
എന്നു പ്രവാചക പുസ്തകങ്ങളിൽ എഴുതിയി
രിക്കുന്നു. പിതാവിന്റെ വാക്കുകൾ കേട്ടു
പഠിച്ചവരെല്ലാം എന്റെ അടുക്കൽ വരും.
46ദൈവത്തിൽ നിന്നുള്ളവനല്ലാതെ മറ്റാരും
പിതാവിനെ കണ്ടിട്ടില്ല; അവൻ മാത്രം പിതാവിനെ
കണ്ടിരിക്കുന്നു. 47സത്യമായി, സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു, എന്നിൽ
വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. 48ഞാൻ
ജീവന്റെ അപ്പം ആകുന്നു. 49നിങ്ങളുടെ
പിതാക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ തിന്നിട്ടും
മരിച്ചു. 50എന്നാൽ തിന്നുന്നവർ മരിക്കാ
തിരിക്കേണ്ടതിനു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി
വരുന്ന അപ്പം ഇതാകുന്നു. 51സ്വർഗ്ഗത്തിൽ നിന്ന്
ഇറങ്ങി വന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു;
ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും.
ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ
കൊടുക്കുന്ന അപ്പമോ എന്റെ ശരീരം
ആകുന്നു."
52അപ്പോൾ യഹൂദർ തമ്മിൽത്തമ്മിൽ
രൂക്ഷമായി തർക്കിച്ചുതുടങ്ങി: "നമുക്കു
ഭക്ഷിക്കുവാൻ തന്റെ ശരീരം തരാൻ ഇദ്ദേഹ
ത്തിന് എങ്ങനെ കഴിയും?"
53യേശു അവരോടു പറഞ്ഞു: "സത്യമായി,
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,
നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കാ
തെയും അവന്റെ രക്തം കുടിക്കാതെയും
ഇരുന്നാൽ നിങ്ങളിൽ ജീവൻ ഇല്ല. 54എന്റെ
ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കു
കയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്. ഞാൻ
അന്ത്യനാളിൽ അവനെ ഉയിർപ്പിക്കും. 55എന്റെ
ശരീരം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം
സാക്ഷാൽ പാനീയവും ആകുന്നു. 56എന്റെ
ശരീരം ഭക്ഷിക്കുകയും എന്റെ രക്തം
കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ
അവനിലും വസിക്കും. 57ജീവിക്കുന്ന പിതാവ്
എന്നെ അയച്ചിട്ടു ഞാൻ പിതാവിനാൽ
ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ
ഞാൻമൂലം ജീവിക്കും. 58സ്വർഗ്ഗ ത്തിൽനിന്ന്
ഇറങ്ങിവന്ന അപ്പം ഇതാകുന്നു. നമ്മുടെ
പിതാക്കന്മാർ മന്നാ ഭക്ഷിക്കുകയും മരിക്കുകയും
ചെയ്തു. എന്നാൽ ഈ അപ്പം ഭക്ഷിക്കുന്നവൻ
എന്നേക്കും ജീവിക്കും." 59കഫർന്നഹൂമിലെ
പള്ളിയിൽ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ
യേശു ഇപ്രകാരം പ്രസ്താവിച്ചു.

### *ശിഷ്യന്മാരിൽ പലരും യേശുവിനെ വിട്ടുപോകുന്നു*

60ഇതുകേട്ടു ശിഷ്യന്മാരിൽ പലരും പറഞ്ഞു:
"ഇത് കഠിനമായ വാക്ക്; ഇതു സ്വീകരിക്കാൻ
ആർക്കു കഴിയും?" 61ശിഷ്യന്മാർ ഇതേക്കുറിച്ചു
പിറുപിറുക്കുന്നുവെന്നു മനസ്സിലാക്കിയിട്ടു യേശു
അവരോടു പറഞ്ഞു: "ഇതു നിങ്ങൾക്ക് ഇടർച്ചയു
ണ്ടാക്കുന്നുവോ? 62മനുഷ്യപുത്രൻ മുമ്പേ

[a] 31 പുറപ്പാട് 16:4, നെഹമ്യാവ് 9:15, സങ്കീർത്തനം 78:24,25 [b] 45 യെശയ്യാവ് 54:13

ആയിരുന്നേടത്തേക്കു കയറിപ്പോകുന്നത് നി
ങ്ങൾ കാണുന്നുവെങ്കിലോ? 63ജീവിപ്പിക്കുന്നത്
ആത്മാവാകുന്നു; ശരീരം ഒന്നിനും
ഉപകരിക്കുന്നില്ല. ഞാൻ സംസാരിച്ചിട്ടുള്ള
വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.
64എങ്കിലും വിശ്വസിക്കാത്ത ചിലർ നിങ്ങളുടെ
കൂട്ടത്തിൽ ഉണ്ട്." അവരിൽ ആരാണു
വിശ്വസിക്കാത്തതെന്നും തന്നെ ഒറ്റിക്കൊ
ടുക്കുന്നവൻ ആരെന്നും ആദ്യം മുതൽ യേശു
അറിഞ്ഞിരുന്നു. 65അവിടുന്ന് തുടർന്നു പറഞ്ഞു:
"ഇതുകൊണ്ടാണ് പിതാവ് വരം നല്കിയിട്ടല്ലാതെ
ആർക്കും എൻെറ അടുക്കൽ വരുവാൻ
സാധ്യമല്ലെന്നു ഞാൻ നിങ്ങളോടു പറഞ്ഞത്."
66അപ്പോൾ മുതൽ ശിഷ്യന്മാരിൽ പലരും
അദ്ദേഹത്തെ വിട്ടുപോയി. അവർ പിന്നെ
ഒരിക്കലും അദ്ദേഹത്തെ അനുഗമിച്ചില്ല.
67"നിങ്ങളും വിട്ടുപോകുവാൻ ആഗ്രഹി
ക്കുന്നുവോ?" യേശു പന്ത്രണ്ടു ശിഷ്യന്മാരോടു
ചോദിച്ചു.
68ശിമോൻ പത്രൊസ് അദ്ദേഹത്തോടു
പറഞ്ഞു: "കർത്താവേ, ഞങ്ങൾ ആരുടെ അടു
ത്തേക്കുപോകും? നിത്യജീവൻെറ വചനങ്ങൾ
അങ്ങയുടെ പക്കൽ ഉണ്ടല്ലോ. 69അങ്ങ്
ദൈവത്തിൻെറ പരിശുദ്ധൻ എന്നു ഞങ്ങൾ
വിശ്വസിക്കുന്നു; അറിയുകയും ചെയ്യുന്നു."
70അപ്പോൾ യേശു പറഞ്ഞു: "നിങ്ങളെ
പന്ത്രണ്ടുപേരെ, ഞാൻ തിരഞ്ഞെടുത്തില്ലയോ?
എങ്കിലും നിങ്ങളിൽ ഒരുവൻ ഒരു പിശാചാണ്."
71ശിമോൻ ഈസ്കര്യോത്താവിൻെറ മകനായ
യൂദയെ ഉദ്ദേശിച്ചാണ് അദ്ദേഹമിതു പറഞ്ഞത്.
അയാൾ പന്ത്രണ്ടു പേരിൽ ഒരുവൻ എങ്കിലും
പിന്നീട് അദ്ദേഹത്തെ ഒറ്റിക്കൊടുക്കാനുള്ള
വനായിരുന്നു.

*യേശു കൂടാരപ്പെരുന്നാളിനു പോകുന്നു*

7 ഇതു കഴിഞ്ഞ്, യേശു ഗലീലയിൽ
സഞ്ചരിച്ചു; യഹൂദർ അദ്ദേഹത്തെ
കൊല്ലുവാൻ അന്വേഷിച്ചതുകൊണ്ട് അവിടുന്ന്
ബോധപൂർവ്വം യഹൂദ്യയിൽനിന്ന് അകന്നു
പാർത്തു. 2എന്നാൽ യഹൂദരുടെ കൂടാര
പ്പെരുനാൾ സമീപിച്ചപ്പോൾ 3യേശുവിൻെറ
സഹോദരന്മാർ അദ്ദേഹത്തോടു "താങ്കൾ
ഇവിടംവിട്ടുയഹൂദ്യയിലേക്കുപോകണം;താങ്കൾ
പ്രവർത്തിക്കുന്ന അത്ഭുത ങ്ങൾ ശിഷ്യന്മാർ
കാണട്ടെ. 4പൊതുജനമധ്യേ പ്രസിദ്ധി
ആഗ്രഹിക്കുന്ന ആരും രഹസ്യമായി ഒന്നും
പ്രവർത്തിക്കുന്നില്ലല്ലോ. ഈ കാര്യങ്ങൾ
ചെയ്യുന്നപക്ഷം താങ്കൾ ലോകത്തിനു സ്വയം
വെളിപ്പെടുത്തിക്കൊടുക്കണം" എന്നു പറഞ്ഞു.
5സ്വന്തംസഹോദരന്മാർ പോലും അദ്ദേഹത്തിൽ
വിശ്വസിച്ചിരുന്നില്ല.
6അതുകൊണ്ട് യേശു അവരോട്: "എൻെറ
സമയം ഇതുവരെ വന്നിട്ടില്ല. നിങ്ങൾക്കോ
എല്ലായ്പ്പോഴും സമയം തന്നേ. 7ലോകത്തിനു
നിങ്ങളെ വെറുക്കാൻ കഴിയുകയില്ല; എന്നാൽ
ലോകം ചെയ്യുന്നതു ദോഷമുള്ളതെന്നു ഞാൻ
സാക്ഷ്യം പറയുന്നതുകൊണ്ട് അത് എന്നെ
വെറുക്കുന്നു. 8നിങ്ങൾ പെരുന്നാളിനു
പൊയ്ക്കൊള്ളുക, എൻെറ സമയം ആയിട്ടില്ലാ
ത്തതിനാൽ പെരുന്നാളിന് ഞാൻ ഇപ്പോൾ
പോകുന്നില്ല" 9ഇങ്ങനെ പറഞ്ഞിട്ട് യേശു
ഗലീലയിൽത്തന്നേ പാർത്തു.
10എങ്കിലും, സഹോദരന്മാർ പെരുന്നാളിനു
പോയിക്കഴിഞ്ഞപ്പോൾ യേശുവും പരസ്യമായല്ല,
രഹസ്യമായിട്ടുപോയി. 11പെരുന്നാളിൽ യഹൂദർ
ആ മനുഷ്യൻ എവിടെ എന്നു ചോദിച്ച്
അദ്ദേഹത്തെ അന്വേഷിച്ചു.
12ജനസമൂഹത്തിൽ അദ്ദേഹത്തെക്കുറിച്ചു
രഹസ്യസംഭാഷണം നടന്നു. അദ്ദേഹം
നല്ലവനാണ് എന്നു ചിലരും അല്ല, ജനക്കൂട്ടത്തെ
കബളിപ്പിക്കുകയാണ് എന്നു മറ്റുചിലരും
പറഞ്ഞു. 13എന്നാൽ യഹൂദരെ പേടിച്ച് ആരും
അദ്ദേഹത്തെക്കുറിച്ചു പരസ്യമായി ഒന്നും
പറഞ്ഞില്ല.

*യേശു പെരുന്നാളിൽ ഉപദേശിക്കുന്നു*

14പെരുന്നാൾ പകുതി കഴിഞ്ഞപ്പോൾ യേശു
ദൈവാലയത്തിൽ എത്തി ഉപദേശിച്ചു തുടങ്ങി.
15യഹൂദർ ആശ്ചര്യപ്പെട്ട്, "വിദ്യാഭ്യാസം
ഇല്ലാത്ത ഈ മനുഷ്യന് ഇത്രയും അറിവു ലഭിച്ചത്
എങ്ങനെ?" എന്നു ചോദിച്ചു.
16യേശു അതിനു മറുപടി പറഞ്ഞു: "എൻെറ
ഉപദേശം എൻെറ സ്വന്തമല്ല; എന്നെ
അയച്ചവൻേറതാണ്. 17ആരെങ്കിലും ദൈവ
ത്തിൻെറ ഇഷ്ടം ചെയ്യാൻ ഇച്ഛിക്കുന്നുവെ
ങ്കിൽ, അവൻ എൻെറ ഉപദേശം ദൈവത്തിൽ
നിന്നുള്ളതോ ഞാൻ സ്വയമായി പറയുന്നതോ
എന്നു മനസ്സിലാക്കും. 18സ്വന്തനിലയിൽ
സംസാരിക്കുന്നവൻ തനിക്കായി ബഹുമാനം
നേടാൻ ശ്രമിക്കുന്നു. എന്നാൽ തന്നെ
അയച്ചവൻെറ മഹത്ത്വത്തിനായി പ്രവർത്തിക്കു
ന്നവൻ സത്യസന്ധൻ; അവനിൽ കാപട്യമില്ല.
19മോശെ നിങ്ങൾക്കു ന്യായപ്രമാണം
തന്നില്ലയോ? എങ്കിലും നിങ്ങളിൽ ആരും
അതനുസരിക്കുന്നില്ല; നിങ്ങൾ എന്നെ കൊല്ലാൻ
ശ്രമിക്കുന്നത് എന്തിന്?"
20"നിന്നെ ഭൂതം ബാധിച്ചിരിക്കുകയാണ്"
ജനക്കൂട്ടം മറുപടി പറഞ്ഞു, "ആരാണു നിന്നെ
കൊല്ലാൻ ശ്രമിക്കുന്നത്?"
21യേശു അവരോടു പറഞ്ഞു: " ഞാൻ ഒരു
പ്രവൃത്തി ചെയ്തു; നിങ്ങളെല്ലാവരും അതിൽ
ആശ്ചര്യപ്പെട്ടു. 22 മോശെ നിങ്ങൾക്കു

പരിച്ഛേദന ഏർപ്പെടുത്തിയതുകൊണ്ട്
നിങ്ങൾ ശബ്ബത്തിൽ മനുഷ്യനെ പരിച്ഛേദന
കഴിപ്പിക്കുന്നു. (എന്നാൽ അത് മോശെയിൽ
നിന്നല്ല ഗോത്രപിതാക്കന്മാരിൽ നിന്നാണ്
ഉണ്ടായത്.) 23ശബ്ബത്തിൽ പരിച്ഛേദന
നടത്തുന്നതുകൊണ്ട് മോശെയുടെ ന്യായ
പ്രമാണം ലംഘിക്കപ്പെടുന്നില്ലെങ്കിൽ, ശബ്ബത്തിൽ
ഒരു മനുഷ്യനു പൂർണ്ണമായ സൗഖ്യം
നല്കിയതിനു നിങ്ങൾ എന്നോടു കോപി
ക്കുന്നതെന്തിന്? 24കാഴ്ചപ്രകാരം വിധിക്കാതെ
നീതിപൂർവ്വം വിധിക്കുവിൻ."

*യേശു തന്നെയോ ക്രിസ്തു?*

25അപ്പോൾ, യെരൂശലേമിൽ നിന്നുള്ള ചിലർ
പറഞ്ഞു: "ഈ മനുഷ്യനെ അല്ലയോ അവർ
കൊല്ലാൻ ശ്രമിക്കുന്നത്? 26ഇതാ, ഇദ്ദേഹം
പരസ്യമായി സംസാരിക്കുന്നു, അവർ ഒരു
വാക്കുപോലും ഇദ്ദേഹത്തോടു പറയുന്നുമില്ല!
ഇദ്ദേഹം ക്രിസ്തുവാണെന്ന് അധികാരികൾ
അംഗീകരിച്ചിരിക്കുകയാണോ? 27എന്നാൽ
ഇദ്ദേഹം എവിടെനിന്നുള്ളവനെന്നു നമുക്ക
റിയാം. ക്രിസ്തു വരുമ്പോഴോ, അദ്ദേഹം എവിടെ
നിന്നെന്ന് ആരും അറിയുകയില്ല."

28അതുകൊണ്ട്, ദൈവാലയത്തിൽ ഉപദേ
ശിച്ചുകൊണ്ടിരിക്കുമ്പോൾ യേശു ഇങ്ങനെ
വിളിച്ചുപറഞ്ഞു: "അതേ, നിങ്ങൾക്ക് എന്നെ
അറിയാം. ഞാൻ എവിടെനിന്നു വരുന്നുവെന്നും
അറിയാം. ഞാൻ സ്വയമായി വന്നതല്ല; എന്നെ
അയച്ചവൻ സത്യവാൻ ആകുന്നു; അവിടുത്തെ
നിങ്ങൾ അറിയുന്നില്ല. 29 എന്നാൽ ഞാൻ എന്നെ
അയച്ചവൻെറ അടുക്കൽനിന്നു വരുന്നതു
കൊണ്ടും അവിടുന്ന് എന്നെ അയച്ചിരിക്കുന്നതു
കൊണ്ടും ഞാൻ അവിടുത്തെ അറിയുന്നു."

30അപ്പോൾ അവർ അദ്ദേഹത്തെ പിടിക്കാൻ
ശ്രമിച്ചു. എന്നാൽ തൻെറ സമയം വന്നിട്ടില്ലാ
യിരുന്നതുകൊണ്ട് അദ്ദേഹത്തിൻെറമേൽ കൈ
വയ്ക്കുവാൻ ആർക്കും സാധിച്ചില്ല.

31എങ്കിലും, ജനക്കൂട്ടത്തിൽ പലരും
അദ്ദേഹത്തിൽ വിശ്വസിച്ചു. "ക്രിസ്തു
വരുമ്പോൾ ഈ മനുഷ്യൻ ചെയ്യുന്നതിലും
അധികം അടയാളങ്ങൾ ചെയ്യുമോ?" അവർ
ചോദിച്ചു.

32യേശുവിനെപ്പറ്റി ജനക്കൂട്ടം ഇങ്ങനെ
രഹസ്യമായി സംസാരിക്കുന്നു എന്നു പരീശന്മാർ
കേട്ടു. അപ്പോൾ മുഖ്യപുരോഹിതന്മാരും
പരീശന്മാരും അദ്ദേഹത്തെ പിടിക്കുവാൻ
ദൈവാലയത്തിലെ കാവൽഭടന്മാരെ
നിയോഗിച്ചു.

33യേശു പറഞ്ഞു: "ഞാൻ ഇനി അല്പകാലം
മാത്രമേ നിങ്ങളോടുകൂടെ ഉണ്ടായിരിക്കയുള്ളൂ,
പിന്നീട് എന്നെ അയച്ചവൻെറ അടുത്തേക്കു
പോകും. 34നിങ്ങൾ എന്നെ അന്വേഷിക്കും,
എന്നാൽ കണ്ടെത്തുകയില്ല. ഞാൻ എവിടെ
ആയിരിക്കുമോ അവിടെ നിങ്ങൾക്കു
വന്നെത്തുവാൻ സാധ്യമല്ല." 35യഹൂദർ
അന്യോന്യം പറഞ്ഞു: "നമുക്കു കണ്ടെത്താൻ
സാധിക്കാത്തവിധം എവിടേയ്ക്കാണ് ഇദ്ദേഹം
പോകാനുദ്ദേശിക്കുന്നത്? ഗ്രീക്കുകാരുടെ
ഇടയിൽ നമ്മുടെ ആളുകൾ ചിതറിപ്പാർക്കു
ന്നേടത്തുചെന്ന് ഗ്രീക്കുകാരെ ഉപദേശി
ക്കുമെന്നോ? 36'നിങ്ങൾ എന്നെ അന്വേഷിക്കും,
കണ്ടെത്തുകയില്ല,' എന്നും 'ഞാൻ ആയിരി
ക്കുന്നേടത്ത് നിങ്ങൾക്കു വരാൻ സാധ്യമല്ല'
എന്നും പറയുന്നതുകൊണ്ട് അദ്ദേഹം എന്താണ്
അർത്ഥമാക്കുന്നത്?"

37ഉത്സവത്തിൻെറ പ്രധാനദിനമായ
ഒടുവിലത്തെ ദിവസം യേശുനിന്നുകൊണ്ട്
ഇപ്രകാരം വിളിച്ചു പറഞ്ഞു: "ദാഹിക്കുന്ന
വരെല്ലാം എൻെറ അടുക്കൽ വന്നു കുടിക്കട്ടെ.
38എന്നിൽ വിശ്വസിക്കുന്ന ഏതൊരുവൻെറയും
ഉള്ളിൽനിന്ന്, തിരുവെഴുത്തിൽ പറയുന്ന
തുപോലെ, ജീവജലത്തിൻെറ നദികൾ ഒഴുകും."
39തന്നിൽ വിശ്വസിക്കുന്നവർക്കു പിന്നീടു
ലഭിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്
യേശു ഇവിടെ സംസാരിച്ചത്. യേശു
തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായിരുന്നതുകൊണ്ട്
അതുവരെയും ആത്മാവ് വന്നിരുന്നില്ല.

40അദ്ദേഹത്തിൻെറ ഈ വാക്കുകൾ കേട്ടിട്ടു
ജനങ്ങളിൽ ചിലർ "തീർച്ചയായും ഈ മനുഷ്യൻ
ആ പ്രവാചകൻ തന്നേ" എന്നു പറഞ്ഞു.

41"ഇദ്ദേഹം ക്രിസ്തു ആകുന്നു" എന്നു
മറ്റുചിലർ പറഞ്ഞു. 42എന്നാൽ വേറേ
ചിലരാകട്ടെ, "ക്രിസ്തു ഗലീലയിൽ നിന്നോ
വരുന്നത്? ദാവീദിൻെറ വംശത്തിൽ നിന്നും
ദാവീദിൻെറ പട്ടണമായ ബേത്‌ലേഹെമിൽ
നിന്നും വരുമെന്നല്ലേ തിരുവെഴുത്തു
പറയുന്നത്?" എന്നു ചോദിച്ചു. 43അങ്ങനെ
യേശുവിനെച്ചൊല്ലി ജനങ്ങൾക്കിടയിൽ
ഭിന്നതയുണ്ടായി.

44ചിലർ അദ്ദേഹത്തെ പിടികൂടാൻ
ആഗ്രഹിച്ചു. എന്നാൽ ആരും അദ്ദേഹ
ത്തിൻെറമേൽ കൈവച്ചില്ല.

*യഹൂദനേതാക്കളുടെ അവിശ്വാസം*

45ഒടുവിൽ കാവൽഭടന്മാർ മുഖ്യ
പുരോഹിതന്മാരുടെയും പരീശന്മാരുടെയും
അടുക്കൽ മടങ്ങിച്ചെന്നപ്പോൾ നിങ്ങൾ അയാളെ
പിടിച്ചുകൊണ്ടുവരാതിരുന്നതെന്ത്?" എന്ന്
അവർ അവരോടു ചോദിച്ചു.

46"ആ മനുഷ്യൻ സംസാരിക്കുന്നതുപോലെ
ആരും ഒരുനാളും സംസാരിച്ചിട്ടില്ല" ഭടന്മാർ
ബോധിപ്പിച്ചു.

ആയിരുന്നേടത്തേക്കു കയറിപ്പോകുന്നത് നി
ങ്ങൾ കാണുന്നുവെങ്കിലോ? 63ജീവിപ്പിക്കുന്നത്
ആത്മാവാകുന്നു; ശരീരം ഒന്നിനും
ഉപകരിക്കുന്നില്ല. ഞാൻ സംസാരിച്ചിട്ടുള്ള
വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.
64എങ്കിലും വിശ്വസിക്കാത്ത ചിലർ നിങ്ങളുടെ
കൂട്ടത്തിൽ ഉണ്ട്." അവരിൽ ആരാണു
വിശ്വസിക്കാത്തതെന്നും തന്നെ ഒറ്റിക്കൊ
ടുക്കുന്നവൻ ആരെന്നും ആദ്യം മുതൽ യേശു
അറിഞ്ഞിരുന്നു. 65അവിടുന്ന് തുടർന്നു പറഞ്ഞു:
"ഇതുകൊണ്ടാണ് പിതാവ് വരം നല്കിയിട്ടല്ലാതെ
ആർക്കും എൻെറ അടുക്കൽ വരുവാൻ
സാധ്യമല്ലെന്നു ഞാൻ നിങ്ങളോടു പറഞ്ഞത്."

66അപ്പോൾ മുതൽ ശിഷ്യന്മാരിൽ പലരും
അദ്ദേഹത്തെ വിട്ടുപോയി. അവർ പിന്നെ
ഒരിക്കലും അദ്ദേഹത്തെ അനുഗമിച്ചില്ല.

67"നിങ്ങളും വിട്ടുപോകുവാൻ ആഗ്രഹി
ക്കുന്നുവോ?" യേശു പന്ത്രണ്ടു ശിഷ്യന്മാരോടു
ചോദിച്ചു.

68ശിമോൻ പത്രൊസ് അദ്ദേഹത്തോടു
പറഞ്ഞു: "കർത്താവേ, ഞങ്ങൾ ആരുടെ അടു
ത്തേക്കുപോകും? നിത്യജീവൻെറ വചനങ്ങൾ
അങ്ങയുടെ പക്കൽ ഉണ്ടല്ലോ. 69അങ്ങ്
ദൈവത്തിൻെറ പരിശുദ്ധൻ എന്നു ഞങ്ങൾ
വിശ്വസിക്കുന്നു; അറിയുകയും ചെയ്യുന്നു."

70അപ്പോൾ യേശു പറഞ്ഞു: "നിങ്ങളെ
പന്ത്രണ്ടുപേരെ, ഞാൻ തിരഞ്ഞെടുത്തില്ലയോ?
എങ്കിലും നിങ്ങളിൽ ഒരുവൻ ഒരു പിശാചാണ്."
71ശിമോൻ ഈസ്കര്യോത്താവിൻെറ മകനായ
യൂദയെ ഉദ്ദേശിച്ചാണ് അദ്ദേഹമിതു പറഞ്ഞത്.
അയാൾ പന്ത്രണ്ടു പേരിൽ ഒരുവൻ എങ്കിലും
പിന്നീട് അദ്ദേഹത്തെ ഒറ്റിക്കൊടുക്കാനുള്ള
വനായിരുന്നു.

*യേശു കൂടാരപ്പെരുന്നാളിനു പോകുന്നു*

7 ഇതു കഴിഞ്ഞ്, യേശു ഗലീലയിൽ
സഞ്ചരിച്ചു; യഹൂദർ അദ്ദേഹത്തെ
കൊല്ലുവാൻ അന്വേഷിച്ചതുകൊണ്ട് അവിടുന്ന്
ബോധപൂർവ്വം യഹൂദ്യയിൽനിന്ന് അകന്നു
പാർത്തു. 2എന്നാൽ യഹൂദരുടെ കൂടാര
പ്പെരുനാൾ സമീപിച്ചപ്പോൾ 3യേശുവിൻെറ
സഹോദരന്മാർ അദ്ദേഹത്തോടു "താങ്കൾ
ഇവിടംവിട്ടുയഹൂദ്യയിലേക്കു പോകണം;താങ്കൾ
പ്രവർത്തിക്കുന്ന അത്ഭുത ങ്ങൾ ശിഷ്യന്മാർ
കാണട്ടെ. 4പൊതുജനമധ്യേ പ്രസിദ്ധി
ആഗ്രഹിക്കുന്ന ആരും രഹസ്യമായി ഒന്നും
പ്രവർത്തിക്കുന്നില്ലല്ലോ. ഈ കാര്യങ്ങൾ
ചെയ്യുന്നപക്ഷം താങ്കൾ ലോകത്തിനു സ്വയം
വെളിപ്പെടുത്തിക്കൊടുക്കണം" എന്നു പറഞ്ഞു.
5സ്വന്തംസഹോദരന്മാർ പോലും അദ്ദേഹത്തിൽ
വിശ്വസിച്ചിരുന്നില്ല.

6അതുകൊണ്ട് യേശു അവരോട്: "എൻെറ
സമയം ഇതുവരെ വന്നിട്ടില്ല. നിങ്ങൾക്കോ
എല്ലായ്പ്പോഴും സമയം തന്നേ. 7ലോകത്തിനു
നിങ്ങളെ വെറുക്കാൻ കഴിയുകയില്ല; എന്നാൽ
ലോകം ചെയ്യുന്നതു ദോഷമുള്ളതെന്നു ഞാൻ
സാക്ഷ്യം പറയുന്നതുകൊണ്ട് അത് എന്നെ
വെറുക്കുന്നു. 8നിങ്ങൾ പെരുന്നാളിനു
പൊയ്ക്കൊള്ളുക, എൻെറ സമയം ആയിട്ടില്ലാ
ത്തതിനാൽ പെരുന്നാളിന് ഞാൻ ഇപ്പോൾ
പോകുന്നില്ല" 9ഇങ്ങനെ പറഞ്ഞിട്ട് യേശു
ഗലീലയിൽത്തന്നേ പാർത്തു.

10എങ്കിലും, സഹോദരന്മാർ പെരുന്നാളിനു
പോയിക്കഴിഞ്ഞപ്പോൾ യേശുവും പരസ്യമായല്ല,
രഹസ്യമായിട്ടുപോയി. 11പെരുന്നാളിൽ യഹൂദർ
ആ മനുഷ്യൻ എവിടെ എന്നു ചോദിച്ച്
അദ്ദേഹത്തെ അന്വേഷിച്ചു.

12ജനസമൂഹത്തിൽ അദ്ദേഹത്തെക്കുറിച്ചു
രഹസ്യസംഭാഷണം നടന്നു. അദ്ദേഹം
നല്ലവനാണ് എന്നു ചിലരും അല്ല, ജനക്കൂട്ടത്തെ
കബളിപ്പിക്കുകയാണ് എന്നു മറ്റുചിലരും
പറഞ്ഞു. 13എന്നാൽ യഹൂദരെ പേടിച്ച് ആരും
അദ്ദേഹത്തെക്കുറിച്ചു പരസ്യമായി ഒന്നും
പറഞ്ഞില്ല.

*യേശു പെരുന്നാളിൽ ഉപദേശിക്കുന്നു*

14പെരുന്നാൾ പകുതി കഴിഞ്ഞപ്പോൾ യേശു
ദൈവാലയത്തിൽ എത്തി ഉപദേശിച്ചു തുടങ്ങി.
15യഹൂദർ ആശ്ചര്യപ്പെട്ട്, "വിദ്യാഭ്യാസം
ഇല്ലാത്ത ഈ മനുഷ്യന് ഇത്രയും അറിവു ലഭിച്ചത്
എങ്ങനെ?" എന്നു ചോദിച്ചു.

16യേശു അതിനു മറുപടി പറഞ്ഞു: "എൻെറ
ഉപദേശം എൻെറ സ്വന്തമല്ല; എന്നെ
അയച്ചവൻേറതാണ്. 17ആരെങ്കിലും ദൈവ
ത്തിൻെറ ഇഷ്ടം ചെയ്യാൻ ഇച്ഛിക്കുന്നുവെ
ങ്കിൽ, അവൻ എൻെറ ഉപദേശം ദൈവത്തിൽ
നിന്നുള്ളതോ ഞാൻ സ്വയമായി പറയുന്നതോ
എന്നു മനസ്സിലാക്കും. 18സ്വന്തനിലയിൽ
സംസാരിക്കുന്നവൻ തനിക്കായി ബഹുമാനം
നേടാൻ ശ്രമിക്കുന്നു. എന്നാൽ തന്നെ
അയച്ചവൻെറ മഹത്വത്തിനായി പ്രവർത്തിക്കു
ന്നവൻ സത്യസന്ധൻ; അവനിൽ കാപട്യമില്ല.
19മോശെ നിങ്ങൾക്കു ന്യായപ്രമാണം
തന്നില്ലയോ? എങ്കിലും നിങ്ങളിൽ ആരും
അതനുസരിക്കുന്നില്ല; നിങ്ങൾ എന്നെ കൊല്ലാൻ
ശ്രമിക്കുന്നത് എന്തിന്?"

20"നിന്നെ ഭൂതം ബാധിച്ചിരിക്കുകയാണ്"
ജനക്കൂട്ടം മറുപടി പറഞ്ഞു, "ആരാണു നിന്നെ
കൊല്ലാൻ ശ്രമിക്കുന്നത്?"

21യേശു അവരോടു പറഞ്ഞു: " ഞാൻ ഒരു
പ്രവൃത്തി ചെയ്തു; നിങ്ങളെല്ലാവരും അതിൽ
ആശ്ചര്യപ്പെട്ടു. 22 മോശെ നിങ്ങൾക്കു

47"അയാൾ നിങ്ങളെയും കബളിപ്പി
ച്ചിരിക്കുന്നുവോ?" പരീശന്മാർ തിരിച്ചു ചോദിച്ചു.
48"ഭരണാധികാരികളിലോ പരീശന്മാരിലോ
ആരെങ്കിലും അയാളിൽ വിശ്വസിച്ചിട്ടുണ്ടോ?
49ഇല്ല! എന്നാൽ ന്യായപ്രമാണം അറിയാത്ത
ഈ ജനക്കൂട്ടം ശപിക്കപ്പെട്ടവരത്രേ."50നേരത്തെ
യേശുവിന്റെ അടുക്കൽ ചെന്നിരുന്നവനും
അവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവനുമായ
നിക്കോദേമൊസ്, 51"ഒരു മനുഷ്യന്റെ മൊഴികേട്ട്
അവൻ ചെയ്യുന്നതെന്തെന്നു മനസ്സിലാക്കാതെ,
അവനു ശിക്ഷ വിധിക്കുവാൻ നമ്മുടെ
ന്യായപ്രമാണം അനുവദിക്കുന്നുണ്ടോ?" എന്നു
ചോദിച്ചു.
52അവർ മറുപടി പറഞ്ഞു: " താങ്കളും
ഗലീലക്കാരനോ? പരിശോധിച്ചു നോക്കുക;
ഗലീലയിൽ നിന്ന് ഒരു പ്രവാചകൻ എഴുന്നേ
ല്ക്കുന്നില്ലെന്ന് അപ്പോൾ വ്യക്തമാകും."
[53പിന്നീട് ഓരോരുത്തൻ അവനവന്റെ
വീട്ടിലേക്കുപോയി യേശുവോ ഒലിവുമല
യിലേക്കു പോയി.

8 അതിരാവിലെ അദ്ദേഹം വീണ്ടും
ദൈവാലയത്തിൽ എത്തി. ജനങ്ങൾ
അദ്ദേഹത്തിന്റെ ചുറ്റും വന്നുകൂടി. അവിടുന്ന്
അവരെ ഉപദേശിക്കാൻ ഇരുന്നു. 3വേദജ്ഞരും
പരീശന്മാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു
സ്ത്രീയെ കൊണ്ടുവന്നു. അവർ അവളെ
നടുവിൽ നിറുത്തിയിട്ട് 4യേശുവിനോടു പറഞ്ഞു:
"ഗുരോ, ഈ സ്ത്രീയെ വ്യഭിചാരകർമ്മത്തിൽ
പിടിച്ചിരിക്കുന്നു. 5ഇങ്ങനെയുള്ള സ്ത്രീകളെ
കല്ലെറിയണമെന്നു മോശെ ന്യായപ്രമാണത്തിൽ
ഞങ്ങളോടു കല്പിച്ചി രിക്കുന്നു. അങ്ങ് എന്തു
പറയുന്നു?" 6അദ്ദേഹത്തെ കുറ്റം ചുമത്തേണ്ട
തിന് എന്തെങ്കിലും തക്ക കാരണം കിട്ടുന്നതിന്
അവർ പ്രയോഗിച്ച ഒരു കെണിയായിരുന്നു ഈ
ചോദ്യം.
എന്നാൽ യേശു കുനിഞ്ഞ് വിരൽ കൊണ്ടു
നിലത്ത് എഴുതിക്കൊണ്ടിരുന്നു. 7അവർ ചോദ്യം
തുടർന്നപ്പോൾ അദ്ദേഹം നിവിർന്ന് അവരോട്,
"നിങ്ങളിൽ പാപം ഇല്ലാത്തവൻ ഇവളെ ആദ്യം
കല്ലെറിയട്ടെ" എന്നു പറഞ്ഞു. 8അദ്ദേഹം വീണ്ടും
കുനിഞ്ഞു നിലത്തെഴുതിക്കൊണ്ടിരുന്നു.
9അതുകേട്ട്, കുറ്റബോധത്താൽ, ഏറ്റവും
മുതിർന്നവൻ മുതൽ എല്ലാവരും ഓരോ
രുത്തരായി സ്ഥലം വിട്ടു. ഒടുവിൽ യേശുവും
അവിടെ നിന്നിരുന്ന സ്ത്രീയും ശേഷിച്ചു. 10യേശു
നിവിർന്ന് അവളോട്, "സ്ത്രീയേ, അവർ എവിടെ?
ആരും നിനക്കു ശിക്ഷ വിധിച്ചില്ലേ?" എന്നു
ചോദിച്ചു.
11"ഇല്ല പ്രഭോ" അവൾ പറഞ്ഞു.
യേശു പറഞ്ഞു: "പൊയ്ക്കൊള്ളുക. ഞാനും
നിനക്കു ശിക്ഷ വിധിക്കുന്നില്ല. ഇനിമേൽ പാപം
ചെയ്യരുത്."]

*യേശുവിന്റെ സാക്ഷ്യം*

12യേശു വീണ്ടും ജനങ്ങളോടു സംസാരിച്ചു: "
ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു.
എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും ഇരുളിൽ
നടക്കേണ്ടിവരികയില്ല; അവൻ ജീവന്റെ
പ്രകാശം ഉള്ളവൻ ആയിരിക്കും."
13പരീശന്മാർ അദ്ദേഹത്തോട്, "താങ്കൾ
താങ്കളെക്കുറിച്ചുതന്നേ സാക്ഷ്യം പറയുന്നു,
അതു സത്യമല്ല" എന്നു പറഞ്ഞു.
14യേശു മറുപടി പറഞ്ഞു. "ഞാൻ
എന്നെക്കുറിച്ചുതന്നേ സാക്ഷ്യം പറയുന്നു
വെങ്കിലും എന്റെ സാക്ഷ്യം സത്യമാണ്.
കാരണം, ഞാൻ എവിടെനിന്നു വന്നു എന്നും
എവിടേക്കു പോകുന്നുവെന്നും എനിക്കറിയാം.
എന്നാൽ ഞാൻ എവിടെനിന്നു വരുന്നുവെന്നോ
എവിടേക്കു പോകുന്നുവെന്നോ നിങ്ങൾ
അറിയുന്നില്ല. 15നിങ്ങൾ മനുഷ്യന്റെ മാനദണ്ഡം
വച്ചു വിധിക്കുന്നു; ഞാൻ ആരെയും
വിധിക്കുന്നില്ല. 16വിധിക്കുന്നെങ്കിലോ ഞാൻ
തനിയേ അല്ല, എന്നെ അയച്ച പിതാവിനോടു
കൂടെയാകയാൽ എന്റെ വിധി സത്യമാകുന്നു.
17രണ്ടുപേരുടെ സാക്ഷ്യം സത്യമെന്നു നിങ്ങളുടെ
ന്യായപ്രമാണത്തിൽ എഴുതി യിട്ടുണ്ടല്ലോ.
18ഞാൻ എന്നെക്കുറിച്ചുതന്നേ സാക്ഷ്യം
പറയുന്നു; എന്നെ അയച്ച പിതാവും എന്നെപ്പറ്റി
സാക്ഷ്യം പറയുന്നു.
19 "താങ്കളുടെ പിതാവ് എവിടെ?" അവർ
ചോദിച്ചു.
യേശു ഉത്തരം പറഞ്ഞു: "നിങ്ങൾക്ക്
എന്നെയോ എന്റെ പിതാവിനെയോ
അറിഞ്ഞുകൂടാ. നിങ്ങൾ എന്നെ അറി
ഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും
അറിയുമായിരുന്നു.
20ദൈവാലയത്തിലെ ഭണ്ഡാരസ്ഥലത്തു
വച്ചാണ് യേശു ഈ വാക്കുകൾ പറഞ്ഞത്.
എങ്കിലും അദ്ദേഹത്തിന്റെ സമയം
വന്നിട്ടില്ലായിരുന്നതുകൊണ്ട് ആരും
അദ്ദേഹത്തെ പിടിച്ചില്ല.
21യേശു വീണ്ടും അവരോടു പറഞ്ഞു: "ഞാൻ
പോകുന്നു; നിങ്ങൾ എന്നെ അന്വേഷിക്കും.
നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും. ഞാൻ
പോകുന്നേടത്തു നിങ്ങൾക്കു വരുവാൻ
കഴിയുകയില്ല."
22അതിനാൽ യഹൂദർ ചോദിച്ചു: " ഇയാൾ
ആത്മഹത്യചെയ്യുമോ? അതുകൊണ്ടായിരി
ക്കുമോ 'ഞാൻ പോകുന്നേടത്തു നിങ്ങൾക്കു
വരാൻ കഴിയുകയില്ല' എന്ന് ഇയാൾ പറയുന്നത്?"
23യേശു ഇങ്ങനെ തുടർന്നു, "നിങ്ങൾ
താഴെനിന്നുള്ളവരാണ്; ഞാൻ മുകളിൽ

നിന്നുള്ളവനും. നിങ്ങൾ ഈ ലോകത്തിനു
ള്ളവരാണ്, ഞാനോ ഈ ലോകത്തിനുള്ളവനല്ല.
24നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും
എന്നു ഞാൻ പറഞ്ഞുവല്ലോ; ഞാൻ [അങ്ങ
നെയുള്ളവൻ] ആകുന്നു എന്നു നിങ്ങൾ
വിശ്വസിക്കുന്നില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ
പാപങ്ങളിൽ മരിക്കും.
25"താങ്കൾ ആരാണ്?" അവർ ചോദിച്ചു.
യേശു മറുപടി പറഞ്ഞു: "ഞാൻ എന്നെപ്പറ്റി
ആദ്യംമുതലേ പറഞ്ഞുപോരുന്നതുതന്നേ.
26എനിക്കു നിങ്ങളെക്കുറിച്ചു പല കാര്യങ്ങൾ
പറയുവാനും വിധിക്കുവാനുമുണ്ട്. എന്നെ
അയച്ചവൻ സത്യവാൻ ആകുന്നു. അവിടുന്ന്
എന്നോടു സംസാരിച്ച കാര്യങ്ങൾ ഞാൻ
ലോകത്തെ അറിയിക്കുന്നു, 27അദ്ദേഹം തന്റെ
പിതാവിനെക്കുറിച്ചാണു സംസാരിച്ചതെന്ന്
അവർ ഗ്രഹിച്ചില്ല. 28അതുകൊണ്ട് യേശു
പറഞ്ഞു: "നിങ്ങൾ മനുഷ്യപുത്രനെ
ഉയർത്തിക്കഴിയുമ്പോൾ ഞാൻ ആരാകുന്നു
എന്നും ഞാൻ സ്വയമായി ഒന്നുംചെയ്യാതെ
എന്റെ പിതാവ് ഉപദേശിച്ചുതന്നതുമാത്രം
സംസാരിക്കുന്നുവെന്നും നിങ്ങൾ അറിയും.
29എന്നെ അയച്ചവൻ എന്റെ കൂടെയുണ്ട്.
അവിടുന്ന് എന്നെ ഏകനായി വിട്ടിട്ടില്ല; ഞാൻ
എപ്പോഴും അവിടുത്തേക്ക് ഇഷ്ടമുള്ളതു
പ്രവർത്തിക്കുന്നു." 30യേശു ഇതു സംസാരി
ച്ചപ്പോൾ പലരും അദ്ദേഹത്തിൽ വിശ്വസിച്ചു.

*അബ്രാഹാമിന്റെ മക്കൾ*

31തന്നിൽ വിശ്വസിച്ച യഹൂദരോട് യേശു
പറഞ്ഞു: " എന്റെ വചനത്തിൽ നിലനിന്നാൽ
നിങ്ങൾ വാസ്തവത്തിൽ എന്റെ ശിഷ്യ
ന്മാരായിരിക്കും. 32അപ്പോൾ നിങ്ങൾ സത്യം
അറിയുകയും സത്യം നിങ്ങളെ സ്വതന്ത്ര
രാക്കുകയും ചെയ്യും."
33അവർ അദ്ദേഹത്തോടു പറഞ്ഞു: "ഞങ്ങൾ
അബ്രാഹാമിന്റെ സന്തതികളാണ്, ഞങ്ങൾ
ഒരിക്കലും ആരുടെയും അടിമകളായിരുന്നിട്ടില്ല.
പിന്നെ, ഞങ്ങളെ സ്വതന്ത്രരാക്കുമെന്നു താങ്കൾ
പറയുന്നതെങ്ങനെ?"
34യേശു പറഞ്ഞു: " സത്യമായി, സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു, പാപം
ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്.
35അടിമ സ്ഥിരമായി വീട്ടിൽ വസിക്കുന്നില്ല;
പുത്രനോ എപ്പോഴും വസിക്കുന്നു. 36അതു
കൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ
നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും.
37നിങ്ങൾ അബ്രാഹാമിന്റെ സന്തതിയെന്ന്
എനിക്കറിയാം. എന്നിട്ടും നിങ്ങൾ എന്നെ
കൊല്ലാൻ ഭാവിക്കുന്നു; എന്റെ വചനത്തിനു
നിങ്ങളിൽ സ്ഥാനമില്ലല്ലോ. 38പിതാവിന്റെ
സന്നിധിയിൽ ഞാൻ കണ്ടിട്ടുള്ള കാര്യങ്ങളാണു
നിങ്ങളോടു പ്രസ്താവിക്കുന്നത്; നിങ്ങളോ
നിങ്ങളുടെ പിതാവിൽനിന്നു കേട്ടിട്ടുള്ളതു
ചെയ്യുന്നു."
39"അബ്രാഹാമാണ് ഞങ്ങളുടെ പിതാവ് "
അവർ മറുപടി പറഞ്ഞു.
അതിനു യേശു അവരോടു പറഞ്ഞത്:
"നിങ്ങൾ അബ്രാഹാമിന്റെ സന്തതികൾ
ആയിരുന്നെങ്കിൽ, അബ്രാഹാം ചെയ്ത
കാര്യങ്ങൾ ചെയ്യുമായിരുന്നു. 40എന്നാൽ,
ദൈവത്തിൽനിന്നു കേട്ട സത്യം നിങ്ങൾക്കു തന്ന
മനുഷ്യനായ എന്നെ കൊല്ലുവാൻ നിങ്ങൾ
ഭാവിക്കുന്നു. അബ്രാഹാം അങ്ങനെ
ചെയ്തില്ലല്ലോ! 41നിങ്ങളുടെ പിതാവിന്റെ
പ്രവൃത്തികൾതന്നേ നിങ്ങളും ചെയ്യുന്നു."
"ഞങ്ങൾ ജാരസന്തതികളല്ല" അവർ
പ്രതിഷേധിച്ചു, "ഞങ്ങൾക്കൊരു പിതാവേ
യുള്ളു; ദൈവം തന്നേ."

*പിശാചിന്റെ സന്തതികൾ*

42യേശു അവരോടു പറഞ്ഞത്: "ദൈവം
നിങ്ങളുടെ പിതാവായിരുന്നെങ്കിൽ നിങ്ങൾ
എന്നെ സ്നേഹിക്കുമായിരുന്നു, ഞാൻ ദൈവ
ത്തിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു. ഞാൻ
സ്വമേധയാ വന്നതല്ല; അവിടുന്ന് എന്നെ
അയച്ചതാണ്. 43എന്റെ വാക്കുകൾ നിങ്ങൾ
മനസ്സിലാക്കാത്തത് എന്തുകൊണ്ട്? ഞാൻ
പറയുന്നതു ഗ്രഹിക്കാൻ മനസ്സില്ലാ
ത്തതുകൊണ്ടത്രേ. 44പിശാചെന്ന പിതാവിന്റെ
മക്കളാണു നിങ്ങൾ. നിങ്ങളുടെ പിതാവിന്റെ
ഇഷ്ടം നിറവേറ്റാൻ നിങ്ങൾ ഇച്ഛിക്കുന്നു.
അവൻ ആദിമുതലേ കൊലപാതകൻ
ആയിരുന്നു. അവനിൽ സത്യം ഇല്ലാത്തതു
കൊണ്ട് അവൻ സത്യത്തിന്റെ വശത്തു
നില്ക്കുന്നതുമില്ല. വ്യാജം പറയുമ്പോൾ അവൻ
സ്വന്തം ഭാഷ സംസാരിക്കുന്നു. അവൻ വ്യാജം
പറയുന്നവനും വ്യാജത്തിന്റെ അപ്പനും
ആകുന്നു. 45എന്നാൽ ഞാൻ സത്യം പറയുന്ന
തുകൊണ്ടു നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല.
46നിങ്ങളിൽ ആർക്ക് എന്നിൽ പാപം ആരോപി
ക്കാൻ കഴിയും? ഞാൻ സത്യം പറയുന്നുവെങ്കിൽ
നിങ്ങൾ എന്നെ വിശ്വസിക്കാത്തത് എന്ത്?
47ദൈവത്തിൽ നിന്നുള്ളവൻ ദൈവത്തിന്റെ
വാക്കു കേൾക്കുന്നു. നിങ്ങൾ ദൈവത്തിൽ
നിന്നുള്ളവർ അല്ലാത്തതുകൊണ്ടാണ് അവിടു
ത്തെ വാക്കു കേൾക്കാത്തത്."

*യേശുവിന്റെ അവകാശവാദങ്ങൾ*

48യഹൂദർ പറഞ്ഞു: "താങ്കൾ ഒരു ശമര്യാ
ക്കാരൻ എന്നും ഭൂതം ബാധിച്ചവൻ എന്നും
ഞങ്ങൾ പറയുന്നതു ശരിയല്ലേ?"

49യേശു പറഞ്ഞു: "എന്നെ ഭൂതം ബാധിച്ചിട്ടില്ല.
ഞാൻ എൻെറ പിതാവിനെ ബഹുമാനിക്കുന്നു.
നിങ്ങളോ എന്നെ അപമാനിക്കുന്നു. 50ഞാൻ
സ്വന്തമഹത്ത്വം അന്വേഷിക്കുന്നില്ല; എന്നാൽ
അത് അന്വേഷിക്കുന്ന ഒരുവൻ ഉണ്ട്.
അവിടുന്നാണ് വിധികർത്താവ്. 51സത്യമായി,
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എൻെറ
വചനം പ്രമാണിക്കുന്നവൻ ഒരു നാളും മരണം
കാണുകയില്ല."
52ഇതുകേട്ട് യഹൂദർ പറഞ്ഞു: "താങ്കൾ
ഭൂതബാധിതനെന്ന് ഇപ്പോൾ ഞങ്ങൾക്കു
മനസ്സിലായി. അബ്രാഹം മരിച്ചു. പ്രവാചകന്മാരും
മരിച്ചു. എന്നിട്ടും താങ്കൾ പറയുകയാണ്, ഒരുവൻ
താങ്കളുടെ വചനം പ്രമാണിച്ചാൽ അവൻ
ഒരിക്കലും മരണം ആസ്വദിക്കുകയില്ലെന്ന്!
53ഞങ്ങളുടെ പിതാവായ അബ്രഹാമിനേക്കാൾ
താങ്കൾ വലിയവനോ? അദ്ദേഹം മരിച്ചു, അതു
പോലെ പ്രവാചകന്മാരും മരിച്ചു. താങ്കൾ
ആരെന്നാണ് താങ്കളുടെ വിചാരം?"
54യേശു മറുപടി പറഞ്ഞു: " ഞാൻ
എന്നെത്തന്നേ മഹത്ത്വപ്പെടുത്തുന്നുവെങ്കിൽ
എൻെറ മഹത്ത്വം ഏതുമില്ല. നിങ്ങളുടെ ദൈവം
എന്ന് നിങ്ങൾ അവകാശപ്പെടുന്ന എൻെറ
പിതാവാണ് എന്നെ മഹത്ത്വപ്പെടുത്തുന്നത്.
55നിങ്ങൾ അവിടുത്തെ അറിയുന്നില്ലെങ്കിലും
ഞാൻ അറിയുന്നു. ഞാൻ അറിയുന്നില്ല എന്നു
പറഞ്ഞാൽ ഞാനും നിങ്ങളെപ്പോലെ അസത്യ
വാദിയാകും; എന്നാൽ ഞാൻ അവിടുത്തെ
അറിയുകയും അവിടുത്തെ വചനം
പ്രമാണിക്കുകയും ചെയ്യുന്നു. 56നിങ്ങളുടെ
പിതാവായ അബ്രാഹാം എൻെറ ദിവസം കാണും
എന്നോർത്തു സന്തോഷിച്ചു; അദ്ദേഹം
അതുകണ്ട് ആനന്ദിക്കുകയും ചെയ്തു."
57"താങ്കൾക്ക് അമ്പതു വയസ്സുപോലും
ആയിട്ടില്ല," യഹൂദർ പറഞ്ഞു. "എന്നിട്ടും അബ്രാ
ഹാമിനെ കണ്ടിട്ടുണ്ടെന്നോ?
58യേശു പറഞ്ഞു: "സത്യമായി, സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു. അബ്രാഹാം
ജനിക്കുന്നതിനുമുമ്പേ ഞാൻ ഉണ്ട്." 59അപ്പോൾ
അവർ അദ്ദേഹത്തെ എറിയുവാൻ കല്ലെടുത്തു.
എന്നാൽ യേശു മറഞ്ഞു ദൈവാലയം
വിട്ടുപോയി.

*യേശു അന്ധന് കാഴ്ച നല്കുന്നു*

9 യേശു കടന്നുപോകുമ്പോൾ പിറവി
യിലെ അന്ധനായ ഒരു മനുഷ്യനെ കണ്ടു.
2ശിഷ്യന്മാർ ചോദിച്ചു: "റബ്ബീ, ആരു പാപം
ചെയ്തിട്ടാണ് ഇവൻ അന്ധനായി ജനിച്ചത്?
ഇവനോ ഇവൻെറ മാതാപിതാക്കളോ?"
3യേശു പറഞ്ഞു. "ഇവനോ ഇവൻെറ
മാതാപിതാക്കളോ പാപം ചെയ്തിട്ടില്ല. പിന്നെയോ
ദൈവത്തിൻെറ പ്രവൃത്തി ഇവനിൽ
വെളിപ്പെടുവാനാണ്. 4പകൽ ഉള്ളേടത്തോളം
എന്നെ അയച്ചവൻെറ പ്രവൃത്തി നാം
ചെയ്യേണ്ടതാകുന്നു. ആർക്കും പ്രവർത്തി
ക്കുവാൻ സാധ്യമല്ലാത്ത രാത്രി വരുന്നു. 5ഞാൻ
ലോകത്തിൽ ആയിരിക്കുമ്പോൾ ലോകത്തിൻെറ
വെളിച്ചം ആകുന്നു."
6ഇതു പറഞ്ഞശേഷം അവിടുന്ന് നിലത്തു
തുപ്പി, ഉമിനീരുകൊണ്ടു ചെളിയുണ്ടാക്കി ആ
മനുഷ്യൻെറ കണ്ണിൽ പൂശി. 7"നീ ചെന്നു
ശീലോഹാം കുളത്തിൽ കഴുകുക, എന്ന്
അവനോടു പറഞ്ഞു. (ശീലോഹാം എന്ന
വാക്കിന് അയയ്ക്കപ്പെട്ടവൻ എന്നർത്ഥം.)
അങ്ങനെ ആ മനുഷ്യൻ പോയി, കഴുകി
കാഴ്ചയുള്ളവനായി മടങ്ങിയെത്തി.
8അയാളുടെ അയല്ക്കാരും അയാൾ ഭിക്ഷ
യാചിക്കുന്നതു കണ്ടിട്ടുള്ളവരും ചോദിച്ചു.
"ഇയാൾ തന്നെയല്ലേ അവിടെ ഭിക്ഷ
യാചിച്ചുകൊണ്ടിരുന്നത്?" 9"അവൻ തന്നേ"
എന്നു ചിലർ വിളിച്ചു പറഞ്ഞു. മറ്റു ചിലരോ
"അല്ല, ഇയാളെപ്പോലെയുള്ള ഒരുവനാണ്"
എന്നു പറഞ്ഞു.
"ഞാൻതന്നേ ആ മനുഷ്യൻ" അയാൾ ഉറപ്പിച്ചു
പറഞ്ഞു. 10"നിൻെറ കണ്ണുകൾ തുറന്നത് എങ്ങ
നെ?" അവർ അയാളോടു ചോദിച്ചു.
11അയാൾ ഉത്തരം പറഞ്ഞു: " യേശു എന്നു
പേരുള്ള മനുഷ്യൻ ചേറുണ്ടാക്കി എൻെറ
കണ്ണിൽ പൂശി, എന്നോട് ശീലോഹാം കുളത്തിൽ
ചെന്നു കഴുകുവാൻ പറഞ്ഞു. ഞാൻ പോയി
കഴുകി; അങ്ങനെ എനിക്കു കാഴ്ച കിട്ടുകയും
ചെയ്തു."
12" ആ മനുഷ്യൻ എവിടെ?" അവർ ചോദിച്ചു.
"എനിക്കറിഞ്ഞുകൂടാ" അയാൾ പറഞ്ഞു.

*പരീശന്മാരുടെ അന്വേഷണം*

13അന്ധനായിരുന്ന മനുഷ്യനെ അവർ
പരീശന്മാരുടെ അടുക്കൽ കൊണ്ടുപോയി.
14യേശു ചേറുണ്ടാക്കി അയാളുടെ കണ്ണു
തുറന്നത് ശബ്ബത്തുദിവസത്തിലായിരുന്നു.
15അതിനാൽ അയാൾക്കു കാഴ്ച ലഭിച്ചത്
എങ്ങനെയെന്ന് പരീശന്മാർ ചോദിച്ചു. അയാൾ
മറുപടി പറഞ്ഞു: "അദ്ദേഹം എൻെറ കണ്ണുകളിൽ
ചേറു പുരട്ടി. ഞാൻ അതു കഴുകിക്കളഞ്ഞു.
ഇപ്പോൾ എനിക്കു കാഴ്ചയുണ്ട്. "
16പരീശന്മാരിൽ ചിലർ: "ഈ മനുഷ്യൻ
ശബ്ബത്ത് ആചരിക്കാത്തതിനാൽ ദൈവത്തിൽ
നിന്നുള്ളവനല്ല" എന്നു പറഞ്ഞു.
മറ്റു ചിലർ ചോദിച്ചു: "പാപിയായ ഒരുവന്
ഇങ്ങനെയുള്ള അടയാളങ്ങൾ ചെയ്യുവാൻ
കഴിയുമോ?" അങ്ങനെ അവരുടെ ഇടയിൽ
ഭിന്നതയുണ്ടായി.

17അന്ധനായിരുന്നവനോട് അവർ വീണ്ടും
ചോദിച്ചു: "നിനക്ക് അയാളെക്കുറിച്ച് എന്താണു
പറയുവാനുള്ളത്? അയാളാണല്ലോ നിൻെറ
കണ്ണുകൾ തുറന്നത്!" "അദ്ദേഹം ഒരു
പ്രവാചകനാണ്" ആ മനുഷ്യൻ മറുപടി പറഞ്ഞു.
18അയാൾ അന്ധനായിരുന്നുവെന്നും പിന്നീട്
കാഴ്ച പ്രാപിച്ചുവെന്നും അയാളുടെ
അമ്മയപ്പന്മാരെ വിളിച്ചുചോദിക്കുന്നതു വരെയും
യഹൂദർ വിശ്വസിച്ചില്ല. 19"ഇവൻ നിങ്ങളുടെ
മകനാണോ? ജന്മനാ കുരുടനായിരുന്നുവെന്നു
നിങ്ങൾ പറയുന്നവൻ ഇവൻ തന്നെയോ? ഇവന്
ഇപ്പോൾ കാഴ്ച ലഭിച്ചതെങ്ങനെ?" അവർ
ചോദിച്ചു.
20അവൻെറ മാതാപിതാക്കൾ മറുപടി പറഞ്ഞു:
"ഇവൻ ഞങ്ങളുടെ മകനാണ്, ജന്മനാ ഇവൻ
അന്ധനായിരുന്നുവെന്നും ഞങ്ങൾക്ക് അറിയാം.
21എന്നാൽ ഇപ്പോൾ ഇവനു കാഴ്ച ലഭിച്ചത്
എങ്ങനെയെന്നോ ഇവൻെറ കണ്ണു തുറന്നത്
ആരെന്നോ ഞങ്ങൾക്ക് അറിഞ്ഞുകൂടാ.
അവനോടു ചോദിക്കുക. അവനു പ്രായമുണ്ടല്ലോ.
അവൻ തന്നെ പറയട്ടേ." 22 യഹൂദരെ ഭയന്നാണ്
അവൻെറ മാതാപിതാക്കൾ ഇങ്ങനെ പറഞ്ഞത്;
യേശുവിനെ ക്രിസ്തുവായി ആരെങ്കിലും
അംഗീകരിച്ചാൽ അയാളെ പള്ളിയിൽ നിന്നു
പുറത്താക്കണമെന്നു യഹൂദർ മുമ്പേതന്നേ
തീരുമാനിച്ചിരുന്നു. 23 അതുകൊണ്ടാണ്,
"അവനു പ്രായമുണ്ടല്ലോ, അവനോടു
ചോദിക്കുക" എന്ന് അവൻെറ മാതാപിതാക്കൾ
പറഞ്ഞത്.
24അന്ധനായിരുന്ന മനുഷ്യനെ അവർ
രണ്ടാമതും വിളിപ്പിച്ചു; "ദൈവത്തിനു മഹത്ത്വം
കൊടുക്കുക,[a] ഈ മനുഷ്യൻ പാപിയാണെന്ന്
ഞങ്ങൾക്കറിയാം" എന്നു പറഞ്ഞു.
25അദ്ദേഹം പാപിയാണോ അല്ലയോ എന്ന്
എനിക്കറിഞ്ഞുകൂടാ," അയാൾ പറഞ്ഞു.
"ഒന്നെനിക്കറിയാം; ഞാൻ അന്ധനായിരുന്നു.
എന്നാൽ ഇപ്പോൾ എനിക്കു കാഴ്ചയുണ്ട്."
26അവർ അയാളോട്, "ഈ മനുഷ്യൻ നിനക്ക്
എന്തു ചെയ്തു? എങ്ങനെയാണ് അയാൾ
നിൻെറ കണ്ണു തുറന്നത്?" എന്നു പിന്നെയും
ചോദിച്ചു.
27അവൻ പറഞ്ഞു: "ഞാൻ നിങ്ങളോടു
പറഞ്ഞുകഴിഞ്ഞല്ലോ, നിങ്ങൾ ശ്രദ്ധിച്ചില്ല;
എന്തിനാണതു വീണ്ടും കേൾക്കുന്നത്?
നിങ്ങൾക്കും അദ്ദേഹത്തിൻെറ ശിഷ്യന്മാർ
ആകുവാൻ ആഗ്രഹമുണ്ടോ?"
28അപ്പോൾ അവർ അവനെ ശകാരിച്ചുകൊണ്ട്:
"നീ അയാളുടെ ശിഷ്യൻ! ഞങ്ങൾ മോശെയുടെ
ശിഷ്യന്മാർ! 29ദൈവം മോശെയോടു
സംസാരിച്ചുവെന്നു ഞങ്ങൾക്ക റിയാം. എന്നാൽ
ഇയാൾ, എവിടെനിന്നു വരുന്നു എന്നുപോലും
ഞങ്ങൾക്ക് അറിഞ്ഞുകൂടാ" എന്നു പറഞ്ഞു.
30അയാൾ ഉത്തരം പറഞ്ഞു: "ഇത് ആശ്ചര്യം
തന്നേ! അദ്ദേഹം എവിടെനിന്നു വന്നു എന്നു
നിങ്ങൾക്ക് അറിഞ്ഞുകൂടാ! എങ്കിലും അദ്ദേഹം
എൻെറ കണ്ണു തുറന്നിരിക്കുന്നു. 31പാപികളുടെ
പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നു
നമുക്കറിയാം. അവിടുത്തെ ഇഷ്ടം ചെയ്യുന്ന
ഭക്തന്മാരുടെ അപേക്ഷ അവിടുന്നു
കേൾക്കുന്നു. 32ജന്മനാ അന്ധനായിരുന്ന
ഒരുവൻെറ കണ്ണ് തുറന്നതായി ആരും ഒരിക്കലും
കേട്ടിട്ടില്ല. 33ഈ മനുഷ്യൻ ദൈവത്തിൽ
നിന്നുള്ളവൻ അല്ലായിരുന്നുവെങ്കിൽ
ഇദ്ദേഹത്തിന് ഒന്നും പ്രവർത്തിക്കാൻ സാധിക്കു
മായിരുന്നില്ല."
34അതിനു മറുപടിയായി അവർ പറഞ്ഞു:
"ജന്മനാ പാപത്തിൽ മുഴുകിയിരുന്ന നീ ഞങ്ങളെ
പഠിപ്പിക്കാൻ ഭാവിക്കുന്നുവോ?" അവർ അയാളെ
പുറത്താക്കി.

*ആത്മിക അന്ധത*

35അയാളെ പുറത്താക്കി എന്ന് യേശു കേട്ടു;
അയാളെ കണ്ടപ്പോൾ, "നീ മനുഷ്യപുത്രനിൽ
വിശ്വസിക്കുന്നുവോ?" എന്നു ചോദിച്ചു.
36"പ്രഭോ, അദ്ദേഹം ആരാണ്?" അയാൾ
ചോദിച്ചു. "ഞാൻ അദ്ദേഹത്തിൽ വിശ്വസിക്കേ
ണ്ടതിന് എന്നോടു പറഞ്ഞാലും."
37യേശു അവനോട്: "നീ അദ്ദേഹത്തെ
കണ്ടിരിക്കുന്നു; ഇപ്പോൾ നിന്നോട് സംസാ
രിച്ചുകൊണ്ടിരിക്കുന്നത് അദ്ദേഹമാണ്" എന്നു
പറഞ്ഞു.
38"കർത്താവേ, ഞാൻ വിശ്വസിക്കുന്നു" എന്നു
പറഞ്ഞ് ആ മനുഷ്യൻ യേശുവിനെ നമസ്കരിച്ചു.
39യേശു പറഞ്ഞു: "ന്യായവിധിക്കായി ഞാൻ
ഈ ലോകത്തിലേക്കു വന്നിരിക്കുന്നു; അന്ധർ
കാഴ്ച പ്രാപിക്കേണ്ടതിനും കാഴ്ചയുള്ളവർ
അന്ധരായിത്തീരേണ്ടതിനും തന്നേ."
40സമീപത്തു നിന്നിരുന്ന ചില പരീശന്മാർ
ഇതു കേട്ടിട്ട് "എന്ത്, ഞങ്ങളും അന്ധരോ?"
എന്നു ചോദിച്ചു.
41യേശു പറഞ്ഞു: "നിങ്ങൾ അന്ധരായി
രുന്നെങ്കിൽ പാപം ഇല്ലാതിരിക്കുമായിരുന്നു.
എന്നാൽ കാഴ്ചയുണ്ടെന്നു സ്വയം പറയു
ന്നതുകൊണ്ടു നിങ്ങളുടെ പാപം നില
നില്ക്കുന്നു."

*ഇടയനും ആട്ടിൻകൂട്ടവും*

10 "സത്യമായി, സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു; ആട്ടിൻ
തൊഴുത്തിൽ വാതിലിലൂടെ അല്ലാതെ വേറേ

[a] 24 സത്യം പറയുവാൻ ആജ്ഞാപിക്കുന്ന ഒരു രീതി. യോശുവാ 7:19 കാണുക

വഴിയായി കടക്കുന്നവൻ കള്ളനും കൊള്ള
ക്കാരനും ആകുന്നു. 2വാതിലിലൂടെ
പ്രവേശിക്കുന്നവൻ ആടുകളുടെ ഇടയനാണ്.
3കാവൽക്കാരൻ അവനുവേണ്ടി വാതിൽ തുറന്നു
കൊടുക്കുന്നു. ആടുകൾ അവന്റെ ശബ്ദം
കേൾക്കുന്നു. ആടുകളെ അവൻ പേരുചൊല്ലി
വിളിച്ചു പുറത്തുകൊണ്ടുപോകുന്നു.
4തനിക്കുള്ളവയെ എല്ലാം പുറത്തുകൊണ്ടു
വന്നശേഷം അവൻ അവയ്ക്കു മുമ്പേ നടക്കുന്നു.
ആടുകൾ അവന്റെ ശബ്ദം തിരിച്ചറിഞ്ഞ്
അവനെ അനുഗമിക്കുന്നു. 5എന്നാൽ ഒരു
അപരിചിതനെ അവ ഒരിക്കലും
അനുഗമിക്കുകയില്ല. അപരിചിതന്റെ ശബ്ദം
തിരിച്ചറിയാത്തതുകൊണ്ട് അവ അയാളെ വിട്ട്
ഓടിപ്പോകും. 6യേശു ഇത് ഒരു ദൃഷ്ടാന്തമായി
പറഞ്ഞു; എങ്കിലും അദ്ദേഹം പറഞ്ഞതെ
ന്താണെന്ന് അവർ ഗ്രഹിച്ചില്ല.

7യേശു വീണ്ടും അവരോടു പറഞ്ഞു:
“സത്യമായി, സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, ആടുകളുടെ വാതിൽ ഞാൻ
ആകുന്നു. 8എനിക്കു മുമ്പു വന്നവരെല്ലാം
കള്ളന്മാരും കൊള്ളക്കാരും ആയിരുന്നു,
ആടുകൾ അവരെ ശ്രദ്ധിച്ചില്ല. 9ഞാൻ വാതിൽ
ആകുന്നു. എന്നിലൂടെ കടക്കുന്നവൻ
രക്ഷപെടും[a] അവൻ അകത്തു വരികയും പുറത്തു
പോവുകയും മേച്ചിൽ കണ്ടെത്തുകയും ചെയ്യും.
10മോഷ്ടിക്കുവാനും കൊല്ലുവാനും
മുടിക്കുവാനുമാണ് കള്ളൻ വരുന്നത്. എന്നാൽ
അവർക്കു ജീവൻ ഉണ്ടാകുവാനും അതു
സമൃദ്ധിയായി ഉണ്ടാകുവാനുമത്രേ ഞാൻ
വന്നിരിക്കുന്നത്. 11ഞാൻ നല്ല ഇടയൻ; നല്ല
ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ
കൊടുക്കുന്നു. 12കൂലിക്കാരൻ ആടുകളുടെ
ഉടമസ്ഥനല്ലായ്കയാൽ ചെന്നായ് വരുന്നതു
കാണുമ്പോൾ ആടുകളെ വിട്ട് ഓടിപ്പോകുന്നു.
അപ്പോൾ ചെന്നായ് ആട്ടിൻപറ്റത്തെ ആക്രമിച്ചു
ചിതറിച്ചുകളയുന്നു. 13അവൻ കൂലിക്കാരനും
ആടുകളെക്കുറിച്ചു കരുതൽ ഇല്ലാത്തവനുമല്ലോ.

14“ഞാൻ നല്ല ഇടയൻ; 15പിതാവ് എന്നെയും
ഞാൻ പിതാവിനെയും അറിയുന്നതുപോലെ
ഞാൻ എന്റെ ആടുകളെയും എന്റെ ആടുകൾ
എന്നെയും അറിയുന്നു. ആടുകൾക്കുവേണ്ടി
ഞാൻ എന്റെ ജീവനെ കൊടുക്കുന്നു. 16ഈ
തൊഴുത്തിൽ ഉൾപ്പെടാത്ത വേറെയും ആടുകൾ
എനിക്കുണ്ട്. അവയെയും ഞാൻ
നയിക്കേണ്ടതാകുന്നു. അവയും എന്റെ ശബ്ദം
കേൾക്കും. അങ്ങനെ ഒരു ആട്ടിൻകൂട്ടവും ഒരു
ഇടയനും ആകും. 17എന്റെ ജീവൻ വീണ്ടും
പ്രാപിപ്പാനായി ഞാൻ അതിനെ
വച്ചുകൊടുക്കുന്നു. അതിനാൽ പിതാവ് എന്നെ
സ്നേഹിക്കുന്നു. 18അത് എന്നിൽനിന്ന് ആരും
എടുത്തു കളയുന്നില്ല, ഞാൻ അതു സ്വമേധയാ
വച്ചുകൊടുക്കുകയും തിരികെ പ്രാപിക്കുകയും
ചെയ്യുന്നു. അതു വച്ചുകൊടുക്കുവാനും
തിരിച്ചെടുക്കുവാനും എനിക്ക് അധികാരമുണ്ട്.
ഈ കല്പന എന്റെ പിതാവിൽനിന്ന് എനിക്കു
ലഭിച്ചിരിക്കുന്നു.”

19ഈ വാക്കുകൾ മൂലം യഹൂദരുടെ ഇടയിൽ
വീണ്ടും ഭിന്നത ഉണ്ടായി. 20അവരിൽ പലരും
പറഞ്ഞു: “അയാൾ ഭൂതബാധിതനാണ്;
അയാൾക്കു ഭ്രാന്തുണ്ട്, അയാൾ പറയുന്നത്
എന്തിനു കേൾക്കണം?” 21എന്നാൽ മറ്റുള്ളവർ
പറഞ്ഞു: “ഇത് ഭൂതം ബാധിച്ചവന്റെ
വാക്കുകളല്ല; അന്ധനു കാഴ്ച നല്കുവാൻ
ഭൂതത്തിനു കഴിയുമോ?”

*യഹൂദരുടെ അവിശ്വാസം*

22യെരൂശലേമിൽ പ്രതിഷ്ഠോത്സവത്തിന്റെ
സമയമായി. അതു ശീതകാലമായിരുന്നു.
23യേശു ദൈവാലയത്തിൽ ശലോമോന്റെ
മണ്ഡപത്തിൽ നടന്നുകൊണ്ടിരുന്നു. 24യഹൂദർ
അദ്ദേഹത്തിന്റെ ചുറ്റുംവന്നു: “താങ്കൾ
എത്രനാൾ ഞങ്ങളെ സംശയത്തിൽ നിർത്തും?
താങ്കൾ ക്രിസ്തുവാണെങ്കിൽ ഞങ്ങളോടു
തുറന്നുപറയുക” എന്നു പറഞ്ഞു.

25യേശു മറുപടി പറഞ്ഞു: “ഞാൻ നിങ്ങളോടു
പറഞ്ഞുകഴിഞ്ഞു. എന്നാൽ നിങ്ങൾ
വിശ്വസിക്കുന്നില്ല. എന്റെ പിതാവിന്റെ
നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ
എനിക്കുവേണ്ടി സംസാരിക്കുന്നു. 26എന്നാൽ
നിങ്ങൾ എന്റെ ആടുകൾ അല്ലാത്തതുകൊണ്ടു
വിശ്വസിക്കുന്നില്ല. 27എന്റെ ആടുകൾ എന്റെ
ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറിയുന്നു;
അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു.
28ഞാൻ അവയ്ക്കു നിത്യജീവൻ നല്കുന്നു,
അവ ഒരിക്കലും നശിച്ചുപോവുകയില്ല; എന്റെ
കയ്യിൽനിന്ന് അവയെ അപഹരിക്കുവാൻ
ആർക്കും സാദ്ധ്യമല്ല. 29അവയെ എനിക്കു
തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും
വലിയവൻ; എന്റെ പിതാവിന്റെ കയ്യിൽ നിന്നു
അവയെ അപഹരിക്കുവാൻ ആർക്കും സാദ്ധ്യമല്ല.
30ഞാനും പിതാവും ഒന്നാകുന്നു.”

31യഹൂദർ വീണ്ടും അദ്ദേഹത്തെ എറിയുവാൻ
കല്ലെടുത്തു. 32എന്നാൽ യേശു അവരോടു
ചോദിച്ചു: “പിതാവിൽനിന്നുള്ള അനേകം നല്ല
പ്രവൃത്തികൾ ഞാൻ നിങ്ങളെ കാണിച്ചിരി
ക്കുന്നു; അവയിൽ ഏതു നിമിത്തമാണു നിങ്ങൾ
എന്നെ കല്ലെറിയുന്നത്?”

33യഹൂദർ മറുപടി പറഞ്ഞു: “അവ
ഒന്നുംകൊണ്ടല്ല, പിന്നെയോ കേവലം

[a] 9 അഥവാ, *സുരക്ഷിതനായിരിക്കും*

മനുഷ്യനായ നീ ദൈവമാണെന്ന് അവകാശ
പ്പെട്ടു ദൈവദൂഷണം പറയുന്നതുകൊണ്ടാണു
ഞങ്ങൾ നിന്നെ കല്ലെറിയുന്നത്. ”
34യേശു അവരോടു ഉത്തരം പറഞ്ഞു: 'നിങ്ങൾ
ദേവന്മാർ ആകുന്നു എന്നു ഞാൻ പറഞ്ഞു'[a]
എന്നു നിങ്ങളുടെ ന്യായപ്രമാണത്തിൽ
എഴുതിയിട്ടില്ലേ? 35ദൈവവചനം ലഭിച്ചവരെ
അവിടുന്ന് ദേവന്മാർ എന്നു വിളിച്ചുവെങ്കിൽ -
തിരുവചനം ലംഘിക്കപ്പെടരുതല്ലോ - 36പിതാവ്
തൻെറ സ്വന്തമായി വേർതിരിച്ചു ലോകത്തിലേക്ക്
അയച്ചവനെപ്പറ്റി എന്താണു പറയേണ്ടത്? ഞാൻ
ദൈവത്തിൻെറ പുത്രൻ എന്നു പറഞ്ഞതു
കൊണ്ടു നിങ്ങൾ എൻെറമേൽ എന്തിനു
ദൈവദൂഷണം ആരോപിക്കുന്നു? 37ഞാൻ
എൻെറ പിതാവിൻെറ പ്രവൃത്തികൾ ചെയ്യുന്നി
ല്ലെങ്കിൽ എന്നെ നിങ്ങൾ വിശ്വസിക്കേണ്ടാ.
38എന്നാൽ ഞാൻ അവ പ്രവർത്തിക്കുന്നെങ്കിൽ,
നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽപോലും,
എൻെറ പ്രവൃത്തികൾ വിശ്വസിക്കുവിൻ;
അങ്ങനെ പിതാവ് എന്നിലും ഞാൻ പിതാവിലും
ആകുന്നു എന്നു നിങ്ങൾക്ക് അറിയുവാനും
ഗ്രഹിക്കുവാനും കഴിയും.” 39അവർ വീണ്ടും യേശു
വിനെ പിടിക്കുവാൻ ശ്രമിച്ചു, എന്നാൽ അദ്ദേഹം
അവരുടെ പിടിയിൽപ്പെടാതെ മാറിപ്പോയി.
40അനന്തരം യേശു യോർദ്ദാൻെറ മറുകരയിൽ,
യോഹന്നാൻ ആദ്യം സ്നാനം കഴിപ്പിച്ചു
കൊണ്ടിരുന്ന സ്ഥലത്തു തിരിച്ചെത്തി അവിടെ
പാർത്തു. 41ധാരാളം പേർ അദ്ദേഹത്തിൻെറ
അടുക്കൽ വന്നു. യോഹന്നാൻ അടയാളം ഒന്നും
ചെയ്തിട്ടില്ലെങ്കിലും അദ്ദേഹം യേശുവിനെ
ക്കുറിച്ചു പറഞ്ഞിട്ടുള്ളതെല്ലാം സത്യം തന്നേ
എന്ന് അവർ പറഞ്ഞു. 42അവിടെ പലരും
യേശുവിൽ വിശ്വസിച്ചു.

*ലാസറിൻെറ മരണം*

11 ലാസർ എന്നു പേരുള്ള ബേഥാന്യ
ക്കാരനായ ഒരു മനുഷ്യൻ രോഗിയാ
യിരുന്നു. മറിയയുടെയും അവളുടെ സഹോദരി
മാർത്തയുടെയും ഗ്രാമമായിരുന്നു ബേഥാന്യ.
2ഈ മറിയ ആയിരുന്നു കർത്താവിൻെറമേൽ
പരിമളതൈലം പകരുകയും പാദങ്ങൾ തൻെറ
തലമുടികൊണ്ടു തുടയ്ക്കുകയും ചെയ്തത്.
രോഗിയായിരുന്ന ലാസർ അവളുടെ സഹോദര
നായിരുന്നു. 3ആ സഹോദരിമാർ യേശുവിൻെറ
അടുക്കൽ ആളയച്ച്, “കർത്താവേ, അങ്ങേയ്ക്കു
പ്രിയനായവൻ രോഗിയായിരിക്കുന്നു” എന്ന്
അറിയിച്ചു.
4ഇതു കേട്ട് യേശു പറഞ്ഞു: “ഈ രോഗം
മരണത്തിൽ അവസാനിക്കുവാനുള്ളതല്ല;
പിന്നെയോ ദൈവമഹത്ത്വത്തിനും അതിലൂടെ
ദൈവപുത്രൻ മഹത്ത്വീകരിക്കപ്പെടേണ്ടതിനും
ആണ്.” 5യേശു മാർത്തയെയും അവളുടെ
സഹോദരിയെയും ലാസറിനെയും സ്നേഹി
ച്ചിരുന്നു. 6എന്നിട്ടും ലാസർ രോഗിയായിരിക്കുന്നു
എന്നു കേട്ടിട്ട് താൻ ആയിരുന്നേടത്തു
രണ്ടുദിവസം കൂടി പാർത്തു.
7പിന്നീട് യേശു ശിഷ്യന്മാരോട് : “നമുക്കു
യഹൂദ്യയിലേക്കു തിരിച്ചു പോകാം” എന്നു
പറഞ്ഞു.
8അപ്പോൾ അവർ ചോദിച്ചു : “റബ്ബീ,
അല്പകാലം മുമ്പല്ലേ യഹൂദർ അങ്ങയെ
കല്ലെറിയുവാൻ ഭാവിച്ചത്? എന്നിട്ടും അങ്ങ്
അവിടേക്കു തിരിച്ചുപോകുന്നുവോ?” 9യേശു
മറുപടി പറഞ്ഞു: “പന്ത്രണ്ടു മണിക്കൂറല്ലേ
പകലിനുള്ളത്? പകൽ സമയത്ത് ഈ ലോക
ത്തിൻെറ വെളിച്ചത്തിൽ നടക്കുന്ന മനുഷ്യനു
കാണാൻ കഴിയുന്നതുകൊണ്ട് ഇടറി വീഴുന്നില്ല.
10എന്നാൽ അവൻ രാത്രിയിൽ നടക്കുമ്പോൾ
വെളിച്ചമില്ലാത്തതുകൊണ്ടു കാലിടറി വീഴുന്നു.
11ഇതു പറഞ്ഞിട്ട് യേശു ഇപ്രകാരം തുടർന്നു:
“നമ്മുടെ സ്നേഹിതനായ ലാസർ
ഉറങ്ങുകയാണ്; എന്നാൽ ഞാൻ അവനെ
ഉണർത്തുവാൻ അവിടേക്കു പോകുന്നു.”
12ശിഷ്യന്മാർ ഉത്തരം പറഞ്ഞു. “കർത്താവേ,
അയാൾ ഉറങ്ങുകയാണെങ്കിൽ സുഖം
പ്രാപിക്കുമല്ലോ?” 13യേശു അയാളുടെ
മരണത്തെക്കുറിച്ചായിരുന്നു സൂചിപ്പിച്ചത്;
എന്നാൽ അവിടുന്ന് ഉറക്കത്തെക്കുറിച്ചു
പറഞ്ഞുവെന്നു ശിഷ്യന്മാർ ധരിച്ചു. 14അപ്പോൾ
യേശു സ്പഷ്ടമായി പറഞ്ഞു. ലാസർ
മരിച്ചുപോയി. 15ഞാൻ അവിടെ ഇല്ലാതി
രുന്നതിൽ നിങ്ങൾ നിമിത്തം സന്തോഷിക്കുന്നു;
നിങ്ങൾ വിശ്വസിക്കാൻ ഇതു കാരണമാകുമല്ലോ.
നമുക്ക് അവൻെറ അടുത്തേയ്ക്കു പോകാം.”
16അപ്പോൾ ദിദിമോസ് എന്നു പേരുള്ള തോമാസ്
മറ്റുള്ള ശിഷ്യന്മാരോടു പറഞ്ഞു. “അദ്ദേഹത്തോ
ടു കൂടെ മരിക്കുവാൻ നമുക്കും പോകാം.”

*യേശു ആ സഹോദരിമാരെ*
*ആശ്വസിപ്പിക്കുന്നു*

17അവിടെ എത്തിയപ്പോൾ ലാസറിനെ
കല്ലറയിൽ വച്ചിട്ടു നാലു ദിവസം കഴിഞ്ഞിരുന്നു
എന്ന് യേശു മനസ്സിലാക്കി. 18യെരൂശലേമിൽ
നിന്നു ബേഥാന്യയിലേക്കു രണ്ടുമൈലിൽ താഴെ
ദൂരമേ ഉണ്ടായിരുന്നുള്ളൂ. 19മാർത്തയെയും മറിയ
യെയും സഹോദരൻെറ വേർപാടിൽ ആശ്വ
സിപ്പിക്കുവാൻ അനേകം യഹൂദർ എത്തി
യിരുന്നു. 20യേശു വരുന്നു എന്നു കേട്ടപ്പോൾ
അദ്ദേഹത്തെ എതിരേല്പാൻ മാർത്ത
ഇറങ്ങിച്ചെന്നു; മറിയയാകട്ടെ വീട്ടിൽ ഇരുന്നു.

[a] 34 സങ്കീർത്തനം 82:6

21മാർത്ത യേശുവിനോട്: "കർത്താവേ, അങ്ങ്
ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ
സഹോദരൻ മരിക്കുകയില്ലായിരുന്നു. 22"എങ്കി
ലും അങ്ങ് ചോദിക്കുന്നതെന്തും ദൈവം
അങ്ങേയ്ക്കു തരുമെന്ന് ഇപ്പോഴും എനിക്ക
റിയാം" എന്നു പറഞ്ഞു.

23"നിന്റെ സഹോദരൻ ഉയിർത്തെഴു
ന്നേല്ക്കും"യേശു അവളോടു പറഞ്ഞു.

24"അവസാനനാളിലെ പുനരുത്ഥാന
ത്തിൽഅവൻ ഉയിർത്തെഴുന്നേല്ക്കുമെന്ന്
എനിക്കറിയാം." മാർത്ത പറഞ്ഞു.

25അതിനു യേശു: "ഞാൻതന്നേ പുനരുത്ഥാ
നവും ജീവനും ആകുന്നു. എന്നിൽ വിശ്വസി
ക്കുന്നവൻ മരിച്ചാലും ജീവിക്കും; 26ജീവിച്ചിരുന്ന്
എന്നിൽ വിശ്വസിക്കുന്ന ആരും ഒരിക്കലും
മരിക്കയില്ല. ഇതു നീ വിശ്വസിക്കുന്നുവോ?"

27"ഉവ്വ് കർത്താവേ," അവൾ പറഞ്ഞു.
"ലോകത്തിലേക്കു വരുവാനുള്ള ദൈവ
പുത്രനായ ക്രിസ്തു അങ്ങുതന്നേ എന്നു ഞാൻ
വിശ്വസിക്കുന്നു."

28ഇതു പറഞ്ഞശേഷം അവൾ തിരിച്ചു ചെന്നു
സഹോദരിയായ മറിയയെ അടുക്കൽ വിളിച്ച്:
"ഗുരു വന്നിട്ടുണ്ട്, നിന്നെ അന്വേഷിക്കുന്നു"
എന്നു രഹസ്യമായി പറഞ്ഞു.

29ഇതുകേട്ടു മറിയ വേഗം എഴുന്നേറ്റ്
അദ്ദേഹത്തിന്റെ അടുത്തേക്കു പോയി. 30യേശു
ആ സമയംവരെ ഗ്രാമത്തിൽ കടക്കാതെ, മാർത്ത
തന്നെ എതിരേറ്റ സ്ഥലത്തു നില്ക്കുക
യായിരുന്നു. 31മറിയയെ ആശ്വസിപ്പിച്ചുകൊണ്ട്
അവളുടെകൂടെ വീട്ടിൽ ഉണ്ടായിരുന്ന യഹൂദർ,
അവൾ വേഗത്തിൽ എഴുന്നേറ്റു പുറത്തേക്കു
പോകുന്നതു കണ്ട്, അവൾ കല്ലറയ്ക്കൽ ചെന്നു
കരയാൻപോകുന്നുവെന്നു വിചാരിച്ചു പിന്നാലെ
ചെന്നു.

32യേശു നിന്നിരുന്ന സ്ഥലത്തു മറിയ എത്തി
അദ്ദേഹത്തെ കണ്ടു കാല്ക്കൽ വീണു:
"കർത്താവേ, അങ്ങ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ
എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു"
എന്നു പറഞ്ഞു.

33അവളും അവളോടുകൂടെ വന്ന യഹൂദരും
കരയുന്നതു കണ്ടപ്പോൾ യേശുവിന്റെ ഹൃദയം
നൊന്തു കലങ്ങി. 34 "നിങ്ങൾ അവനെ
എവിടെയാണു വച്ചത്?" അവിടുന്ന് ചോദിച്ചു.
"കർത്താവേ, വന്നു കണ്ടാലും" അവർ ഉത്തരം
പറഞ്ഞു.

35യേശു കരഞ്ഞു.

36അപ്പോൾ യഹൂദർ പറഞ്ഞു: "നോക്കൂ,
അദ്ദേഹം അവനെ എത്രമാത്രം സ്നേഹിച്ചി
രുന്നു!"

37എന്നാൽ അവരിൽ ചിലർ ചോദിച്ചു:
"അന്ധന്റെ കണ്ണു തുറന്ന ഇദ്ദേഹത്തിനു ഇവൻ
മരിക്കാതെ നോക്കാമായിരുന്നില്ലേ?"

*യേശു ലാസറിനെ ഉയിർപ്പിക്കുന്നു*

38യേശു പിന്നെയും ദുഃഖവിവശനായി
കല്ലറയുടെ അടുത്തെത്തി. അതൊരു
ഗുഹയായിരുന്നു. ഗുഹാമുഖത്തിൽ വിലങ്ങനെ
ഒരു കല്ലു വച്ചിരുന്നു. 39"കല്ലു നീക്കുക" യേശു
പറഞ്ഞു.

മരിച്ചവന്റെ സഹോദരിയായ മാർത്ത
അപ്പോൾപറഞ്ഞു: "കർത്താവേ, നാറ്റം വച്ചിട്ടുണ്ട്;
നാലു ദിവസമായല്ലോ."

40"വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്ത്വം
കാണുമെന്ന് ഞാൻ നിന്നോടു പറഞ്ഞില്ലേ?"
യേശു ചോദിച്ചു.

41അവർ കല്ലു നീക്കി. അപ്പോൾ യേശു
മുകളിലേക്കു കണ്ണുകളുയർത്തി ഇപ്രകാരം
പറഞ്ഞു: "പിതാവേ, അവിടുന്ന് എന്റെ
അപേക്ഷ കേട്ടതുകൊണ്ടു ഞാൻ അങ്ങയെ
വാഴ്ത്തുന്നു. 42അങ്ങ് എപ്പോഴും എന്റെ
അപേക്ഷ കേൾക്കുന്നുവെന്ന് എനിക്കറിയാം.
എങ്കിലും അവിടുന്നാണ് എന്നെ അയച്ചിരിക്കു
ന്നതെന്ന് ഈ നില്ക്കുന്നവർ വിശ്വസിക്കേ
ണ്ടതിന് ഇവരുടെ നിമിത്തം ഞാൻ ഇതു
പറയുന്നു."

43ഇതു പറഞ്ഞശേഷം യേശു ഉച്ചത്തിൽ
"ലാസറേ, പുറത്തു വരിക" എന്നു വിളിച്ചു
പറഞ്ഞു. 44മരിച്ചവൻ പുറത്തു വന്നു; അവന്റെ
കൈകാലുകൾ ശീലകൾ ചുറ്റിയും മുഖം
തൂവാലകൊണ്ടു മൂടിയുമിരുന്നു.

അവന്റെ കെട്ടുകൾ അഴിക്കുക, അവൻ
പോകട്ടെ" യേശു പറഞ്ഞു.

*യേശുവിനെ വധിക്കുവാൻ ഗൂഢാലോചന*

45മറിയയെ സന്ദർശിക്കുവാൻവന്ന യഹൂദരിൽ
പലരും യേശുവിന്റെ പ്രവൃത്തി കണ്ട്
അദ്ദേഹത്തിൽ വിശ്വസിച്ചു. 46എന്നാൽ അവരിൽ
ചിലർ പരീശന്മാരുടെ അടുക്കൽ ചെന്നു യേശു
ചെയ്തത് അറിയിച്ചു. 47അപ്പോൾ
മുഖ്യപുരോഹിതന്മാരും പരീശന്മാരുംകൂടി ന്യായാ
ധിപസംഘത്തിന്റെ ഒരു യോഗം വിളിച്ചുകൂട്ടി.
"എന്താണ് ഇനി നാം ചെയ്യുക?" അവർ ചോദിച്ചു.
"ഈ മനുഷ്യൻ ഇതാ അനേകം അടയാളങ്ങൾ
ചെയ്യുന്നു. 48അയാളെ ഇങ്ങനെ തുടരാൻ
അനുവദിച്ചാൽ എല്ലാവരും അയാളിൽ
വിശ്വസിക്കും; അപ്പോൾ റോമാക്കാർ വന്നു
നമ്മുടെ നാടിനെയും ജനങ്ങളെയും പൂർണ്ണമായി
കൈവശപ്പെടുത്തും."

49അവിടെ കൂടിയിരുന്നവരിൽ ഒരുവനും ആ
വർഷത്തെ മഹാപുരോഹിതനും ആയ കയ്യഫാവ്

അവരോടു പറഞ്ഞു: "നിങ്ങൾക്ക് ഒന്നും
അറിഞ്ഞുകൂടാ. 50ഒരു ജനത മുഴുവൻ
നശിക്കുന്നതിനെക്കാൾ ഒരു മനുഷ്യൻ ജന
ങ്ങൾക്കുവേണ്ടി മരിക്കുന്നതാണു യുക്തമെന്നു
നിങ്ങൾ മനസ്സിലാക്കുന്നില്ല." 51ഇത് അയാൾ
സ്വമേധയാ പറഞ്ഞതല്ല, പിന്നെയോ ആ
വർഷത്തെ മഹാപുരോഹിതൻ എന്ന നിലയിൽ
52യേശു യഹൂദജനതയ്ക്കു വേണ്ടിയും
ചിതറിപ്പോയിരിക്കുന്ന ദൈവമക്കളെ ഒന്നായി
ചേർക്കുവാൻവേണ്ടിയും മരിക്കുമെന്നുള്ളതു
പ്രവചിക്കുകയായിരുന്നു. 53അന്നുമുതൽ അവർ
യേശുവിനെ കൊല്ലുവാൻ ഗൂഢാലോചന
തുടങ്ങി.

54അതുകൊണ്ട് യേശു യഹൂദരുടെ ഇടയിൽ
പിന്നീടു പരസ്യമായി സഞ്ചരിച്ചില്ല. എന്നാൽ
അദ്ദേഹം മരുഭൂമിക്കടുത്ത് എഫ്രയീം എന്ന
ഗ്രാമത്തിലേക്കു പിൻവാങ്ങി ശിഷ്യന്മാരുമായ്
അവിടെ പാർത്തു.

55യഹൂദരുടെ പെസഹ സമീപിച്ചിരുന്നു.
പെസഹയ്ക്കു മുമ്പുള്ള ശുദ്ധീകരണം
നടത്തേണ്ടതിന് അനേകർ ഗ്രാമപ്രദേശങ്ങളിൽ
നിന്നു യെരൂശലേമിലേക്കു പോയി.

56അവർ യേശുവിനെ അന്വേഷിച്ചുകൊ
ണ്ടിരുന്നു. ദൈവാലയത്തിൽവച്ച് അവർ,
"നിങ്ങൾക്കെന്തു തോന്നുന്നു? അദ്ദേഹം
പെരുന്നാളിനു ഇനി വരാതിരിക്കുമോ?" എന്നു
പരസ്പരം ചോദിച്ചു.

57യേശു എവിടെയാണെന്ന് ആർക്കെങ്കിലും
അറിവു കിട്ടിയാൽ അദ്ദേഹത്തെ പിടികൂടു
ന്നതിനുവേണ്ടി വിവരം തങ്ങളെ അറിയിക്ക
ണമെന്നു മുഖ്യപുരോഹിതന്മാരും പരീശന്മാരും
കല്പന പുറപ്പെടുവിച്ചിരുന്നു.

*യേശുവിനെ തൈലം പൂശുന്നു*

12 പെസഹയ്ക്ക്ആറു ദിവസം മുമ്പ്
യേശു ബേഥാന്യയിൽ എത്തി. അവിടെ
ആയിരുന്നു യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച
ലാസർ പാർത്തിരുന്നത്. 2യേശുവിനുവേണ്ടി
അവിടെ ഒരു അത്താഴവിരുന്ന് ഒരുക്കിയിരുന്നു.
മാർത്ത ശുശ്രൂഷ ചെയ്തു. ലാസറും അദ്ദേഹ
ത്തോടൊപ്പം ഭക്ഷണത്തിന് ഇരിക്കുന്നു
ണ്ടായിരുന്നു. 3അപ്പോൾ മറിയ വിലയേറിയതും
ശുദ്ധവുമായ അര ലിറ്ററോളം ജടാമാംസി തൈലം
എടുത്ത് യേശുവിൻെറ പാദങ്ങളിൽ പൂശുകയും
തൻെറ തലമുടി കൊണ്ടു തുവർത്തുകയും
ചെയ്തു. തൈലത്തിൻെറ സൗരഭ്യം വീടു
മുഴുവൻ നിറഞ്ഞു.

4എന്നാൽ യേശുവിൻെറ ശിഷ്യന്മാരിൽ
ഒരുവനും പിന്നീട് അദ്ദേഹത്തെ ഒറ്റിക്കൊടു
ത്തവനുമായ യൂദാ ഈസ്ക്കര്യോത്താവ് ഇതിൽ
നീരസം പ്രകടിപ്പിച്ചുകൊണ്ട് 5 "ഈ സുഗ
ന്ധതൈലം വിറ്റ് ആ പണം ദരിദ്രർക്കു
കൊടുക്കാമായിരുന്നില്ലേ? അതു മുന്നൂറു ദിനാർ
വിലയുള്ളതാണല്ലോ?" എന്നു പറഞ്ഞു.
6ദരിദ്രരെക്കുറിച്ചുള്ള കരുതൽകൊണ്ടല്ല,
അയാൾ കള്ളനായിരുന്നതു കൊണ്ടാണ് ഇതു
പറഞ്ഞത്; പണസഞ്ചി സൂക്ഷിപ്പുകാരനായിരുന്ന
അയാൾ അതിൽനിന്നു കൂടെക്കൂടെ സ്വന്തം
ഉപയോഗത്തിനു എടുക്കാറുണ്ടായിരുന്നു.
7അതിന് യേശു ഇങ്ങനെ മറുപടി നല്കി:
"അവളെ ശല്യപ്പെടുത്തരുത്, എൻെറ
ശവസംസ്കാര ദിവസത്തിലേയ്ക്ക് അവൾ ഇതു
സൂക്ഷിച്ചു എന്നു കരുതിയാൽ മതി. 8ദരിദ്രർ
എപ്പോഴും നിങ്ങളുടെ ഇടയിൽ ഉണ്ടല്ലോ.
എന്നാൽ ഞാനോ എപ്പോഴും നിങ്ങളുടെകൂടെ
ഉണ്ടായിരിക്കുകയില്ല." 9യേശു അവിടെ
ഉണ്ടെന്നറിഞ്ഞ് യഹൂദരുടെ ഒരു വലിയ കൂട്ടം
അവിടെ എത്തി. യേശുനിമിത്തം മാത്രമല്ല,
അദ്ദേഹം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ലാസറിനെ
കാണുന്നതിനും കൂടിയാണ് അവർ വന്നത്.
10അതുകൊണ്ട് മുഖ്യപുരോഹിതന്മാർ
ലാസറിനെയും കൊല്ലുവാൻ ആലോചിച്ചു.
11അയാൾ നിമിത്തം അനേകം യഹൂദർ
യേശുവിൻെറ അടുക്കൽ ചെല്ലുകയും അദ്ദേഹ
ത്തിൽ വിശ്വസിക്കുകയും ചെയ്തിരുന്നു.

*രാജകീയ പ്രവേശനം*

12പിറ്റേ ദിവസം, പെരുന്നാളിനു വന്നിരുന്ന
വലിയ ജനക്കൂട്ടം യേശു യെരൂശലേമിലേക്കു
വരുന്നു എന്നുള്ള വാർത്ത കേട്ടു. 13അവർ
ഈന്തപ്പനയുടെ കുരുത്തോലകൾ എടുത്തു
കൊണ്ട്:

"ഹോശന്നാ!"[a]
"കർത്താവിൻെറ നാമത്തിൽ
വരുന്നവൻ വാഴ്ത്തപ്പെട്ടവൻ!"
"യിസ്രായേലിൻെറ രാജാവു
വാഴ്ത്തപ്പെട്ടവൻ!"[b]

എന്ന് ആർത്തുവിളിച്ചുകൊണ്ട് അദ്ദേഹത്തെ
എതിരേല്പാൻ പുറപ്പെട്ടു.

14യേശു ഒരു കഴുതക്കുട്ടിയെ കണ്ട് അതിൻെറ
പുറത്തു കയറി ഇരുന്നു.

15"സീയോൻപുത്രീ, ഭയപ്പെടേണ്ടാ, ഇതാ
നിൻെറ രാജാവ്
കഴുതക്കുട്ടിമേൽ കയറിവരുന്നു"[c]

എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നേ.

16ശിഷ്യന്മാർക്ക് ആദ്യം ഈ കാര്യങ്ങൾ
മനസ്സിലായില്ല. അദ്ദേഹത്തെക്കുറിച്ചാണ് ഇവ
എഴുതപ്പെട്ടിരിക്കുന്നതെന്നും അവർ ഇതെല്ലാം

[a] 13 *ഹോശന്നാ* എന്ന എബ്രായപദത്തിന്, '*രക്ഷിക്കുക*' എന്ന് അർത്ഥം; ഒരു സ്തോത്രഘോഷണമായി ഇത് ഉപയോഗിക്കപ്പെടുന്നു. [b] 13 സങ്കീർത്തനം 118: 25,26 [c] 15 സെഖര്യാവ് 9:9

ചെയ്തത് അദ്ദേഹത്തിനുവേണ്ടിയാണെന്നും
മഹത്ത്വീകരണത്തിനുശേഷം മാത്രമേ അവർ
ഗ്രഹിച്ചുള്ളു.
17ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച്,
കല്ലറയ്ക്കുപുറത്തേയ്ക്കു വിളിച്ചുവരുത്തി
യപ്പോൾ യേശുവിനോടൊപ്പമുണ്ടായിരുന്ന
ജനസമൂഹം ആ വാർത്ത പ്രചരിപ്പിച്ചുകൊ
ണ്ടിരുന്നു. 18യേശു ഈ അടയാളം പ്രവർത്തി
ച്ചുവെന്നു കേട്ടതുകൊണ്ട് അനേകം ആളുകൾ
അദ്ദേഹത്തെ എതിരേറ്റു ചെന്നു. 19അപ്പോൾ
പരീശന്മാർ പരസ്പരം പറഞ്ഞു: "നമ്മെക്കൊണ്ട്
ഒന്നും സാധിക്കുന്നില്ലല്ലോ; നോക്കൂ, ലോകം
മുഴുവൻ അയാളുടെ പിന്നാലെ ആയിരിക്കുന്നു!"

*യേശു തന്റെ മരണത്തെക്കുറിച്ചു മുന്നറിയിപ്പു നല്കുന്നു*

20പെരുന്നാളിന് ആരാധനയ്ക്കു വന്നവരിൽ
ചില ഗ്രീക്കുകാർ ഉണ്ടായിരുന്നു. 21അവർ ഒരു
അഭ്യർത്ഥനയുമായി ഗലീലയിലെ ബേത്ത്സ
യിദക്കാരനായ ഫിലിപ്പൊസിന്റെ അടുക്കൽ
ചെന്നു, "പ്രഭോ, ഞങ്ങൾക്ക് യേശുവിനെ കാണു
വാൻ താത്പര്യമുണ്ട്" എന്നു പറഞ്ഞു.
22ഫിലിപ്പോസ് ചെന്ന് ഇക്കാര്യം അന്ത്രെയാ
സിനോടു പറഞ്ഞു. അന്ത്രെയാസും ഫിലിപ്പൊ
സുംകൂടി യേശുവിനെ വിവരം അറിയിച്ചു.
23അപ്പോൾ യേശു പറഞ്ഞു: "മനുഷ്യപുത്രൻ
മഹത്ത്വീകരിക്കപ്പെടുവാനുള്ള സമയം
ആയിരിക്കുന്നു. 24സത്യമായി, സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു, ഗോതമ്പു മണി
നിലത്തുവീണു ചാകുന്നില്ല എങ്കിൽ അതു
തനിയേ ഇരിക്കും. ചാകുന്നുവെങ്കിലോ ധാരാളം
വിളവുണ്ടാകും. 25സ്വന്തം ജീവനെ
സ്നേഹിക്കുന്നവൻ അതിനെ നഷ്ടപ്പെടുത്തും;
ഈ ലോകത്തിൽ സ്വന്തം ജീവനെ
ദ്വേഷിക്കുന്നവൻ അതിനെ നിത്യജീവനുവേണ്ടി
സൂക്ഷിക്കും. 26എന്നെ ശുശ്രൂഷിക്കുന്നവൻ
എന്നെ അനുഗമിക്കണം. ഞാൻ എവിടെ
ആയിരിക്കുന്നുവോ അവിടെ എന്റെ
ശുശ്രൂഷകനും ആയിരിക്കും. എന്നെ ശുശ്രൂ
ഷിക്കുന്നവനെ എന്റെ പിതാവു മാനിക്കും.
27ഇപ്പോൾ എന്റെ ഹൃദയം കലങ്ങിയിരിക്കുന്നു;
ഞാൻ എന്താണു പറയേണ്ടത്? പിതാവേ, ഈ
നാഴികയിൽ നിന്ന് എന്നെ രക്ഷിക്കേണമേ
എന്നോ? അല്ല, ഇതിനുവേണ്ടിത്തന്നേയാണല്ലോ
ഞാൻ ഈ നാഴികയിൽ എത്തിയിരിക്കുന്നത്.
28പിതാവേ, അങ്ങയുടെ നാമം മഹത്ത്വ
പ്പെടുത്തണമേ!"
അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന്, "ഞാൻ
മഹത്ത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും
മഹത്ത്വപ്പെടുത്തും" എന്നൊരു ശബ്ദമുണ്ടായി.
29അവിടെയുണ്ടായിരുന്ന ജനസമൂഹത്തിൽ
ചിലർ ആ ശബ്ദം കേട്ടിട്ട് "ഇടി മുഴങ്ങി" എന്നും
മറ്റു ചിലർ "ഒരു ദൈവദൂതൻ അദ്ദേഹത്തോടു
സംസാരിച്ചു" എന്നും പറഞ്ഞു.
30യേശു പറഞ്ഞു: "ഈ ശബ്ദം എനിക്കു
വേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാകുന്നു. 31ഈ
ലോകത്തിന്മേൽ ന്യായവിധി നടക്കുന്ന സമയം
ഇതാകുന്നു. ഇപ്പോൾ ലോകത്തിന്റെ അധിപതി
പുറന്തള്ളപ്പെടും. 32 ഞാനോ ഭൂമിയിൽ നിന്ന്
ഉയർത്തപ്പെടുമ്പോൾ സകല മനുഷ്യരെയും
എന്നിലേക്ക് ആകർഷിക്കും." 33യേശു ഇതു
പറഞ്ഞതു തന്റെ മരണം ഏതു വിധത്തി
ലായിരിക്കുമെന്നു സൂചിപ്പിക്കുന്നതിനായിരുന്നു.
34ജനക്കൂട്ടം ചോദിച്ചു: "ക്രിസ്തു എന്നേക്കും
ജീവിക്കും എന്നാണല്ലോ ന്യായപ്രമാണ
ത്തിൽനിന്നു ഞങ്ങൾ കേട്ടിരിക്കുന്നത്. അങ്ങനെ
യെങ്കിൽ മനുഷ്യപുത്രൻ ഉയർത്തപ്പെടും എന്ന്
അങ്ങു പറയുന്നതെങ്ങനെ? ആരാണ് ഈ
മനുഷ്യപുത്രൻ?"
35അപ്പോൾ യേശു അവരോടു പറഞ്ഞു: "ഇനി
വെളിച്ചം അല്പകാലത്തേക്കുകൂടി മാത്രമേ
നിങ്ങളുടെ മദ്ധ്യേ ഉണ്ടായിരിക്കുകയുള്ളൂ. ഇരുട്ടു
നിങ്ങളെ കീഴടക്കുന്നതിനു മുമ്പ് വെളിച്ചം ഉള്ള
കാലത്തോളം അതിൽ നടന്നുകൊള്ളുക;
ഇരുട്ടിൽ നടക്കുന്നവൻ, താൻ എങ്ങോട്ടു
പോകുന്നു എന്ന് അറിയുന്നില്ല. 36നിങ്ങൾ
വെളിച്ചത്തിന്റെ മക്കൾ ആകേണ്ടതിന് വെളിച്ചം
ഉള്ളപ്പോൾ അതിൽ വിശ്വസിപ്പിൻ." ഇതു
പറഞ്ഞശേഷം യേശു അവരെ വിട്ടു മറഞ്ഞു.

*യഹൂദരുടെ അവിശ്വാസം*

37അവരുടെ സാന്നിധ്യത്തിൽ യേശു
ഇത്രയേറെ അടയാളങ്ങൾ പ്രവർത്തിച്ചിട്ടും അവർ
അദ്ദേഹത്തിൽ വിശ്വസിച്ചില്ല;
38"കർത്താവേ, ഞങ്ങളുടെ സന്ദേശം
ആരു വിശ്വസിച്ചു! കർത്താവിന്റെ ഭുജം
ആർക്കു വെളിപ്പെട്ടിരിക്കുന്നു." [a]
എന്നുള്ള യെശയ്യാ പ്രവാചകന്റെ വാക്കുകൾ
ഇങ്ങനെ നിറവേറി. 39അവർക്കു
വിശ്വസിക്കുവാൻ കഴിയാത്തതിനെപ്പറ്റി
യെശയ്യാവ് ഇപ്രകാരം മറ്റൊരിടത്തു പറയുന്നു:
40"കണ്ണുകൊണ്ടു കാണുകയോ,
ഹൃദയംകൊണ്ടു ഗ്രഹിക്കുകയോ,
എന്നിലേക്കു തിരിയുകയോ
ചെയ്തു സുഖം പ്രാപിക്കുവാൻ
ഇടവരാത്തവിധം അവിടുന്ന്
അവരുടെ കണ്ണുകൾ അന്ധമാക്കുകയും
ഹൃദയം മരവിപ്പിക്കുകയും ചെയ്തു." [b]
41യെശയ്യാവ് ഇങ്ങനെ പ്രസ്താവിച്ചത്
യേശുവിന്റെ മഹത്ത്വം കണ്ട് അവിടുത്തെപ്പറ്റി

*a* 38 യെശയ്യാവ് 53:1 *b* 40 യെശയ്യാവ് 6:10

സംസാരിച്ചതുകൊണ്ടാണ്.
42അതേസമയം പലരും, പ്രമാണികൾ പോലും
അദ്ദേഹത്തിൽ വിശ്വസിച്ചു. എന്നാൽ പള്ളിയിൽ
നിന്നു പരീശന്മാർ തങ്ങളെ പുറത്താക്കും എന്നു
ഭയന്ന് അവർ പരസ്യമായി തങ്ങളുടെ വിശ്വാസം
ഏറ്റു പറഞ്ഞില്ല. 43എന്തെന്നാൽ അവർ ദൈവ
ത്തിൽനിന്നുള്ള പുകഴ്ചയെക്കാൾ മനുഷ്യരിൽ
നിന്നുള്ള പുകഴ്ച അധികം ഇഷ്ടപ്പെട്ടു.
44യേശു വിളിച്ചുപറഞ്ഞു: "എന്നിൽ
വിശ്വസിക്കുന്നവൻ എന്നിൽ മാത്രമല്ല, എന്നെ
അയച്ചവനിലും വിശ്വസിക്കുന്നു. 45എന്നെ
കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു.
46എന്നിൽ വിശ്വസിക്കുന്ന ആരും ഇരുട്ടിൽ
വസിക്കാതിരിക്കേണ്ടതിനു ഞാൻ വെളിച്ചമായി
ലോകത്തിൽ വന്നിരിക്കുന്നു. 47എന്റെ വചനം
കേട്ടിട്ടും അതു പ്രമാണിക്കാത്തവനെ ഞാൻ
വിധിക്കുന്നില്ല; കാരണം ലോകത്തെ വിധി
ക്കാനല്ല, രക്ഷിക്കാനാണ് ഞാൻ വന്നത്.
48എന്നെ തിരസ്കരിക്കുകയും എന്റെ
വാക്കുകൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന
വനെ വിധിക്കുന്ന ഒരു വിധികർത്താവുണ്ട്; ഞാൻ
സംസാരിച്ച വചനം തന്നേ അവസാനനാളിൽ
അവനെ ന്യായം വിധിക്കും. 49ഞാൻ സ്വന്ത
ഇഷ്ടപ്രകാരം സംസാരിച്ചിട്ടില്ല; ഞാൻ എന്തു
പറയണമെന്നും എങ്ങനെ പറയണമെന്നും,
എന്നെ അയച്ച പിതാവു കല്പിച്ചിരിക്കുന്നു.
50അവിടുത്തെ കല്പന നിത്യജീവനിലേക്കു
നയിക്കുന്നുവെന്നു ഞാനറിയുന്നു. അതു
കൊണ്ടു ഞാൻ സംസാരിക്കണമെന്നു പിതാവു
കല്പിച്ചിട്ടുള്ളതു മാത്രം ഞാൻ സംസാരിക്കുന്നു.

*യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നു*

13 പെസഹാപെരുന്നാൾ സമീപിച്ചു. ഈ
ലോകംവിട്ടു പിതാവിന്റെ അടുത്തേക്കു
പോകുവാനുള്ള സമയം വന്നുവെന്നു യേശു
മനസ്സിലാക്കി. ലോകത്തിൽ തനിക്കുള്ളവരെ
സ്നേഹിച്ച കർത്താവ് അവസാനംവരെ അവരെ
സ്നേഹിച്ചു.
2അത്താഴത്തിന്റെ നേരമായി. യേശുവിനെ
ഒറ്റിക്കൊടുക്കുവാൻ ശിമോന്റെ മകനായ യൂദാ
ഈസ്ക്കര്യോത്താവിനെ നേരത്തെ തന്നേ
പിശാചു പ്രേരിപ്പിച്ചിരുന്നു. 3പിതാവു സകല
കാര്യങ്ങളും തന്റെ അധികാരത്തിൽ
തന്നിരിക്കുന്നുവെന്നും താൻ പിതാവിന്റെ
അടുക്കൽനിന്നു വന്ന് പിതാവിന്റെ അടു
ത്തേക്കുതന്നേ മടങ്ങുന്നുവെന്നും യേശു
അറിഞ്ഞിരുന്നു. 4അത്താഴത്തിൽ നിന്നു
എഴുന്നേറ്റ്, യേശു മേലങ്കി ഊരിമാറ്റി ഒരു തൂവാല
അരയിൽ ചുറ്റി. 5പിന്നീട് ഒരു പാത്രത്തിൽ വെള്ളം
എടുത്തു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുവാനും
അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ടു
തുവർത്തുവാനും തുടങ്ങി. 6ശിമോൻ
പത്രൊസിന്റെ അടുത്തെത്തിയപ്പോൾ അയാൾ
യേശുവിനോടു ചോദിച്ചു: " കർത്താവേ, അങ്ങ്
എന്റെ പാദങ്ങൾ കഴുകുവാൻ പോകുന്നുവോ?"
7യേശു ഉത്തരം പറഞ്ഞു : "ഞാൻ ചെയ്യുന്നത്
എന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ
പിന്നീടു ഗ്രഹിക്കും."
8"ഇല്ല, അങ്ങ് ഒരിക്കലും എന്റെ പാദങ്ങൾ
കഴുകാൻ പാടില്ല." പത്രൊസ് പറഞ്ഞു. "ഞാൻ
നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക്
എന്നോടുകൂടെ പങ്കില്ല." യേശു ഉത്തരം പറഞ്ഞു.
9അപ്പോൾ പത്രൊസ് പറഞ്ഞു: "അങ്ങനെ യെ
ങ്കിൽ കർത്താവേ, എന്റെ പാദങ്ങൾ മാത്രമല്ല,
കൈകളും തലയുംകൂടെ കഴുകിയാലും."
10അതിനു യേശു മറുപടി നല്കി : " കുളിച്ച
വൻ പാദങ്ങൾമാത്രം കഴുകിയാൽ മതി; അവന്റെ
ശരീരം മുഴുവൻ ശുദ്ധമാണ്. നിങ്ങൾ
ശുദ്ധിയുള്ളവരാണ്; എന്നാൽ എല്ലാവരും അല്ല
താനും." 11തന്നെ ഒറ്റിക്കൊടുക്കുവാൻ പോകു
ന്നത് ആരെന്ന് അറിഞ്ഞിരുന്നതു കൊണ്ടാണ്
എല്ലാവരും ശുദ്ധരല്ല എന്നു യേശു പറഞ്ഞത്.
12അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം
മേലങ്കി ധരിച്ച് അദ്ദേഹം സ്വസ്ഥാനത്ത് ഇരുന്നു.
" ഞാൻ നിങ്ങൾക്ക് എന്തു ചെയ്തിരിക്കുന്നു
എന്നു ഗ്രഹിക്കുന്നുവോ?" അവിടുന്ന് ചോദിച്ചു.
13നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും
വിളിക്കുന്നു; ഞാൻ അങ്ങനെ ആകുന്നതു
കൊണ്ട് അതു ശരിതന്നേ. 14നിങ്ങളുടെ
കർത്താവും ഗുരുവുംമായ ഞാൻ നിങ്ങളുടെ
പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും അന്യോന്യം
പാദങ്ങൾ കഴുകേണ്ടതാണ്. 15ഞാൻ നിങ്ങൾക്കു
ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്
ഞാൻ നിങ്ങൾക്കൊരു മാതൃക കാണിച്ചു
തന്നിരിക്കുന്നു. 16സത്യമായി, സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു, ദാസൻ യജമാനനെക്കാ
ൾ വലിയവനല്ല; ദൂതൻ തന്നെ അയച്ചവനെക്കാൾ
വലിയവനുമല്ല. 17ഈ കാര്യങ്ങൾ ഇപ്പോൾ
നിങ്ങൾക്കറിയാം. ഇതനുസരിച്ചു പ്രവർത്തിച്ചാൽ
നിങ്ങൾ അനുഗ്രഹിക്കപ്പെടും.

*ഒറ്റിക്കൊടുക്കുന്നതിനെപ്പറ്റി*
*യേശു മുൻകൂട്ടി പറയുന്നു*

18"നിങ്ങളെ എല്ലാവരെയും ഉദ്ദേശിച്ചല്ല ഞാൻ
പറയുന്നത്. ഞാൻ തിരഞ്ഞെടുത്തവരെ
എനിക്കറിയാം. എന്നാൽ ഇത് 'എന്നോടുകൂടെ
അപ്പം പങ്കിടുന്നവൻ എനിക്കു നേരേ കുതികാൽ
ഉയർത്തിയിരിക്കുന്നു'[a] എന്നുള്ള തിരുവെഴുത്തു
നിറവേറേണ്ടതിനാണ്
19"അതു സംഭവിക്കുമ്പോൾ ഞാനാകുന്നു

[a] 18 സങ്കീർത്തനം 41:9

മശിഹ എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്
അതു സംഭവിക്കുന്നതിനുമുമ്പുതന്നേ, ഞാൻ
നിങ്ങളോടു പറയുകയാണ്. 20സത്യമായി,
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,ഞാൻ
അയയ്ക്കുന്നവനെ സ്വീകരിക്കുന്നവൻ എന്നെ
സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ
എന്നെ അയച്ചവനെ സ്വീകരിക്കുന്നു."

21ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ യേശു
ആത്മാവിൽ അസ്വസ്ഥനായി ഇങ്ങനെ
പറഞ്ഞു: " സത്യമായി, സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു, നിങ്ങളിലൊരാൾ എന്നെ
ഒറ്റിക്കൊടുക്കും. "

22തങ്ങളിൽ ആരെക്കുറിച്ചാണ് ഇതു
പറഞ്ഞതെന്ന് അറിയാതെ ശിഷ്യന്മാർ
അന്യോന്യം സംഭ്രമത്തോടെ നോക്കി. 23ശിഷ്യ
ന്മാരിൽ യേശു സ്നേഹിച്ച ഒരുവൻ അവിടുത്തെ
മാറോടുചേർന്ന് ഇരിക്കുകയായിരുന്നു.
24ആരെയാണ് ഉദ്ദേശിക്കുന്നതെന്ന് ചോദിക്കു
വാൻ ശിമോൻ പത്രോസ് ആ ശിഷ്യനോട്
ആംഗ്യം കാട്ടി പറഞ്ഞു.

25അയാൾ യേശുവിൻെറ മാറിൽ
ചാരിക്കൊണ്ട്: "കർത്താവേ, ആരാണത്?" എന്നു
ചോദിച്ചു.

26അതിന് യേശു ഉത്തരം പറഞ്ഞു: " ഈ
അപ്പക്കഷണം മുക്കി ഞാൻ ആർക്കു കൊടു
ക്കുന്നുവോ അവൻ തന്നേ." പിന്നീട് അദ്ദേഹം
അപ്പം മുക്കി ശിമോൻെറ മകനായ യൂദാ
ഈസ്ക്കര്യോത്താവിനു കൊടുത്തു. 27അപ്പം
വാങ്ങിയ ഉടനേ സാത്താൻ അയാളിൽ
പ്രവേശിച്ചു.

"നീ ചെയ്യാൻ പോകുന്നതു വേഗത്തിൽ
ചെയ്യുക" യേശു അയാളോടു പറഞ്ഞു. 28യേശു
ഇതു പറഞ്ഞത് എന്തിനെന്ന് അത്താഴം
കഴിച്ചുകൊണ്ടിരുന്നവരിൽ ആർക്കും
മനസ്സിലായില്ല. 29യൂദായ്ക്കു പണത്തിൻെറ
ചുമതല ഉണ്ടായിരുന്നതുകൊണ്ട് യേശു
അയാളോട് പെരുന്നാളിനുവേണ്ടുന്ന വല്ലതും
വാങ്ങണമെന്നോ സാധുക്കൾക്കു വല്ലതും
കൊടുക്കണമെന്നോ പറയുകയായിരിക്കും എന്നു
ചിലർ ചിന്തിച്ചു. 30അപ്പം സ്വീകരിച്ച ഉടനേ യൂദാ
പുറത്തു പോയി. അപ്പോൾ രാത്രിയായിരുന്നു.

*പത്രോസ് തള്ളിപ്പറയുമെന്ന്*
*യേശു മുൻകൂട്ടി പറയുന്നു*

31അയാൾ പോയിക്കഴിഞ്ഞപ്പോൾ യേശു
ഇങ്ങനെ പറഞ്ഞു: "ഇപ്പോൾ മനുഷ്യപുത്രൻ
മഹത്ത്വപ്പെട്ടിരിക്കുന്നു. ദൈവവും അവനിൽ
മഹത്ത്വീകരിക്കപ്പെട്ടിരിക്കുന്നു. 32ദൈവം
അവനിൽ മഹത്ത്വപ്പെട്ടിരിക്കുന്നുവെങ്കിൽ
അവിടുന്ന് പുത്രനെ തന്നിൽത്തന്നേ മഹത്ത്വ
പ്പെടുത്തുകയും ചെയ്യും; ഉടൻതന്നേ അവനെ
മഹത്ത്വപ്പെടുത്തും.

33"എൻെറ കുഞ്ഞുങ്ങളേ, ഞാൻ
അല്പസമയം കൂടി മാത്രമേ നിങ്ങളോടുകൂടെ
ഉണ്ടായിരിക്കയുള്ളൂ. നിങ്ങൾ എന്നെ
അന്വേഷിക്കും. ഞാൻ പോകുന്നേടത്തു വരുവാൻ
നിങ്ങൾക്കു സാധ്യമല്ല എന്നു യഹൂദരോടു
പറഞ്ഞതുപോലെ ഇപ്പോൾ നിങ്ങളോടും
പറയുന്നു.

34"ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു
തരുന്നു: നിങ്ങൾ അന്യോന്യം സ്നേഹിക്കണം.
ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും
അന്യോന്യം സ്നേഹിക്കണം. 35നിങ്ങൾക്കു
പരസ്പരം സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എൻെറ
ശിഷ്യർ എന്ന് എല്ലാവരും അറിയും."

36"കർത്താവേ, അവിടുന്ന് എവിടേയ്ക്കാണു
പോകുന്നത്?" എന്നു ശിമോൻ പത്രോസ്
ചോദിച്ചു. യേശു മറുപടി നല്കി :"ഞാൻ
പോകുന്നേടത്തേക്ക് എന്നെ അനുഗമിക്കാൻ
ഇപ്പോൾ നിനക്കു സാധ്യമല്ല. എന്നാൽ പിന്നീട്
നീ എന്നെ അനുഗമിക്കും." 37പത്രോസ്
ചോദിച്ചു: "കർത്താവേ, എന്തുകൊണ്ടാണ്
ഇപ്പോൾതന്നെ എനിക്ക് അങ്ങയെ അനുഗമി
ക്കാൻ സാധിക്കാത്തത്? അങ്ങേയ്ക്കുവേണ്ടി
ഞാൻ എൻെറ ജീവൻ ഉപേക്ഷിക്കും."

38"നീ എനിക്കുവേണ്ടി ജീവൻ ഉപേക്ഷി
ക്കുമെന്നോ? സത്യമായി, സത്യമായി ഞാൻ
നിന്നോടു പറയുന്നു, കോഴി കൂവുന്ന തിനുമുമ്പ്
നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും "എന്നു
മറുപടി പറഞ്ഞു.

*യേശു ശിഷ്യന്മാരെ ആശ്വസിപ്പിക്കുന്നു*

14 "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോക
രുത്; ദൈവത്തിൽ വിശ്വസിക്കുക,
എന്നിലും വിശ്വസിക്കുക. 2എൻെറ പിതാവിൻെറ
ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്.
ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു.
ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ
പോകുന്നു. 3ഞാൻ പോയി സ്ഥലം ഒരുക്കിയാൽ
ഞാൻ ആയിരിക്കുന്നേടത്തു നിങ്ങളും ആയിരി
ക്കേണ്ടതിന്, മടങ്ങിവന്നു നിങ്ങളെ എൻെറ
അടുക്കൽ ചേർത്തുകൊള്ളും. 4ഞാൻ പോകുന്ന
സ്ഥലത്തേക്കുള്ള വഴി നിങ്ങൾക്കറിയാം."

*യേശു പിതാവിങ്കലേക്കുള്ള വഴി*

5തോമസ് അദ്ദേഹത്തോടു: "കർത്താവേ,
അങ്ങ് എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്ക്
അറിഞ്ഞുകൂടാ. പിന്നെ വഴി എങ്ങനെ അറിയും?"
എന്നു ചോദിച്ചു. 6അതിന് യേശു പറഞ്ഞു:
"ഞാൻ തന്നേ വഴിയും സത്യവും ജീവനും
ആകുന്നു. എന്നിലൂടെയല്ലാതെ ആരും
പിതാവിൻെറ അടുക്കൽ എത്തുന്നില്ല. 7നിങ്ങൾ

വാസ്തവമായി എന്നെ അറിഞ്ഞിരുന്നുവെങ്കിൽ
എൻെറ പിതാവിനെയും അറിയുമായിരുന്നു.
ഇപ്പോൾമുതൽ നിങ്ങൾ പിതാവിനെ അറിയുന്നു;
കണ്ടുമിരിക്കുന്നു."
8ഫിലിപ്പൊസ് പറഞ്ഞു: കർത്താവേ,
പിതാവിനെ ഞങ്ങൾക്കു കാണിച്ചുതന്നാലും,
ഞങ്ങൾക്ക് അതുമാത്രം മതി. 9യേശു പറ
ഞ്ഞു: "ഇത്രയേറെക്കാലം ഞാൻ നിങ്ങളോ
ടുകൂടെ ആയിരുന്നിട്ടും നിനക്ക് എന്നെ മനസ്സി
ലായില്ലയോ ഫിലിപ്പോസേ? എന്നെ കണ്ടവൻ
പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ
ഞങ്ങൾക്കു കാണിച്ചു തരണം എന്നു നീ
പറയുന്നതെന്ത്? 10ഞാൻ പിതാവിലും പിതാവ്
എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കു
ന്നില്ലേ? ഞാൻ നിങ്ങളോടു പറയുന്ന വചനം
എൻെറ സ്വന്തമല്ല; പിതാവ് എന്നിൽ വസിച്ചു
കൊണ്ട് തൻെറ പ്രവൃത്തിചെയ്യുകയാണ്.
11'പിതാവ് എന്നിലും ഞാൻ പിതാവിലും
ആകുന്നു' എന്നു ഞാൻ പറയുന്നത്
വിശ്വസിക്കുക; അല്ലെങ്കിൽ പ്രവൃത്തികൾ
നിമിത്തമെങ്കിലും വിശ്വസിക്കുക. 12സത്യമായി,
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ
ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കു
ന്നവനും ചെയ്യും. ഞാൻ പിതാവിൻെറ അടുക്കൽ
പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ
ചെയ്യും. 13നിങ്ങൾ എൻെറ നാമത്തിൽ
അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ
മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തു തരും.
14എൻെറ നാമത്തിൽ നിങ്ങൾ എന്നോട്
അപേക്ഷിക്കുന്നതെന്തും ഞാൻ ചെയ്തു തരും.

*യേശു പരിശുദ്ധാത്മാവിനെ*
*വാഗ്ദാനം ചെയ്യുന്നു*

15"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ
എൻെറ കല്പനകൾ അനുസരിക്കും. 16അപ്പോൾ
ഞാൻ പിതാവിനോട് അപേക്ഷിക്കുകയും
അവിടുന്ന് നിങ്ങൾക്കു സത്യത്തിൻെറ ആത്മാവ്
എന്ന മറ്റൊരു കാര്യസ്ഥനെ നിങ്ങളോടുകൂടെ
എന്നേക്കും ഇരിക്കേണ്ടതിനു നല്കുകയും
ചെയ്യും. ലോകത്തിന് ഈ ആത്മാവിനെ
സ്വീകരിക്കാൻ കഴിയുകയില്ല. 17കാരണം, ലോകം
അവിടുത്തെ കാണുകയോ അറിയുകയോ ചെയ്യു
ന്നില്ല. എന്നാൽ നിങ്ങൾ സത്യാത്മാവിനെ
അറിയുന്നു. എന്തെന്നാൽ അവിടുന്നു
നിങ്ങളോടുകൂടെ ജീവിക്കുന്നു. ഇനിയും
നിങ്ങളിൽ വസിക്കുകയും ചെയ്യും. 18ഞാൻ
നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ
നിങ്ങളുടെ അടുക്കൽ വരും. 19അല്പകാല
ത്തിനുശേഷം ലോകം എന്നെ കാണുകയില്ല.
എന്നാൽ നിങ്ങൾ എന്നെ കാണും. ഞാൻ
ജീവിക്കുന്നതുകൊണ്ടു നിങ്ങളും ജീവിക്കും.
20ഞാൻ എൻെറ പിതാവിലും നിങ്ങൾ എന്നിലും
ഞാൻ നിങ്ങളിലുമെന്ന് അന്ന് നിങ്ങൾ അറിയും.
21എൻെറ കല്പനകൾ സ്വീകരിച്ച്
അനുസരിക്കുന്നവനാണ് എന്നെ സ്നേഹി
ക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എൻെറ
പിതാവു സ്നേഹിക്കും. ഞാനും അവനെ
സ്നേഹിക്കുകയും എന്നെത്തന്നേ അവനു വെളി
പ്പെടുത്തിക്കൊടുക്കുകയും ചെയ്യും." 22അപ്പോൾ
ഈസ്ക്കര്യോത്താ അല്ലാത്ത യൂദാ ചോദിച്ചു:
"കർത്താവേ, അവിടുന്നു ലോകത്തിനല്ല,
ഞങ്ങൾക്കുതന്നേ സ്വയം വെളിപ്പെടുത്താൻ
ഇച്ഛിക്കുന്നതെന്തുകൊണ്ട്?"
23യേശു മറുപടി നല്കി: "എന്നെ
സ്നേഹിക്കുന്നവൻ എൻെറ ഉപദേശം
അനുസരിക്കും. എൻെറ പിതാവ് അവനെ
സ്നേഹിക്കും; ഞങ്ങൾ അവൻെറ അടുക്കൽ
വന്ന് അവനോടുകൂടെ വസിക്കും. 24എന്നെ
സ്നേഹിക്കാത്തവൻ എൻെറ ഉപദേശം
അനുസരിക്കുകയില്ല. നിങ്ങൾ കേൾക്കുന്ന ഈ
വചനങ്ങൾ എൻെറ സ്വന്തമല്ല; എന്നെ അയച്ച
പിതാവിൻേറതാണ്. 25ഇപ്പോൾ, ഞാൻ
നിങ്ങളോടുകൂടെ ഉള്ളപ്പോൾതന്നേ ഇതെല്ലാം
നിങ്ങളോടു സംസാരിച്ചിരിക്കുന്നു. 26എന്നാൽ
പിതാവ് എൻെറ നാമത്തിൽ അയയ്ക്കു
വാനിരിക്കുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവ്
എല്ലാക്കാര്യങ്ങളും നിങ്ങൾക്ക് ഉപദേശിച്ചു
തരികയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ള
കാര്യങ്ങളെല്ലാം നിങ്ങളെ ഓർമ്മിപ്പിക്കയും
ചെയ്യും. 27സമാധാനം ഞാൻ നിങ്ങൾക്കു
തന്നിട്ടുപോകുന്നു. എൻെറ സമാധാനം ഞാൻ
നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ
അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ
ഹൃദയം കലങ്ങരുത്; ഭയപ്പെടുകയുമരുത്.
28ഞാൻ പോവുകയാണെന്നും നിങ്ങളുടെ
അടുക്കൽ മടങ്ങിവരുമെന്നും പറഞ്ഞതു നിങ്ങൾ
കേട്ടുവല്ലോ. നിങ്ങൾ എന്നെ സ്നേഹിക്കുന്നു
വെങ്കിൽ, എൻെറ പിതാവിൻെറ അടുത്തേക്കു
ഞാൻ പോകുന്നതിൽ സന്തോഷിക്കുമായിരുന്നു;
പിതാവ് എന്നെക്കാൾ വലിയവനാണല്ലോ.
29അതു സംഭവിക്കുംമുമ്പ്, ഇപ്പോൾതന്നേ
ഞാനതു പറയുന്നത് അതു സംഭവിക്കുമ്പോൾ
നിങ്ങൾ വിശ്വസിക്കേണ്ടതിനാണ്. 30ഇനിമേൽ
അധികമൊന്നും ഞാൻ നിങ്ങളോടു സംസാരി
ക്കുകയില്ല. ഈ ലോകത്തിൻെറ അധിപതി
വരുന്നു. അവന് എൻെറമേൽ ഒരധികാരവുമില്ല.
31എങ്കിലും ഞാൻ പിതാവിനെ സ്നേഹിക്കുന്നു
എന്നും പിതാവ് എന്നോടു കല്പിച്ചിട്ടുള്ളതു
മാത്രം ഞാൻ ചെയ്യുന്നു എന്നും ലോകം അറിയട്ടെ,
വരുവിൻ; നമുക്കുപോകാം."

*മുന്തിരിച്ചെടിയും ശാഖകളും*

15 ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും
എന്റെ പിതാവ് തോട്ടക്കാരനും
ആകുന്നു. 2എന്നിലുള്ള കായ്ക്കാത്ത ശാഖ
കളെല്ലാം അവിടുന്നു മുറിച്ചു കളയുന്നു;
കായ്ക്കുന്നതെല്ലാം അധികം ഫലം കായ്ക്കേ
ണ്ടതിനു വെട്ടി വെടിപ്പാക്കുന്നു. 3ഞാൻ
നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ
ശുദ്ധിയുള്ളവരായിത്തീർന്നിരിക്കുന്നു. 4എന്നിൽ
വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും.
മുന്തിരിച്ചെടിയിൽ വസിക്കാത്ത കൊമ്പിനു
സ്വയം കായ്ക്കാൻ കഴിയാത്തതുപോലെ
എന്നിൽ വസിക്കാതെ നിങ്ങൾക്കും കഴികയില്ല.
5"ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളും
ആകുന്നു. ഒരുവൻ എന്നിലും ഞാൻ അവനിലും
വസിക്കുന്നു എങ്കിൽ അവൻ ധാരാളം ഫലം
കായ്ക്കും; എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും
ചെയ്യാൻ കഴികയില്ല. 6എന്നിൽ വസിക്കാ
ത്തവൻ, പുറന്തള്ളപ്പെട്ട് ഉണങ്ങിപ്പോകുന്ന
ശാഖയ്ക്കു തുല്യനാണ്. അങ്ങനെയുള്ള
ശാഖകൾ തീയിൽ ഇട്ടുകളയുകയും അവ
എരിഞ്ഞു പോകയും ചെയ്യുന്നു. 7നിങ്ങൾ
എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ,
നിങ്ങൾ ഇച്ഛിക്കുന്നതെന്തും അപേക്ഷിച്ചു
കൊള്ളുക; അതു നിങ്ങൾക്കു ലഭിക്കും. 8നിങ്ങൾ
ധാരാളം ഫലം കായ്ക്കുന്നതിനാൽ എന്റെ
പിതാവു മഹത്ത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ
എന്റെ ശിഷ്യന്മാരാകും.
9"പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ
ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ
സ്നേഹത്തിൽ വസിക്കുവിൻ. 10ഞാൻ എന്റെ
പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ
സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ
എന്റെ കല്പനകൾ അനുസരിച്ചാൽ എന്റെ
സ്നേഹത്തിൽ വസിക്കും. 11എന്റെ സന്തോഷം
നിങ്ങളിൽ ആയിരിക്കുവാനും നിങ്ങളുടെ
സന്തോഷം സമ്പൂർണ്ണമാകുവാനുമാണ് ഞാൻ
ഇതു നിങ്ങളോടു സംസാരിച്ചത്. 12എന്റെ
കല്പന ഇതാണ്: ഞാൻ നിങ്ങളെ
സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം
സ്നേഹിക്കുക. 13സ്നേഹിതർക്കുവേണ്ടി
ജീവൻ ത്യജിക്കുന്നതിലും വലുതായ സ്നേഹം
ആർക്കും ഇല്ല. 14ഞാൻ കല്പിക്കുന്നതു
ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതരാണ്.
15യജമാനന്റെ പ്രവൃത്തികൾ ദാസൻ
അറിയാത്തതിനാൽ ഞാൻ നിങ്ങളെ ദാസന്മാർ
എന്ന് ഇനി വിളിക്കുന്നില്ല. ഞാൻ എന്റെ
പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ അറിയിച്ച
തിനാൽ നിങ്ങളെ സ്നേഹിതന്മാർ എന്നു
വിളിച്ചിരിക്കുന്നു. 16നിങ്ങൾ എന്നെ തിര
ഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ
തിരഞ്ഞെടുത്തു; നിങ്ങൾ പോയി ഫലം കായ്ക്കു
ന്നതിന്, നിലനില്ക്കുന്ന ഫലം കായ്ക്കേണ്ടതിനു
തന്നേ. അതിനാൽ നിങ്ങൾ എന്റെ നാമത്തിൽ
ചോദിക്കുന്നതെല്ലാം പിതാവു നിങ്ങൾക്കു തരും.
17നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹിക്കണം
എന്നുള്ളതാണ് എന്റെ കല്പന.

*ലോകം ശിഷ്യരെ വെറുക്കുന്നു*

18"ലോകം നിങ്ങളെ വെറുക്കുന്നുവെങ്കിൽ
അത് നിങ്ങൾക്കുമുമ്പേ എന്നെ വെറുത്തു എന്ന്
ഓർത്തുകൊള്ളുക. 19നിങ്ങൾ ലോക
ത്തിനുള്ളവർ ആയിരുന്നെങ്കിൽ ലോകം നിങ്ങളെ
സ്വന്തമെന്നു കരുതി സ്നേഹിക്കുമായിരുന്നു.
എന്നാൽ നിങ്ങൾ ലോകത്തിനു ള്ളവരല്ല, ഞാൻ
നിങ്ങളെ ലോകത്തിൽനിന്നു തിരഞ്ഞെടു
ത്തിരിക്കുന്നു. അതുകൊണ്ടാണു ലോകം
നിങ്ങളെ വെറുക്കുന്നത്. 20ദാസൻ യജമാനനെ
ക്കാൾ വലിയവനല്ല[a] എന്നു ഞാൻ നിങ്ങളോടു
പറഞ്ഞത് ഓർത്തുകൊള്ളുക. അവർ എന്നെ
പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും;
അവർ എന്റെ ഉപദേശം അനുസരിച്ചുവെങ്കിൽ
നിങ്ങളുടേതും അനുസരിക്കും. 21എന്റെ നാമം
നിമിത്തം അവർ നിങ്ങളോട് ഇങ്ങനെയെല്ലാം
പെരുമാറും; എന്നെ അയച്ചവനെ അവർ
അറിയുന്നില്ലല്ലോ. 22ഞാൻ വന്ന് അവരോടു
സംസാരിച്ചിരുന്നില്ലെങ്കിൽ അവർക്കു പാപം
ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഇപ്പോൾ
അവരുടെ പാപത്തിന് ഒഴികഴിവില്ല. 23എന്നെ
വെറുക്കുന്നവൻ എന്റെ പിതാവിനെയും
വെറുക്കുന്നു. 24മറ്റാരും ചെയ്തിട്ടില്ലാത്ത
പ്രവൃത്തികൾ ഞാൻ അവരുടെ ഇടയിൽ
ചെയ്തിരുന്നില്ലെങ്കിൽ അവർക്കു കുറ്റമില്ലാ
യിരുന്നു. എന്നാൽ ഇപ്പോൾ അവർ ഈ
പ്രവൃത്തികൾ കണ്ടിട്ടും എന്നെയും എന്റെ
പിതാവിനെയും വെറുത്തിരിക്കുന്നു. 25കാരണം[b]
കൂടാതെ അവർ എന്നെ ദ്വേഷിച്ചു എന്ന വചനം
നിറവേറുന്നതിനാണ് ഇതു സംഭവിച്ചത്.
26"പിതാവിൽനിന്നു പുറപ്പെടുന്ന സത്യ
ത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥനെ ഞാൻ
പിതാവിന്റെ അടുക്കൽനിന്നു നിങ്ങളുടെ
അടുത്തേക്ക് അയക്കുമ്പോൾ അവിടുന്നു
എന്നെക്കുറിച്ചു സാക്ഷ്യം പറയും. 27നിങ്ങളും
ആദിമുതൽ എന്നോടുകൂടെ ആയിരുന്നതു
കൊണ്ട് എന്നെക്കുറിച്ചു സാക്ഷ്യം പറയുവിൻ.
16 "നിങ്ങൾ ഇടറിപ്പോകാതിരിക്കേണ്ടതി
നാണു ഞാൻ ഇതെല്ലാം നിങ്ങളോടു
സംസാരിച്ചത്. 2അവർ നിങ്ങളെ പള്ളികളിൽ
നിന്നു പുറത്താക്കും; നിങ്ങളെ കൊല്ലുന്നവൻ,
ദൈവത്തിന് ഒരു വഴിപാടു കഴിക്കുകയാണ് എന്നു

[a] 20യോഹന്നാൻ 13:16 [b] 25 സങ്കീർത്തനം 35:19; 69:4

കരുതുന്ന കാലംവരും. 3അവർ പിതാവിനെയോ
എന്നെയോ അറിഞ്ഞിട്ടില്ലാത്തതുകൊണ്ട്
അങ്ങനെ പ്രവർത്തിക്കും. 4ഞാൻ നിങ്ങൾക്കു
മുന്നറിയിപ്പു തന്നിരിക്കുന്നു എന്ന് ആ സമയം
വരുമ്പോൾ നിങ്ങൾ ഓർമ്മിക്കേണ്ട തിനു ഞാൻ
ഇതു നിങ്ങളോടു പറഞ്ഞിരിക്കുന്നു, ഞാൻ
നിങ്ങളോടുകൂടെ ഉണ്ടായിരുന്നതു കൊണ്ടാണ്
ആദ്യം ഇതു പറയാതിരുന്നത്.

*പരിശുദ്ധാത്മാവിന്റെ പ്രവർത്തനം*

5"ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ
അടുത്തേക്കുപോകുന്നു. എങ്കിലും അങ്ങ്
എവിടെ പോകുന്നു? എന്ന് നിങ്ങളിൽ ആരും
എന്നോടു ചോദിക്കുന്നില്ല. 6ഞാൻ ഈ
കാര്യങ്ങൾ പറഞ്ഞതുകൊണ്ടു നിങ്ങളുടെ
ഉള്ളിൽ ദുഃഖം നിറഞ്ഞിരിക്കുന്നു. 7എന്നാൽ
ഞാൻ നിങ്ങളോടു സത്യം പറയുന്നു: നിങ്ങളുടെ
നന്മയ്ക്കുവേണ്ടിയാണു ഞാൻ പോകുന്നത്.
ഞാൻ പോകാതിരുന്നാൽ കാര്യസ്ഥൻ
നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ
പോയാൽ കാര്യസ്ഥനെ നിങ്ങളുടെ അടുത്തേക്ക്
അയയ്ക്കും. 8അവിടുന്നുവരുമ്പോൾ പാപം,
നീതി, ന്യായവിധി എന്നിവയെ സംബന്ധിച്ച്
ലോകത്തിനു ബോധ്യം വരുത്തും. 9മനുഷ്യർ
എന്നിൽ വിശ്വസിക്കാത്തതുകൊണ്ടു പാപത്തെ
ക്കുറിച്ചും 10നിങ്ങൾക്ക് ഇനി എന്നെ കാണാൻ
സാധിക്കാത്തവിധം പിതാവിന്റെ അടുക്കലേക്കു
ഞാൻ പോകുന്നതുകൊണ്ടു നീതിയെക്കുറിച്ചും
11ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരി
ക്കയാൽ ന്യായവിധിയെക്കുറിച്ചും തന്നേ. 12ഇനി
വളരെ അധികം കാര്യങ്ങൾ എനിക്കു നിങ്ങളോടു
പറയുവാനുണ്ട്. എങ്കിലും അവ വഹിക്കുവാൻ
ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. 13എന്നാൽ സത്യ
ത്തിന്റെ ആത്മാവു വരുമ്പോൾ, അവിടുന്നു
നിങ്ങളെ സകല സത്യത്തിലേക്കും നയിക്കും.
അവിടുന്നു സ്വയം സംസാരിക്കാതെ താൻ കേൾ
ക്കുന്നതുമാത്രം പറയുകയും വരുവാനുള്ളതു
നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും.
14അവിടുന്ന് എനിക്കുള്ളതിൽനിന്ന് എടുത്തു
നിങ്ങൾക്ക് അറിയിച്ചുതരികയാൽ എന്നെ
മഹത്വപ്പെടുത്തും. 15പിതാവിനുള്ള തെല്ലാം
എനിക്കുള്ളത്; അതുകൊണ്ടാണ് ആത്മാവ്
എനിക്കുള്ളതിൽ നിന്നും എടുത്തു നിങ്ങൾക്ക്
അറിയിച്ചുതരും എന്നു ഞാൻ പറഞ്ഞത്.
16അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ
കാണുകയില്ല. എന്നാൽ വീണ്ടും അല്പസമയ
ത്തിനുശേഷം നിങ്ങൾ എന്നെ കാണും."

*ശിഷ്യന്മാരുടെ സങ്കടം*
*സന്തോഷമായിമാറുന്നു*

17ശിഷ്യന്മാരിൽ ചിലർ പരസ്പരം ചോദിച്ചു;
"അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ
കാണുകയില്ലെന്നും എന്നാൽ വീണ്ടും
അല്പസമയം കഴിയുമ്പോൾ നിങ്ങൾ എന്നെ
കാണുമെന്നും പിതാവിന്റെ അടുക്കൽ പോകു
ന്നുവെന്നും പറയുന്നതിന്റെ അർത്ഥം എന്താണ്?
18'അല്പസമയം' എന്ന് ഈ പറയുന്നതെന്ത്?
അദ്ദേഹം സംസാരിക്കുന്നതു നമുക്കു
മനസ്സിലാകുന്നില്ലല്ലോ?"
19ഇതേപ്പറ്റി അവർ തന്നോടു ചോദിക്കുവാൻ
ആഗ്രഹിക്കുന്നുവെന്ന് അറിഞ്ഞിട്ട് യേശു
അവരോടു പറഞ്ഞു: "'അല്പസമയം
കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല,
എന്നാൽ പിന്നെയും അല്പം കൂടി കഴിയുമ്പോൾ
നിങ്ങൾ എന്നെ കാണും' എന്നു ഞാൻ പറഞ്ഞ
തിന്റെ അർത്ഥം എന്താണെന്നാണോ നിങ്ങൾ
അന്യോന്യം ചോദിക്കുന്നത്? 20സത്യമായി,
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ലോകം
സന്തോഷിക്കും; നിങ്ങളോ കരഞ്ഞു വിലപിക്കും.
നിങ്ങൾ ദുഃഖിക്കും, എന്നാൽ നിങ്ങളുടെ ദുഃഖം
സന്തോഷമായി മാറും. 21കുഞ്ഞിനെ പ്രസവിക്കു
മ്പോൾ തന്റെ സമയം ആയിരിക്കുന്നതുകൊണ്ടു
സ്ത്രീ വേദനപ്പെടുന്നു. എന്നാൽ കുഞ്ഞു
പിറന്നതിനുശേഷമോ, ഒരു കുട്ടി ലോക
ത്തിലേക്കു പിറന്നതിന്റെ സന്തോഷത്താൽ
അവൾ തന്റെ വേദന മറക്കുന്നു. 22നിങ്ങളുടെ
കാര്യവും അങ്ങനെ തന്നേ. ഇപ്പോൾ നിങ്ങൾക്കു
സങ്കടത്തിന്റെ സമയം. എന്നാൽ ഞാൻ നിങ്ങളെ
വീണ്ടും കാണും; അപ്പോൾ നിങ്ങൾ സന്തോ
ഷിക്കും. നിങ്ങളുടെ സന്തോഷം ആരും എടുത്തു
കളയുകയില്ല. 23അന്നു നിങ്ങൾ എന്നോട് ഒന്നും
ചോദിക്കുകയില്ല. സത്യമായി, സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു: നിങ്ങൾ എന്റെ
നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്ന
തെന്തും അവിടുന്നു നിങ്ങൾക്കുതരും. 24ഇതുവ
രെയും നിങ്ങൾ എന്റെ നാമത്തിൽ ഒന്നും
അപേക്ഷിച്ചിട്ടില്ല; അപേക്ഷിക്കുവിൻ നിങ്ങൾക്കു
ലഭിക്കും. അങ്ങനെ നിങ്ങളുടെ സന്തോഷം
പൂർണ്ണമായിത്തീരും.
25ഞാൻ അലങ്കാര ഭാഷയിൽ നിങ്ങളോടു
സംസാരിച്ചുകൊണ്ടിരുന്നു; എന്നാൽ ഈ
വിധത്തിലല്ലാതെ നിങ്ങളോട് എന്റെ
പിതാവിനെക്കുറിച്ചു സ്പഷ്ടമായി സംസാരി
ക്കുന്ന സമയം വരുന്നു. 26അന്നു നിങ്ങൾ എന്റെ
നാമത്തിൽ അപേക്ഷിക്കും. ഞാൻ നിങ്ങൾക്കു
വേണ്ടി പിതാവിനോട് അപേക്ഷിക്കും എന്നു
പറയുന്നില്ല. 27കാരണം, നിങ്ങളെന്നെ
സ്നേഹിക്കുകയും ഞാൻ പിതാവിന്റെ
അടുക്കൽനിന്നു വന്നിരിക്കുന്നു എന്നു
വിശ്വസിക്കുകയും ചെയ്തിരിക്കയാൽ പിതാവു
തന്നേ നിങ്ങളെ സ്നേഹിക്കുന്നു. 28ഞാൻ
പിതാവിന്റെ അടുക്കൽനിന്നു ലോകത്തിലേക്കു

വന്നു; ഇപ്പോൾ ലോകംവിട്ടു പിതാവിന്റെ
അടുക്കലേക്കു മടങ്ങുന്നു."
29അപ്പോൾ യേശുവിന്റെ ശിഷ്യന്മാർ
പറഞ്ഞു: "ഇപ്പോൾ അങ്ങ് അലങ്കാരമാ
യിട്ടല്ലാതെ സ്പഷ്ടമായി സംസാരിക്കുന്നു.
30അങ്ങ് സകലവും അറിയുന്നുവെന്നും
അങ്ങയോട് ആരും ഒന്നും ചോദിക്കേണ്ട ആവശ്യ
മില്ലെന്നും ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നു.
അങ്ങ് പിതാവിന്റെ അടുക്കൽനിന്നു വന്നു എന്ന്
ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു."
31അതിന് യേശു മറുപടി നല്കി: "ഇപ്പോൾ
നിങ്ങൾ വിശ്വസിക്കുന്നുവോ? 32എന്നാൽ
നിങ്ങളിൽ ഓരോരുത്തനും താന്താന്റെ
സ്ഥലത്തേക്കു ചിതറിപ്പോവുകയും എന്നെ
ഏകനായി വിടുകയും ചെയ്യുന്ന സമയം വരുന്നു;
അല്ല, വന്നുകഴിഞ്ഞു. എങ്കിലും പിതാവ്
എന്നോടുകൂടെ ഉള്ളതിനാൽ ഞാൻ ഏകനല്ല
താനും. 33നിങ്ങൾക്ക് എന്നിൽ സമാധാനം
ഉണ്ടാകേണ്ടതിനു ഞാൻ ഇതെല്ലാം നിങ്ങളോടു
സംസാരിച്ചിരിക്കുന്നു. ഈ ലോകത്തിൽ
നിങ്ങൾക്കു കഷ്ടത ഉണ്ട് എങ്കിലും
ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ
ജയിച്ചിരിക്കുന്നു."

*യേശു തനിക്കുവേണ്ടിത്തന്നേ പ്രാർത്ഥിക്കുന്നു*

**17** ഇതു പറഞ്ഞതിനുശേഷം യേശു
സ്വർഗ്ഗത്തിലേക്കുനോക്കി പ്രാർത്ഥിച്ചു:
"പിതാവേ, സമയം വന്നിരിക്കുന്നു.
അങ്ങയുടെ പുത്രൻ അങ്ങയെ
മഹത്ത്വപ്പെടുത്തേണ്ടതിനു പുത്രനെ
മഹത്ത്വപ്പെടുത്തേണമേ. 2അങ്ങ് അവനു
നല്കിയിട്ടുള്ള എല്ലാവർക്കും അവൻ
നിത്യജീവൻ കൊടുക്കേണ്ടതിന് സകല
മനുഷ്യരുടെയുംമേൽ അവന് അധികാരം
നല്കിയിരിക്കുന്നുവല്ലോ. 3ഏക സത്യദൈ
വമായ അങ്ങയെയും അങ്ങ് അയച്ചിരി
ക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്ന
തുതന്നേ നിത്യജീവൻ. 4അവിടുന്ന് എനിക്കു
ചെയ്യാൻ തന്ന പ്രവൃത്തി നിറവേറ്റി ഞാൻ
ഭൂമിയിൽ അങ്ങയെ മഹത്ത്വപ്പെടുത്തി
യിരിക്കുന്നു. 5ഇപ്പോൾ, പിതാവേ,
ലോകാരംഭത്തിനു മുമ്പേ അങ്ങയോടൊപ്പം
എനിക്കുണ്ടായിരുന്ന മഹത്ത്വത്താൽ
അവിടുത്തെ സന്നിധിയിൽ എന്നെ
മഹത്ത്വപ്പെടുത്തേണമേ.

*യേശു ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു*

6"ലോകത്തിൽനിന്ന് അവിടുന്ന് എനിക്കു
നല്കിയിട്ടുള്ളവർക്കു ഞാൻ അവിടുത്തെ
നാമം വെളിപ്പെടുത്തി. അവർ അങ്ങയുടെ
സ്വന്തമായിരുന്നു; അങ്ങ് അവരെ എനിക്കു
തന്നു; അവർ അങ്ങയുടെ വചനം
അനുസരിച്ചിരിക്കുന്നു. 7അങ്ങ് എനിക്കു
നല്കിയിട്ടുള്ളതെല്ലാം അങ്ങയിൽനിന്നും
വന്നിട്ടുള്ളതാണെന്ന് അവർ ഇപ്പോൾ
അറിയുന്നു. 8അവിടുന്ന് എന്നെ ഏല്പിച്ച
വചനം ഞാൻ അവർക്കു കൊടുത്തു. അവർ
അതു സ്വീകരിക്കുകയും ഞാൻ അങ്ങയിൽ
നിന്നു വന്നുവെന്ന് ഉറപ്പായി അറിയുകയും
അവിടുന്ന് എന്നെ അയച്ചുവെന്നു വിശ്വസി
ക്കുകയും ചെയ്തിരിക്കുന്നു. 9ഞാൻ
അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു; ലോക
ത്തിനുവേണ്ടിയല്ല, അങ്ങ് എന്നെ ഏല്പി
ച്ചിട്ടുള്ളവർ അങ്ങേയ്ക്കുള്ളവരാകയാൽ
അവർക്കുവേണ്ടിയത്രേ ഞാൻ പ്രാർത്ഥി
ക്കുന്നത്. 10എനിക്കുള്ളതെല്ലാം അങ്ങയു
ടേതും അങ്ങേയ്ക്കുള്ളതെല്ലാം എന്റേതും
ആകുന്നു; അവരിലൂടെ എനിക്കു മഹത്ത്വം
കൈവന്നിരിക്കുന്നു. 11ഇനി ഞാൻ
ലോകത്തിൽ ഇരിക്കുന്നില്ല; അവരോ
ഇപ്പോഴും ലോകത്തിൽ ഇരിക്കുന്നു. ഞാൻ
അങ്ങയുടെ അടുത്തേക്കു വരുന്നു.
പരിശുദ്ധപിതാവേ, നാം ഒന്നായിരിക്കുന്നതു
പോലെ അവരും ഒന്നാകേണ്ടതിന്
അവിടുത്തെ നാമത്തിൽ - അവിടുന്ന്
എനിക്കു തന്നിരിക്കുന്ന നാമത്തിൽ തന്നേ
- അവരെ കാത്തുകൊള്ളണമേ. 12ഞാൻ
അവരോടുകൂടെ ആയിരുന്നപ്പോൾ
അവിടുന്ന് എനിക്കു നല്കിയ നാമത്താൽ
ഞാൻ അവരെ സംരക്ഷിക്കുകയും ഭദ്രമായി
സൂക്ഷിക്കുകയും ചെയ്തു; തിരുവെഴുത്തു
നിറവേറേണ്ടതിന്, ആ നാശപുത്രൻ ഒഴികെ
വേറെ ആരും നഷ്ടപ്പെട്ടുപോയിട്ടില്ല.
13"ഇപ്പോൾ ഞാൻ അങ്ങയുടെ അടു
ത്തേക്കു വരുന്നു; എന്നാൽ എന്റെ
സന്തോഷം അവരുടെ ഉള്ളിൽ പൂർണ്ണമാ
കേണ്ടതിന്, ഞാൻ ലോകത്തിൽ ഇരിക്കു
മ്പോൾതന്നേ ഇതു പറയുകയാണ്.
14അവിടുത്തെ വചനം ഞാൻ അവർക്കു
കൊടുത്തു; ഞാൻ ലൗകികനല്ലാത്തതു
പോലെ അവരും ലൗകികരല്ലാത്തതിനാൽ
ലോകം അവരെ വെറുത്തിരിക്കുന്നു.
15അവിടുന്ന് അവരെ ലോകത്തിൽ നിന്ന്
എടുത്തുകൊള്ളണമെന്നല്ല, പിന്നെയോ
ദുഷ്ടനിൽ നിന്നും കാത്തുകൊള്ളണം
എന്നാണ് എന്റെ പ്രാർത്ഥന. 16ഞാൻ
ലൗകികനല്ലാത്തതു പോലെ അവരും
ലൗകികരല്ല. 17സത്യത്താൽ അവരെ
വിശുദ്ധീകരിക്കണമേ. അവിടുത്തെ വചനം
സത്യം തന്നേ. 18അവിടുന്ന് എന്നെ

ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും
അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു.
19സത്യത്താൽ അവരും വിശുദ്ധീകരി
ക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ
എന്നെത്തന്നേ വിശുദ്ധീകരിക്കുന്നു.

*യേശു എല്ലാ വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു*

20“അവർക്കുവേണ്ടി മാത്രമല്ല, അവരുടെ
വചനം മുഖേന എന്നിൽ വിശ്വസി
ക്കുവാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ
പ്രാർത്ഥിക്കുന്നു. 21പിതാവേ, അങ്ങ് എന്നെ
അയച്ചുവെന്നു ലോകം വിശ്വസിക്കുവാൻ,
അങ്ങ് എന്നിലും ഞാൻ അങ്ങയിലും
ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ
ഒന്നായിരിക്കണമേ. 22അവർ നമ്മെപ്പോലെ
ഒന്നായിരിക്കേണ്ടതിന് അവിടുന്ന് തന്ന
മഹത്ത്വം ഞാൻ അവർക്കു കൊടുത്തിരി
ക്കുന്നു. 23ഞാൻ അവരിലും അങ്ങ്
എന്നിലും ആകുന്നു. അങ്ങ് എന്നെ
അയച്ചിരിക്കുന്നു എന്നും എന്നെ സ്നേഹിച്ച
തുപോലെ തന്നേ അവരേയും സ്നേഹിക്കു
ന്നുവെന്നും ലോകം അറിയുവാൻ
തക്കവണ്ണം അവരെ പൂർണ്ണ ഐക്യത്തി
ലേക്കു നയിക്കണമേ.
24“പിതാവേ, അവിടുന്നു ലോകസൃഷ്ടി
ക്കുമുമ്പേ എന്നെ സ്നേഹിച്ചിരുന്നതിനാൽ
എനിക്കു തന്ന മഹത്ത്വം അവിടുന്നു
എനിക്കു നല്കിയിട്ടുള്ളവർ കാണേണ്ടതിന്,
ഞാൻ ആയിരിക്കുന്നേടത്ത് അവരും
എന്നോടുകൂടെ ആയിരിക്കണമെന്നു ഞാൻ
ആഗ്രഹിക്കുന്നു.
25“നീതിമാനായ പിതാവേ, ലോകം അങ്ങയെ
അറിയുന്നില്ല; എന്നാൽ ഞാൻ അങ്ങയെ
അറിയുന്നു; അങ്ങ് എന്നെ അയച്ചിരിക്കു
ന്നുവെന്ന് ഇവരും അറിയുന്നു. 26അങ്ങേയ്ക്ക്
എന്നോടുള്ള സ്നേഹം അവരിൽ ആകുവാനും
ഞാൻ അവരിൽ ആകുവാനും ഞാൻ അങ്ങയെ
അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു, ഇനിയും
വെളിപ്പെടുത്തും.”

*യേശുവിനെ ബന്ധനസ്ഥനാക്കുന്നു*

18 പ്രാർത്ഥനയ്ക്കുശേഷം യേശു
അവിടം വിട്ടു ശിഷ്യന്മാരുമായി കെദ്രോൻ
താഴ്വരയുടെ മറുവശത്തേക്കു പോയി. അവിടെ
ഒരു ഒലിവുതോട്ടം ഉണ്ടായിരുന്നു. യേശു
ശിഷ്യന്മാരുമൊത്ത് അതിൽ പ്രവേശിച്ചു.
2യേശുവും ശിഷ്യന്മാരും പലപ്പോഴും അവിടെ
ഒരുമിച്ചുകൂടിയിരുന്നതിനാൽ അദ്ദേഹത്തെ
ഒറ്റിക്കൊടുത്ത യൂദാ ആ സ്ഥലം അറിഞ്ഞിരുന്നു.
3യൂദാ ഒരു സംഘം പടയാളികളെയും, മുഖ്യ
പുരോഹിതന്മാരും പരീശന്മാരും അയച്ച ഉദ്യോഗ
സ്ഥന്മാരെയും കൂട്ടിക്കൊണ്ടു തോട്ടത്തിലെത്തി.
അവർ തീപ്പന്തങ്ങളും റാന്തലുകളും ആയുധ
ങ്ങളും വഹിച്ചിരുന്നു.
4തനിക്കു നേരിടുവാനുള്ളതെല്ലാം അറിഞ്ഞിട്ട്
യേശു പുറത്തുചെന്ന്, “നിങ്ങൾ ആരെയാണ്
അന്വേഷിക്കുന്നത്?” എന്ന് അവരോടു ചോദിച്ചു.
5“നസറായനായ യേശുവിനെ” അവർ മറുപടി
പറഞ്ഞു.
“അതു ഞാൻ ആകുന്നു.” യേശു പറഞ്ഞു.
അദ്ദേഹത്തെ ഒറ്റിക്കൊടുത്ത യൂദാ അവരോടു
കൂടെ അവിടെ നിന്നിരുന്നു. 6“അതു ഞാൻ
ആകുന്നു” എന്ന് യേശു പറഞ്ഞപ്പോൾ അവർ
പിൻവാങ്ങി നിലത്തുവീണു.
7യേശു വീണ്ടും ചോദിച്ചു: “ആരെയാണ്
നിങ്ങൾ അന്വേഷിക്കുന്നത്?”
“നസറായനായ യേശുവിനെ” അവർ പറഞ്ഞു.
8“അതു ഞാനാകുന്നു എന്നു നിങ്ങളോടു
പറഞ്ഞുവല്ലോ! നിങ്ങൾ എന്നെയാണ് അന്വേ
ഷിക്കുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ.”
യേശു ഉത്തരം നല്കി. 9“അങ്ങ് എനിക്കു
തന്നവരിൽ ആരും നഷ്ടപ്പെട്ടിട്ടില്ല”[a] എന്ന് യേശു
പറഞ്ഞിരുന്ന വാക്കുകൾ നിറവേറുവാൻ ഇതു
സംഭവിച്ചു.
10അപ്പോൾ ശിമോൻ പത്രൊസ് കൈവശ
മുണ്ടായിരുന്ന വാൾ ഊരി മഹാപുരോഹിതന്റെ
ദാസനെ വെട്ടി അവന്റെ വലത്തെ കാത്
ഛേദിച്ചുകളഞ്ഞു. ആ ദാസന്റെ പേര്
മൽക്കൊസ് എന്നായിരുന്നു
11“വാൾ ഉറയിലിടുക” യേശു പത്രൊസിനോട്
ആജ്ഞാപിച്ചു. “ പിതാവ് എനിക്കു തന്ന
പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലേ?” അദ്ദേഹം
ചോദിച്ചു.

*യേശു ഹന്നാവിന്റെ മുമ്പിൽ*

12അനന്തരം സേനാധിപനും സൈന്യവിഭാ
ഗവും യഹൂദരായ ഉദ്യോഗസ്ഥന്മാരും കൂടി
യേശുവിനെ പിടിച്ചു. 13അവർ അദ്ദേഹത്തെ
ബന്ധിച്ച് ആദ്യം ഹന്നാവിന്റെ അടുത്തു
കൊണ്ടുചെന്നു. അയാൾ ആ വർഷത്തെ
മഹാപുരോഹിതനായ കയ്യഫാവിന്റെ
ഭാര്യാപിതാവ് ആയിരുന്നു. 14ഈ കയ്യഫാവ്
ആയിരുന്നു. “ ജനങ്ങൾവേണ്ടി ഒരു മനുഷ്യൻ
മരിക്കുന്നത് ഉചിതം” എന്ന് യഹൂദർക്ക് ഉപദേശം
കൊടുത്തത്.

*പത്രൊസ് തള്ളിപ്പറയുന്നു*

15ശിമോൻ പത്രൊസും മറ്റൊരു ശിഷ്യനും
യേശുവിനെ അനുഗമിക്കുന്നുണ്ടായിരുന്നു. ഈ

[a] 9 യോഹന്നാൻ 6:39

ശിഷ്യൻ മഹാപുരോഹിതനു പരിചയമുള്ളവൻ
ആയിരുന്നതുകൊണ്ട് യേശുവിനോടുകൂടെ
മഹാപുരോഹിതൻെറ മുറ്റത്തു പ്രവേശിച്ചു.
16എന്നാൽ പത്രൊസിന് വാതിലിനു പുറത്തു
നില്ക്കേണ്ടിവന്നു. മഹാപുരോഹിതനു പരിച
യമുള്ള മറ്റേ ശിഷ്യൻ തിരികെവന്ന് വാതിൽ
കാവൽക്കാരിയോടു പറഞ്ഞ് പത്രൊസിനെ
അകത്തു പ്രവേശിപ്പിച്ചു.
17അപ്പോൾ വാതിൽ കാവൽക്കാരി
പത്രൊസിനോട്, "താങ്കൾ ഈ മനുഷ്യൻെറ
ശിഷ്യന്മാരിൽ ഒരാൾ അല്ലേ?" എന്നു ചോദിച്ചു.

"ഞാൻ അല്ല." അയാൾ മറുപടി പറഞ്ഞു.

18തണുപ്പുണ്ടായിരുന്നതുകൊണ്ട് ദാസന്മാരും
ഉദ്യോഗസ്ഥന്മാരും കനൽ കൂട്ടി തീ കായുകയാ
യിരുന്നു. പത്രൊസും തീ കാഞ്ഞുകൊണ്ട്
അവരുടെകൂടെ നിന്നു.

*മഹാപുരോഹിതൻ യേശുവിനെ ചോദ്യം ചെയ്യുന്നു*

19ഈ സമയത്ത് മഹാപുരോഹിതൻ യേശു
വിൻെറ ശിഷ്യന്മാരെയും ഉപദേശത്തെയുംപറ്റി
അദ്ദേഹത്തെ ചോദ്യം ചെയ്തു.
20"ഞാൻ ലോകത്തോടു പരസ്യമായിട്ടാണു
സംസാരിച്ചിട്ടുള്ളത്. എല്ലാ യഹൂദരും
ഒരുമിച്ചുകൂടുന്ന പള്ളികളിലും ദൈവാലയ
ത്തിലും ഞാൻ പഠിപ്പിച്ചുപോന്നു; രഹസ്യമായി
ഒന്നും ഞാൻ പറഞ്ഞിട്ടില്ല. 21എന്തിന് എന്നെ
ചോദ്യം ചെയ്യുന്നു? എൻെറ വാക്കുകൾ കേട്ടിട്ടു
ള്ളവരോടു ചോദിക്കുക. ഞാൻ പറഞ്ഞിട്ടുള്ളത്
അവർക്കറിയാം." യേശു മറുപടി നല്കി.
22യേശു ഇതു പറഞ്ഞപ്പോൾ അടുത്തുണ്ടാ
യിരുന്ന ഉദ്യോഗസ്ഥന്മാരിൽ ഒരാൾ,
"മഹാപുരോഹിതനോട് ഇങ്ങനെയോ ഉത്തരം
പറയുന്നത്?" എന്നു ചോദിച്ച് അദ്ദേഹത്തിൻെറ
മുഖത്ത് അടിച്ചു.
23"ഞാൻ തെറ്റായി എന്തെങ്കിലും
പറഞ്ഞെങ്കിൽ അതു തെളിയിക്കുക; ഞാൻ
പറഞ്ഞതു സത്യമെങ്കിൽ നിങ്ങൾ എന്നെ
അടിച്ചതെന്തിന്? എന്ന് യേശു ചോദിച്ചു.
24പിന്നീട് ഹന്നാവ് യേശുവിനെ ബന്ധിച്ച
നിലയിൽ മഹാപുരോഹിതനായ കയ്യഫാവിൻെറ
അടുത്തേക്ക് അയച്ചു.

*പത്രൊസ് വീണ്ടും തള്ളിപ്പറയുന്നു*

25ശിമോൻ പത്രൊസ് തീ കാഞ്ഞുകൊണ്ടു
നില്ക്കുമ്പോൾ, "നിങ്ങൾ അയാളുടെ
ശിഷ്യന്മാരിൽ ഒരുവനല്ലേ?" എന്ന് ചിലർ
അയാളോടു ചോദിച്ചു.

"അല്ല" അയാൾ പിന്നെയും നിഷേധിച്ചു.

26മഹാപുരോഹിതൻെറ ദാസന്മാരിൽ
ഒരുവനും പത്രൊസ് കാതറുത്തവൻെറ ബന്ധു
വുമായ ഒരാൾ പത്രൊസിനോട്, "ഞാൻ നിങ്ങളെ
അയാളുടെ കൂടെ തോട്ടത്തിൽവച്ചു കണ്ടല്ലോ?"
എന്നു പറഞ്ഞു.
27പത്രൊസ് പിന്നെയും അതു നിഷേധിച്ചു.
ആ നിമിഷം കോഴി കൂവി.

*യേശു പീലാത്തോസിൻെറ മുമ്പിൽ*

28അനന്തരം പുലർച്ചയ്ക്കു യഹൂദർ
യേശുവിനെ കയ്യഫാവിൻെറ അടുക്കൽനിന്നു
റോമാൻ ദേശാധിപതിയുടെ അരമനയിലേക്കു
കൊണ്ടുപോയി. തങ്ങൾക്കു പെസഹാ
ഭക്ഷിക്കേണ്ടിയിരുന്നതിനാൽ അശുദ്ധി
ഒഴിവാക്കുവാൻ അവർ അരമനയിലേക്കു
കടന്നില്ല.
29അതിനാൽ പീലാത്തൊസ് പുറത്തേക്കു
വന്ന് അവരോട്, " ഈ മനുഷ്യൻെറ നേരെ
നിങ്ങൾ ബോധിപ്പിക്കുന്ന കുറ്റം എന്ത്?" എന്നു
ചോദിച്ചു.
30"കുറ്റവാളി അല്ലായിരുന്നെങ്കിൽ ഞങ്ങൾ
ഇയാളെ അങ്ങയുടെ പക്കൽ ഏല്പിക്കുക
യില്ലായിരുന്നു" അവർ ഉത്തരം പറഞ്ഞു.
31അതിനു പീലാത്തൊസ് " നിങ്ങൾ തന്നേ
അയാളെ കൊണ്ടുപോയി നിങ്ങളുടെ
ന്യായപ്രമാണം അനുസരിച്ചു വിധിച്ചു കൊൾക"
എന്നു പറഞ്ഞു.

"മരണശിക്ഷ നല്കാനുള്ള അധികാരം
ഞങ്ങൾക്കില്ലല്ലോ" അവർ പറഞ്ഞു. 32തൻെറ
മരണം ഏതുവിധത്തിലാണ് എന്നതിനെപ്പറ്റി
യേശു പറഞ്ഞ വാക്കുകൾ നിറവേറുന്നതിന്
ഇതു സംഭവിച്ചു.
33പീലാത്തൊസ് അരമനയ്ക്കുള്ളിലേക്കു
തിരികെപ്പോയി യേശുവിനെ വിളിപ്പിച്ച്
അദ്ദേഹത്തോട്, " നീ യഹൂദരുടെ രാജാവോ?"
എന്നു ചോദിച്ചു.
34"ഇതു താങ്കളുടെ അഭിപ്രായമോ?" യേശു
ചോദിച്ചു "അതോ മറ്റുള്ളവർ താങ്കളോടു
പറഞ്ഞതാണോ?"
35" ഞാൻ ഒരു യഹൂദനോ?" പീലാത്തൊസ്
ചോദിച്ചു "നിൻെറ ജനങ്ങളും മുഖ്യപുരോ
ഹിതന്മാരുമാണ് നിന്നെ എൻെറ പക്കൽ
ഏല്പിച്ചത്. നീ എന്തു കുറ്റമാണ് ചെയ്തത്?"
36"എൻെറ രാജ്യം ഐഹികമല്ല" യേശു
ഉത്തരം പറഞ്ഞു "അങ്ങനെയെങ്കിൽ യഹൂദർ
എന്നെ പിടിക്കാതിരിക്കാൻ എൻെറ ഭൃത്യന്മാർ
പോരാടുമായിരുന്നു. എന്നാൽ എൻെറ രാജ്യം
ഐഹികമല്ല."
37"അപ്പോൾ നീ ഒരു രാജാവു തന്നേയോ?"
പീലാത്തൊസ് ചോദിച്ചു.

"ഞാൻ ഒരു രാജാവെന്നു താങ്കൾ പറഞ്ഞതു
ശരിതന്നേ. വാസ്തവത്തിൽ, സത്യത്തിനു
സാക്ഷ്യം വഹിക്കാനാണു ഞാൻ ജനിച്ചതും

ലോകത്തിലേക്കു വന്നതും. സത്യത്തിൻെറ പക്ഷത്തുള്ളവൻ എൻെറ വാക്കു കേൾക്കുന്നു" എന്ന് യേശു മറുപടി പറഞ്ഞു.
38"എന്താണ് സത്യം?" പീലാത്തൊസ് ചോദിച്ചു. പിന്നെ അദ്ദേഹം യഹൂദരുടെ അടുക്കൽ ചെന്ന്, "അയാളിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല. 39പെസഹാ പെരുന്നാളിൽ ഒരു തടവുകാരനെ നിങ്ങൾക്കു വിട്ടു തരുന്ന പതിവുണ്ടല്ലോ. 'യഹൂദരുടെ രാജാവിനെ' ഞാൻ വിട്ടയക്കട്ടെയോ?" എന്നു പറഞ്ഞു.
40"വേണ്ടാ, ഇയാളെ വേണ്ടാ, ബറ ബ്ബാസിനെ ഞങ്ങൾക്കു വിട്ടുതരിക." എന്ന് അവർ ഉച്ചത്തിൽ ആർത്തു. ബറബ്ബാസോ ഒരു കവർച്ചക്കാരനായിരുന്നു.

*യേശുവിനെ ക്രൂശിക്കുവാൻ വിധിക്കുന്നു*

19 അനന്തരം പീലാത്തൊസ് യേശുവിനെകൊണ്ടുപോയി ചമ്മട്ടി കൊണ്ട് അടിപ്പിച്ചു. 2പടയാളികൾ ഒരു മുൾക്കിരീടം മെടഞ്ഞുണ്ടാക്കി അദ്ദേഹത്തിൻെറ ശിരസ്സിൽ വച്ചു. 3പിന്നീടുകടുംചുവപ്പു നിറമുള്ള ഒരു അങ്കി ധരിപ്പിച്ചു. "യഹൂദരുടെ രാജാവേ, ജയ! ജയ!" എന്നു പറഞ്ഞു കൈകൊണ്ട് യേശുവിൻെറ മുഖത്ത് അടിച്ചു.
4പീലാത്തൊസ് പിന്നെയും പുറത്തുവന്നു യഹൂദരോടു പറഞ്ഞു: "നോക്കൂ ഞാനയാളിൽ ഒരു കുറ്റവും കാണുന്നില്ല. അതു നിങ്ങൾ അറിയേണ്ടതിന് ഇതാ ഞാൻ അയാളെ നിങ്ങളുടെ അടുക്കൽ പുറത്തു കൊണ്ടുവരുന്നു."
5യേശു മുൾക്കിരീടവും ചുവന്ന അങ്കിയും ധരിച്ചു പുറത്തുവന്നപ്പോൾ പീലാത്തൊസ് അവരോട്, "ഇതാ ആ മനുഷ്യൻ" എന്നു പറഞ്ഞു.
6മുഖ്യപുരോഹിതന്മാരും അവരുടെ സേവകരും യേശുവിനെ കണ്ടപ്പോൾ "ക്രൂശിക്ക, ക്രൂശിക്ക" എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. പീലാത്തൊസ് അവരോട്, "നിങ്ങൾ തന്നേ ഇയാളെ കൊണ്ടുപോയി ക്രൂശിക്കുക. ഞാൻ ഇയാളിൽ ഒരു കുറ്റവും കാണുന്നില്ല" എന്നു പറഞ്ഞു.
7യഹൂദർ പറഞ്ഞു: "ഞങ്ങൾക്കൊരു ന്യായപ്രമാണമുണ്ട്. ദൈവപുത്രൻ എന്നു സ്വയം അവകാശപ്പെടുകയാൽ ആ ന്യായപ്രമാണം അനുസരിച്ച് ഇയാൾ മരണയോഗ്യനാണ്."
8ഇതു കേട്ടപ്പോൾ പീലാത്തൊസ് അധികം ഭയപ്പെട്ടു.
9അയാൾ കൊട്ടാരത്തിനുള്ളിലേക്കു ചെന്ന് യേശുവിനോടു ചോദിച്ചു: " നിങ്ങൾ എവിടെ നിന്നുള്ളവനാണ്?" 10എന്നാൽ യേശു അയാളോടു മറുപടിയൊന്നും പറഞ്ഞില്ല. പീലാത്തൊസ് വീണ്ടും ചോദിച്ചു: " നിങ്ങൾ എന്നോടു സംസാരിക്കാത്തതെന്ത്? നിങ്ങളെ മോചിപ്പിക്കുവാനും ക്രൂശിക്കുവാനും എനിക്കധികാരമുണ്ടെന്ന് അറിയുന്നില്ലേ?"
11അതിന് യേശു ഉത്തരം പറഞ്ഞു: "മുകളിൽ നിന്നും നല്കപ്പെട്ടില്ലായിരുന്നുവെങ്കിൽ താങ്കൾക്ക് എൻെറ മേൽ ഒരധികാരവും ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ട് എന്നെ താങ്കളുടെ പക്കൽ ഏല്പിച്ചുതന്നവനാണു കൂടുതൽ പാപം ഉള്ളത്."
12അപ്പോൾ മുതൽ യേശുവിനെ വിട്ടയയ്ക്കുവാൻ പീലാത്തൊസ് ശ്രമിച്ചു. എന്നാൽ യഹൂദർ, "ഈ മനുഷ്യനെ വിട്ടയച്ചാൽ, അങ്ങ് കൈസരുടെ സ്നേഹിതനല്ല. തന്നെത്താൻ രാജാവാക്കുന്നവൻ കൈസരോട് എതിർക്കുന്നു" എന്നു ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.
13ഇതുകേട്ടപ്പോൾ, പീലാത്തൊസ് യേശുവിനെ പുറത്തുകൊണ്ടുവന്നു; പിന്നെ, അരാമ്യഭാഷയിൽ ഗബ്ബഥാ എന്നു പേരുള്ളതും കല്ത്തളം എന്നറിയപ്പെടുന്നതുമായ സ്ഥലത്തുവന്നു ന്യായാസനത്തിൽ ഇരുന്നു.
14അപ്പോൾ പെസഹ ആഴ്ചയിലെ ഒരുക്കദിവസം ഏകദേശം പന്ത്രണ്ടു മണി ആയിരുന്നു.
പീലാത്തൊസ് യഹൂദരോട്: " ഇതാ നിങ്ങളുടെ രാജാവ് "എന്നു പറഞ്ഞു.
15എന്നാൽ അവർ: "അവനെ കൊണ്ടു പോകുക, കൊണ്ടുപോകുക, അവനെ ക്രൂശിക്കുക" എന്നിങ്ങനെ ഉറക്കെ വിളിച്ചു പറഞ്ഞു.
"നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമോ?" പീലാത്തൊസ് ചോദിച്ചു.
"ഞങ്ങൾക്കു കൈസരല്ലാതെ മറ്റൊരു രാജാവില്ല." മുഖ്യപുരോഹിതന്മാർ ഉത്തരം പറഞ്ഞു.
16ഒടുവിൽ പീലാത്തൊസ് യേശുവിനെ ക്രൂശിക്കുവാൻ അവർക്ക് ഏല്പിച്ചു കൊടുത്തു.

*ക്രൂശീകരണം*

പടയാളികൾ യേശുവിനെ ഏറ്റുവാങ്ങി.
17യേശു തൻെറ ക്രൂശു ചുമന്നുകൊണ്ട്, അരാമ്യഭാഷയിൽ ഗൊല്ഗൊഥാ എന്നറിയപ്പെടുന്ന, തലയോടിടം എന്ന സ്ഥലത്തേക്കു പോയി.
18അവിടെ അവർ യേശുവിനെ മധ്യത്തിലും വേറെ രണ്ടുപേരെ ഇരുവശങ്ങളിലുമായി ക്രൂശിച്ചു.
19പീലാത്തൊസ് ഒരു മേലെഴുത്ത് എഴുതി ക്രൂശിൽ പതിപ്പിച്ചു. അത് "നസറായനായ യേശു, യഹൂദരുടെ രാജാവ് എന്നായിരുന്നു. 20യേശുവിനെ ക്രൂശിച്ച സ്ഥലം നഗരത്തിനു സമീപമായിരുന്നതുകൊണ്ടും ആ മേലെഴുത്ത് അരാമ്യ, ലത്തീൻ, ഗ്രീക്കു ഭാഷകളിൽ എഴുതിയിരുന്നതു

കൊണ്ടും യഹൂദരിൽ പലരും അതു വായിച്ചു.

21ഇതിൽ പ്രതിഷേധിച്ചു യഹൂദരുടെ മുഖ്യപുരോഹിതന്മാർ പീലാത്തോസിനോട്, 'യഹൂദരുടെ രാജാവ് ' എന്ന് എഴുതരുത്, 'യഹൂദരുടെ രാജാവ് ഞാനാണ്' എന്ന് ഈ മനുഷ്യൻ അവകാശപ്പെട്ടു എന്നാണ് എഴുതേണ്ടത്" എന്നു പറഞ്ഞു.

22"ഞാൻ എഴുതിയത് എഴുതി" പീലാത്തോസ് പറഞ്ഞു.

23യേശുവിനെ ക്രൂശിച്ചതിനുശേഷം പടയാളികൾ അദ്ദേഹത്തിൻെറ വസ്ത്രങ്ങൾ, ഓരോ പടയാളിക്കും ഓരോ ഭാഗം ലഭിക്കത്തക്ക വണ്ണം നാലായി ഭാഗിച്ചു; മേലങ്കി അവർ ഭാഗിച്ചില്ല; അതു തുന്നൽ ഇല്ലാതെ മേൽതൊട്ട് അടിവരെ നെയ്തതായിരുന്നു. 24"ഇതു നാം കീറരുത്. ആർക്കു കിട്ടുമെന്ന് നറുക്കിട്ടു തീരുമാനിക്കാം" അവർ തമ്മിൽ പറഞ്ഞു.

"എൻെറ വസ്ത്രങ്ങൾ
അവർ വീതിച്ചെടുത്തു.
എൻെറ അങ്കിക്കായി ചീട്ടിട്ടു" [a]

എന്നുള്ള തിരുവെഴുത്തു നിറവേറുന്നതിന് ഇതു സംഭവിച്ചു; അതുകൊണ്ടു പടയാളികൾ ഇങ്ങനെയെല്ലാം ചെയ്തു.

25ക്രൂശിനരികെ യേശുവിൻെറ അമ്മയും അമ്മയുടെ സഹോദരിയും ക്ളെയോപ്പാവിൻെറ ഭാര്യ മറിയയും മഗ്ദലക്കാരി മറിയയും നിന്നിരുന്നു.

26അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുക്കൽ നില്ക്കുന്നതുകണ്ടിട്ട് യേശു അമ്മയോട്, " സ്ത്രീയേ, ഇതാ നിൻെറ മകൻ" എന്നും 27ശിഷ്യനോട്, "ഇതാ നിൻെറ അമ്മ" എന്നും പറഞ്ഞു. ആ സമയംമുതൽ ആ ശിഷ്യൻ അവരെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.

*യേശുവിൻെറ മരണം*

28അതിനുശേഷം, സകലവും പൂർത്തിയായിരിക്കുന്നു എന്നറിഞ്ഞ്, തിരുവെഴുത്തു നിറവേറുന്നതിന് യേശു, "എനിക്കു ദാഹിക്കുന്നു" എന്നു പറഞ്ഞു.

29അവിടെ പുളിച്ച വീഞ്ഞു നിറച്ച ഒരു പാത്രം വച്ചിട്ടുണ്ടായിരുന്നു. അവർ ഒരു സ്പോഞ്ച് അതിൽ മുക്കി ഈസോപ്പു ചെടിയുടെ തണ്ടിന്മേലാക്കി ഉയർത്തി യേശുവിൻെറ വായോടടുപ്പിച്ചു.

30അതു കുടിച്ചശേഷം യേശു "എല്ലാം പൂർത്തിയായി" എന്നു പറഞ്ഞു തല ചായ്ച്ചു തൻെറ ആത്മാവിനെ ഏല്പിച്ചു കൊടുത്തു.

31അന്ന് ഒരുക്കദിവസവും പിറ്റേന്ന് ഒരു വിശേഷശബ്ബത്തും ആയിരുന്നു. ശബ്ബത്തിൽ ശവശരീരങ്ങൾ ക്രൂശിൽ കിടക്കുന്നത് ഒഴിവാക്കുന്നതിന് അവരുടെ കാലുകൾ ഒടിപ്പിച്ചു ശരീരങ്ങൾ താഴെ ഇറക്കണമെന്ന് യഹൂദർ പീലാത്തോസിനോട് അപേക്ഷിച്ചു.

32അതുകൊണ്ടു പടയാളികൾ വന്ന്, യേശുവിനോടു കൂടെ ക്രൂശിക്കപ്പെട്ടവരിൽ ഒന്നാമൻെറയും പിന്നെ മറ്റവൻെറയും കാലുകൾ ഒടിച്ചു. 33അവർ യേശുവിൻെറ അടുക്കൽ വന്നപ്പോൾ അദ്ദേഹം മരിച്ചു കഴിഞ്ഞു എന്നു മനസ്സിലാക്കിയിട്ടു കാലുകൾ ഒടിച്ചില്ല. 34എങ്കിലും പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് യേശുവിൻെറ പാർശ്വത്തിൽ കുത്തി. ഉടനേ രക്തവും വെള്ളവും പുറത്തേക്ക് ഒഴുകി. 35ഇതു കണ്ട ആൾ സാക്ഷ്യം പറഞ്ഞിരിക്കുന്നു; അവൻെറ സാക്ഷ്യം സത്യം തന്നേ; താൻ പറയുന്നതു സത്യം എന്ന് അവൻ അറിയുന്നു; നിങ്ങളും വിശ്വസിക്കേണ്ടതിനാണ് അവൻ ഇതു സാക്ഷ്യപ്പെടുത്തുന്നത്. 36"അവൻെറ അസ്ഥികളിൽ ഒന്നും ഒടിഞ്ഞുപോവുകയില്ല"[b] എന്നുള്ള തിരുവെഴുത്തു നിറവേറുന്നതിന് ഇതൊക്കെയും സംഭവിച്ചു. 37"തങ്ങൾ കുത്തിയവങ്കലേക്ക് അവർ നോക്കും"[c] എന്നു മറ്റൊരു തിരുവെഴുത്തും പറയുന്നു.

*യേശുവിൻെറ ശവസംസ്കാരം*

38അതിനുശേഷം, യഹൂദരോടുള്ള ഭയം നിമിത്തം രഹസ്യശിഷ്യനായിക്കഴിഞ്ഞിരുന്ന അരിമത്യയിലെ യോസേഫ് പീലാത്തോസിനോട് യേശുവിൻെറ ശരീരത്തിനുവേണ്ടി അപേക്ഷിച്ചു. പീലാത്തോസിൻെറ അനുവാദത്തോടെ അയാൾ വന്നു ശരീരം എടുത്തു. 39മുമ്പൊരിക്കൽ യേശുവിനെ രാത്രിയിൽ സന്ദർശിച്ച നിക്കോദേമൊസും അയാളുടെകൂടെ ഉണ്ടായിരുന്നു. നിക്കോദേമൊസ് ഏകദേശം മുപ്പത്തിനാലു കിലോഗ്രാം മൂറും അകിലും കൊണ്ടുള്ള സുഗന്ധമിശ്രിതം കൊണ്ടുവന്നു. 40 ഇരുവരുംകൂടി യേശുവിൻെറ ശരീരം എടുത്തു യഹൂദരുടെ ശവസംസ്കാര സമ്പ്രദായം അനുസരിച്ച് ആ മിശ്രിതം പുരട്ടി ലിനൻ കച്ചകളിൽ പൊതിഞ്ഞു. 41യേശുവിനെ ക്രൂശിച്ച സ്ഥലത്ത് ഒരു തോട്ടവും ആ തോട്ടത്തിൽ, ആരെയും മുമ്പൊരിക്കലും അടക്കിയിട്ടില്ലാത്ത ഒരു കല്ലറയും ഉണ്ടായിരുന്നു. 42അന്ന് യഹൂദരുടെ ഒരുക്കനാൾ ആയിരുന്നതിനാലും ആ കല്ലറ സമീപത്തായിരുന്നതിനാലും അവർ യേശുവിനെ അവിടെ സംസ്കരിച്ചു.

*ഒഴിഞ്ഞ കല്ലറ*

20 ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ, ഇരുട്ടുള്ളപ്പോൾ തന്നേ, മഗ്ദലക്കാരി മറിയ കല്ലറയുടെ സമീപം വന്നു, വാതിൽക്കൽ നിന്ന് കല്ലു നീക്കിയിരിക്കു

[a] 24 സങ്കീർത്തനം 22:18 [b] 36 പുറപ്പാട് 12:46 ; സംഖ്യ 9:12; സങ്കീർത്തനം 34:20
[c] 37 സെഖര്യാവ് 12:10

ന്നതുകണ്ടു. 2അവൾ ഓടി ശിമോൻ പത്രോസി
ൻെറയും യേശു സ്നേഹിച്ച മറ്റേ ശിഷ്യൻെറയും
അടുത്തെത്തി അവരോടു: "അവർ കർത്താവിനെ കല്ലറയിൽനിന്ന് എടുത്തുകൊണ്ടുപോയി, എവിടെ വച്ചിരിക്കുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞു കൂടാ" എന്നു പറഞ്ഞു.

3പത്രോസും മറ്റേ ശിഷ്യനും കല്ലറയുടെ
അടുത്തേയ്ക്കു പുറപ്പെട്ടു; രണ്ടുപേരും ഒരുമിച്ച്
ഓടി. 4മറ്റേ ശിഷ്യൻ പത്രോസിനേക്കാൾ വേഗം
ഓടി കല്ലറയുടെ അടുത്ത് ആദ്യം എത്തി.
5അയാൾ കുനിഞ്ഞ് അകത്തേക്കു നോക്കി,
ലിനൻ കച്ചകൾ കിടക്കുന്നതു കണ്ടു; എന്നാൽ
ഉള്ളിൽ കടന്നില്ല. 6അയാളുടെ പിന്നാലെ വന്ന
ശിമോൻ പത്രോസ് കല്ലറയുടെ അകത്തുകടന്നു.
7കച്ചകളും യേശുവിൻെറ ശിരസ്സിൽ ചുറ്റിയിരുന്ന
വസ്ത്രവും അയാൾ കണ്ടു. ശിരോവസ്ത്രം മടക്കി
കച്ചകളിൽ നിന്നു മാറ്റിയാണു വച്ചിരുന്നത്.
8കല്ലറയുടെ അടുത്ത് ആദ്യം എത്തിയ മറ്റേ
ശിഷ്യനും അപ്പോൾ അകത്തു ചെന്നു. അയാൾ
കണ്ടു വിശ്വസിച്ചു. 9യേശു മരിച്ചവരിൽ നിന്ന്
ഉയിർത്തെഴുന്നേല്ക്കേണ്ടതാകുന്നു എന്ന തിരുവെഴുത്ത് അപ്പോഴും അവർ ഗ്രഹിച്ചിരുന്നില്ല.

*യേശു മഗ്ദലക്കാരി മറിയയ്ക്കു പ്രത്യക്ഷപ്പെടുന്നു*

10പിന്നെ ശിഷ്യന്മാർ അവരുടെ വീടുക
ളിലേക്കു മടങ്ങി. 11എന്നാൽ മറിയ കല്ലറയ്ക്കു
പുറത്തു കരഞ്ഞുകൊണ്ടുനിന്നു. അവൾ
കരയുന്നതിനിടയിൽ കുനിഞ്ഞു കല്ലറയുടെ
ഉള്ളിലേക്കു നോക്കി. 12യേശുവിൻെറ ശരീരം
വച്ചിരുന്ന സ്ഥലത്തു വെള്ള വസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ, തലയ്ക്കലും കാല്ക്കലുമായി ഇരിക്കുന്നത് അവൾ കണ്ടു.

13അവർ അവളോട്: "സ്ത്രീയേ നീ എന്തിനു കരയുന്നു?" എന്നു ചോദിച്ചു.

"അവർ എൻെറ കർത്താവിനെ എടുത്തു കൊണ്ടുപോയിരിക്കുന്നു" അവൾ പറഞ്ഞു,
"എവിടെയാണു വച്ചിരിക്കുന്നതെന്ന് എനിക്കറി
ഞ്ഞുകൂടാ." 14അതു പറഞ്ഞിട്ട് അവൾ തിരി
ഞ്ഞുനോക്കിയപ്പോൾ യേശു നില്ക്കുന്നതു കണ്ടു; എന്നാൽ അത് യേശുവാണെന്ന് അറിഞ്ഞില്ല.

15"സ്ത്രീയേ, നീ എന്തിനു കരയുന്നു? ആരെയാണ് അന്വേഷിക്കുന്നത്?" യേശു ചോദിച്ചു.

അതു തോട്ടക്കാരനായിരിക്കും എന്നു കരുതി അവൾ പറഞ്ഞു: " യജമാനനേ, അങ്ങ് അദ്ദേഹത്തെ എടുത്തു കൊണ്ടുപോയെങ്കിൽ എവിടെ വച്ചിരിക്കുന്നു എന്നു പറഞ്ഞുതരിക, ഞാൻ ചെന്ന് എടുത്തു കൊണ്ടുപൊയ്ക്കൊള്ളാം."

16യേശു അവളെ "മറിയേ" എന്നു വിളിച്ചു.
അവൾ അദ്ദേഹത്തിൻെറ നേർക്കു തിരിഞ്ഞ്
അരാമ്യഭാഷയിൽ "റബ്ബൂനീ" എന്നു ഉറക്കെ
വിളിച്ചു ഗുരു എന്നാണ് അതിനർത്ഥം. 17യേശു
അവളോടു പറഞ്ഞു: "എന്നെ പിടിക്കരുത്;
എൻെറ പിതാവിൻെറ അടുക്കലേക്കു ഞാൻ
ഇതുവരെ കയറിപ്പോയിട്ടില്ല. എൻെറ സഹോദര
ന്മാരുടെ അടുത്തു ചെന്ന് എൻെറ പിതാവും
നിങ്ങളുടെ പിതാവും എൻെറ ദൈവവും
നിങ്ങളുടെ ദൈവവും ആയവൻെറ അടുത്തേക്കു
ഞാൻ കയറിപ്പോകുന്നു എന്നു പറയുക"
18മഗ്ദലക്കാരി മറിയ "ഞാൻ കർത്താവിനെ
കണ്ടിരിക്കുന്നു" എന്ന വാർത്തയുമായി ശിഷ്യന്മാരുടെ അടുത്തെത്തി. അവിടുന്നു തന്നോടു പറഞ്ഞ കാര്യങ്ങൾ അവൾ അവരോടു പറഞ്ഞു.

*യേശു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നു*

19ആഴ്ചയുടെ ഒന്നാം ദിവസമായ അന്നു
വൈകുന്നേരം ശിഷ്യന്മാർ യഹൂദരെ പേടിച്ചു
കതകടച്ച് അകത്തു ഒരുമിച്ചിരിക്കുമ്പോൾ യേശു
വന്ന് അവരുടെ നടുവിൽ നിന്നുകൊണ്ട്
"നിങ്ങൾക്കു സമാധാനം" എന്നു പറഞ്ഞു. 20ഇതു
പറഞ്ഞതിനുശേഷം അവിടുന്നു തൻെറ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ടപ്പോൾ ശിഷ്യന്മാർ അത്യധികം സന്തോഷിച്ചു.

21യേശു പിന്നെയും അവരോടു പറഞ്ഞു:
"നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ
അയച്ചതുപോലെ ഞാനും നിങ്ങളെ
അയയ്ക്കുന്നു." 22ഇതു പറഞ്ഞുകൊണ്ട്
അവിടുന്ന് അവരുടെമേൽ ഊതി; "പരിശുദ്ധാ
ത്മാവിനെ സ്വീകരിക്കുക. 23നിങ്ങൾ ആരുടെ
യെങ്കിലും പാപങ്ങൾ ക്ഷമിച്ചാൽ അവ ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ അവ ക്ഷമിക്കപ്പെടാതിരിക്കും " എന്നു പറഞ്ഞു.

*യേശു തോമാസിനും പ്രത്യക്ഷപ്പെടുന്നു*

24യേശു വന്നപ്പോൾ, പന്തിരുവരിൽ ഒരുവനും
ദിദിമൊസ് എന്നു പേരുള്ളവനുമായ തോമാസ്
ശിഷ്യന്മാരുടെ കൂടെ ഉണ്ടായിരുന്നില്ല. 25മറ്റേ
ശിഷ്യന്മാർ അയാളോട്, "ഞങ്ങൾ കർത്താവിനെ കണ്ടു" എന്നു പറഞ്ഞപ്പോൾ അയാൾ: "ഞാൻ അദ്ദേഹത്തിൻെറ കൈകളിലെ ആണിപ്പാടുകൾ കാണുകയും ആണിപ്പഴുതുകളിലും പാർശ്വത്തിലും കൈവച്ചുനോക്കുകയും ചെയ്തിട്ടല്ലാതെ ഇതു വിശ്വസിക്കുകയില്ല" എന്നു പറഞ്ഞു.

26എട്ടു ദിവസത്തിനുശേഷം, അദ്ദേഹ
ത്തിൻെറ ശിഷ്യന്മാർ വീട്ടിൽ കൂടിയിരിക്കുമ്പോൾ
തോമാസും അവരോടുകൂടെ ഉണ്ടായിരുന്നു.
കതകുകൾ പൂട്ടിയിരുന്നെങ്കിലും യേശു വന്ന്
അവരുടെ മധ്യത്തിൽ നിന്നുകൊണ്ട് "നിങ്ങൾക്കു
സമാധാനം" എന്നു പറഞ്ഞു. 27പിന്നെ അവിടുന്ന്

തോമാസിനോടു, "നിൻെറ വിരൽ ഇവിടെ ഇടുക;
എൻെറ കൈകൾ കാണുക. നിൻെറ കൈ നീട്ടി
എൻെറ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസി
യാകാതെ വിശ്വാസിയായിരിക്കുക" എന്നു
പറഞ്ഞു.
28തോമാസ് അദ്ദേഹത്തോട്; "എൻെറ
കർത്താവും എൻെറ ദൈവവുമേ" എന്നു
പറഞ്ഞു.
29അപ്പോൾ യേശു: "നീ എന്നെ കണ്ടതു
കൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ
ഭാഗ്യവാൻമാർ" എന്നു പറഞ്ഞു.
30ഈ പുസ്തകത്തിൽ രേഖപ്പെടുത്തി
യിട്ടില്ലാത്ത മറ്റനേകം അടയാളങ്ങളും, തൻെറ
ശിഷ്യന്മാരുടെ സാന്നിധ്യത്തിൽ യേശു പ്രവർ
ത്തിച്ചു. 31എന്നാൽ യേശു ദൈവപുത്രനായ
ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും
വിശ്വസിച്ച് അവിടുത്തെ നാമത്തിൽ ജീവൻ
പ്രാപിക്കേണ്ടതിനുമായി ഇവ എഴുത
പ്പെട്ടിരിക്കുന്നു.

*യേശുവും*
*അത്ഭുതകരമായ മീൻപിടുത്തവും*

21 അതിനുശേഷം തിബ്ബെര്യാസ്
കടലിൻെറ[a] തീരത്തുവച്ച് യേശു ശിഷ്യ
ന്മാർക്കു വീണ്ടും പ്രത്യക്ഷനായി. അത് ഇപ്രകാരം
ആയിരുന്നു: 2ശിമോൻ പത്രൊസും ദിദിമൊസ്
എന്നു പേരുള്ള തോമാസും ഗലീലയിലെ
കാനായിൽനിന്നുള്ള നഥനയേലും സെബെദിപു
ത്രന്മാരും വേറേ രണ്ടു ശിഷ്യന്മാരും ഒരുമിച്ചി
രിക്കുകയായിരുന്നു. 3"ഞാൻ മീൻ പിടിക്കാൻ
പോകുന്നു" ശിമോൻ പത്രൊസ് പറഞ്ഞു.
"ഞങ്ങളും പോരുന്നു" എന്ന് അവർ മറുപടി
പറഞ്ഞു. അങ്ങനെ അവർ പോയി വഞ്ചിയിൽ
ക്കയറി. എന്നാൽ ആ രാത്രിയിൽ ഒന്നും പിടിച്ചില്ല.
4അതിരാവിലെ, യേശു കടൽക്കരയിൽ നിന്നു.
അത് യേശുവാണെന്ന് ശിഷ്യന്മാർ അറിഞ്ഞില്ല.
5യേശു അവരോടു വിളിച്ചുചോദിച്ചു:
"കുഞ്ഞുങ്ങളേ, മീൻ വല്ലതും ഉണ്ടോ?"
"ഇല്ല" അവർ മറുപടി പറഞ്ഞു.
6"വഞ്ചിയുടെ വലതുവശത്തു വല ഇറക്കുക,
അപ്പോൾ നിങ്ങൾക്കു കിട്ടും" അവിടുന്നു
പറഞ്ഞു. അവർ അങ്ങനെ ചെയ്തു. വളരെയേറെ
മീൻ ഉണ്ടായിരുന്നതിനാൽ വല വലിച്ചു കയറ്റാൻ
അവർക്കു കഴിഞ്ഞില്ല. 7യേശു സ്നേഹിച്ച
ശിഷ്യൻ പത്രൊസിനോട്, "അതു കർത്താ
വാകുന്നു" എന്നു പറഞ്ഞു. അതുകേട്ട ഉടനേ
പത്രൊസ്, താൻ നഗ്നനായിരുന്നതിനാൽ
പുറംകുപ്പായം അരയിൽ ചുറ്റി വെള്ളത്തിൽ ചാടി.
8മറ്റേ ശിഷ്യന്മാർ മീൻ നിറഞ്ഞ വല
വലിച്ചുകൊണ്ട് വഞ്ചിയിൽ പിന്നാലെ ചെന്നു.
അവർ കരയിൽ നിന്ന് അധികം ദൂരത്തല്ലാതെ,
ഏതാണ്ടു നൂറു വാര[b] മാത്രം അകലെ ആയി
രുന്നു. 9കരയ്ക്ക് ഇറങ്ങിയപ്പോൾ അവിടെ
തീക്കനലുകൾ കൂട്ടി അതിന്മേൽ മീൻ
വച്ചിരിക്കുന്നതും കുറെ അപ്പവും കണ്ടു.
10യേശു അവരോടു പറഞ്ഞു: "ഇപ്പോൾ പിടിച്ച
കുറേ മീൻ കൊണ്ടുവരുവിൻ." 11ശിമോൻ
പത്രൊസ് വഞ്ചിയിൽ കയറി നൂറ്റിയമ്പത്തിമൂന്ന്
വലിയ മീൻ ഉണ്ടായിരുന്ന വല കരയ്ക്കുവലിച്ചു
കയറ്റി. അത്രയേറെ മീൻ ഉണ്ടായിരുന്നിട്ടും വല
കീറിയില്ല.
12യേശു അവരോട്: "വന്നു പ്രാതൽ
കഴിച്ചുകൊള്ളുവിൻ" എന്നു പറഞ്ഞു.
ശിഷ്യന്മാരിൽ ആരും അദ്ദേഹത്തോട്, "അങ്ങ്
ആരാണ്?" എന്നു ചോദിക്കുവാൻ തുനിഞ്ഞില്ല;
അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു.
13യേശു വന്ന് അപ്പം എടുത്ത് അവർക്കു
കൊടുത്തു; അതുപോലെ മീനും. 14മരിച്ചവരിൽ
നിന്ന് ഉയിർപ്പിക്കപ്പെട്ടതിനു ശേഷം യേശു
ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടത് ഇതു
മൂന്നാംതവണ ആയിരുന്നു.

*യേശു പത്രൊസിനെ*
*യഥാസ്ഥാനപ്പെടുത്തുന്നു*

15പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ
പത്രൊസിനോട്, " യോഹന്നാൻെറ മകനായ
ശിമോനേ, ഇവരെക്കാൾ അധികമായി നീ എന്നെ
സ്നേഹിക്കുന്നുവോ?" എന്നു ചോദിച്ചു. "ഉവ്വ്,
കർത്താവേ, എനിക്ക് അങ്ങയോടു
പ്രിയമുണ്ടെന്ന് അങ്ങ് അറിയുന്നുവല്ലോ?"
പത്രൊസ് പറഞ്ഞു.
"എൻെറ കുഞ്ഞാടുകളെ മേയിക്കുക" യേശു
പറഞ്ഞു. 16യേശു വീണ്ടും, "യോഹന്നാൻെറ
മകനായ ശിമോനേ, നീ വാസ്തവമായി എന്നെ
സ്നേഹിക്കുന്നുവോ?" എന്നു ചോദിച്ചു. അതിന്
അയാൾ "ഉവ്വ്, എനിക്ക് അങ്ങയോടു
പ്രിയമുണ്ടെന്ന് അവിടുന്ന് അറിയുന്നുവല്ലോ?"
എന്നു ഉത്തരം പറഞ്ഞു.

"എൻെറ ആടുകളെ പരിപാലിക്കുക" യേശു
പറഞ്ഞു.
17മൂന്നാം തവണയും യേശു അയാളോട് :
"യോഹന്നാൻെറ മകനായ ശിമോനെ, നിനക്ക്
എന്നോടു പ്രിയമുണ്ടോ?" എന്നു ചോദിച്ചു.
"നിനക്ക് എന്നോടു പ്രിയമുണ്ടോ?" എന്നു
മൂന്നാമതും ചോദിച്ചതിനാൽ പത്രൊസിൻെറ
ഉള്ളം നൊന്തു. അയാൾ പറഞ്ഞു: "കർത്താവേ
അവിടുന്നു സകലവും അറിയുന്നു; എനിക്കു
അങ്ങയോടു പ്രിയമുണ്ടെന്നും അങ്ങ്
അറിയുന്നുവല്ലോ."

[a] 1 അതായത്, ഗലീലക്കടൽ [b] 8 ഗ്രീക്കിൽ, *ഏകദേശം ഇരുനൂറു ക്യുബിറ്റ്* ( ഏകദേശം 90 മീറ്റർ )

യേശു അയാളോടു പറഞ്ഞു: "എന്റെ ആടു
കളെ മേയിക്കുക. 18സത്യമായി, സത്യമായി
ഞാൻ നിന്നോടു പറയുന്നു. നീ യുവാവായി
രുന്നപ്പോൾ സ്വയം വസ്ത്രം ധരിച്ച് ഇഷ്ടമുള്ളേട
ത്തേക്കു നടന്നു. വൃദ്ധനാകുമ്പോൾ നീ കൈനീട്ടു
കയും മറ്റാരെങ്കിലും നിന്നെ വസ്ത്രം ധരിപ്പിച്ചു
നിനക്കു പോകാൻ ഇഷ്ടമില്ലാത്ത സ്ഥലത്തേ
ക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും."

19ഏതു വിധത്തിലുള്ള മരണത്താൽ
പത്രൊസ് ദൈവത്തെ മഹത്ത്വപ്പെടുത്തും
എന്നു സൂചിപ്പിച്ചായിരുന്നു യേശു ഇതു
പറഞ്ഞത്. പിന്നെ യേശു അയാളോട്: "എന്നെ
അനുഗമിക്കുക"എന്നു പറഞ്ഞു. 20പത്രൊസ്
തിരിഞ്ഞു നോക്കി. യേശു സ്നേഹിച്ച ശിഷ്യൻ
പിന്നാലെ വരുന്നതു കണ്ടു. അത്താഴസമയത്ത്
യേശുവിന്റെ മാറിൽ ചാരിക്കൊണ്ട്,
"കർത്താവേ, അങ്ങയെ ഒറ്റിക്കൊടുക്കുന്നത്
ആരാണ്?" എന്നു ചോദിച്ചത് ഇയാൾ തന്നേ.
21അയാളെ കണ്ടിട്ടു പത്രൊസ്, "കർത്താവേ,
ഇവന്റെ കാര്യം എന്താകും?" എന്നു ചോദിച്ചു.

22അതിന് യേശു: "ഞാൻ മടങ്ങി വരുന്നതു
വരെയും ഇവൻ ജീവിച്ചിരിക്കണം എന്നു ഞാൻ
ആഗ്രഹിക്കുന്നുവെങ്കിൽ അതിനു നിനക്ക്
എന്ത്? നീ എന്നെ അനുഗമിക്കുക" എന്നു
പറഞ്ഞു. 23ഇതു നിമിത്തം, ആ ശിഷ്യൻ
മരിക്കുകയില്ല എന്നൊരു സംസാരം സഹോദര
ന്മാരുടെ ഇടയിൽ പരന്നു. എന്നാൽ അയാൾ
മരിക്കുകയില്ല എന്ന് യേശു പറഞ്ഞില്ല;
അവിടുന്നു പറഞ്ഞത്, "ഞാൻ മടങ്ങിവരുന്ന
തുവരെ അവൻ ജീവിച്ചിരിക്കണമെന്നു ഞാൻ
ആഗ്രഹിക്കുന്നുവെങ്കിൽ അതിനു നിനക്ക്
എന്ത്?" എന്നു മാത്രം ആയിരുന്നു.

24ഈ ശിഷ്യൻ തന്നെയാണ് ഈ
കാര്യങ്ങൾക്കു സാക്ഷ്യം വഹിക്കുന്നതും ഇവ
എഴുതിയതും. അവന്റെ സാക്ഷ്യം സത്യമെന്നു
ഞങ്ങൾ അറിയുന്നു.

25ഇവ കൂടാതെ മറ്റ് അനേക കാര്യങ്ങളും യേശു
ചെയ്തു. അവ ഓരോന്നും എഴുതിയാൽ എഴു
തിയ പുസ്തകങ്ങൾ ലോകത്തിൽ തന്നേയും
ഒതുങ്ങുകയില്ല എന്നു ഞാൻ കരുതുന്നു.